www.malankaralibrary.com

പെരുന്തോട്ടം പിതാവ് | ഇറ്റലിയിലെ ഡീക്കന്മാർ | വനിതാ ഡീക്കന്മാർ | ചരിത്രം

# കാരുണികൻ

Vol. 8 No.06 June 2011

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക




## വിവാഹിതരായ ഡീക്കന്മാർ

www.malankaralibrary.com



ഡീക്കൻ ശുശ്രൂഷയാണ് ഇത്തവണത്തെ പ്രമേയം. സഭയുടെ ആദിമ പാരമ്പര്യങ്ങളിൽ ഒന്നാണ് ഡീക്കൻ പദവി. പിന്നീടത് പാശ്ചാത്യ സഭയിൽ അന്യം നിന്നുപോയി - തനതായ ഒരു ശുശ്രൂഷ എന്ന നിലയിൽ. തത്സമയത്ത് പൗരസ്ത്യസഭകളിൽ ഈ ശുശ്രൂഷ സജീവ മായിരുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലാണ് ഈ ശുശ്രൂഷയെ പാശ്ചാത്യസഭയിൽ പുനഃസ്ഥാ പിച്ചത്. എന്നിട്ടും കേരളസഭയിൽ അതിന്റെ അനുരണനങ്ങൾ ഒന്നും കണ്ടിരുന്നില്ല. സ്ഥിര ഡീക്കൻപദവി പുനഃസ്ഥാപിക്കാനുള്ള തീരു മാനം ആദ്യമായി എടുത്തിരിക്കുന്നത് ചങ്ങ നാശ്ശേരി അതിരൂപതയാണ്. ഏറ്റവും ശ്ലാഘ നീയമായ തീരുമാനമാണിത്. ഈ പശ്ചാത്തല ത്തിൽ ഡീക്കൻ ശുശ്രൂഷയുടെ വിവിധ വശ ങ്ങളിലേക്കാണ് ഈ ലക്കം കാരുണികൻ വെളി ച്ചം വീശുന്നത്.

കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com



കാരുണികൻ
പുസ്തകം എട്ട് ലക്കം ആറ്
2011 ജൂൺ

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
ജാസ്മിൻ ജേക്കബ്

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് കുഴിയടിച്ചിറ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## വിശ്വാസസമൂഹത്തിന്റെ നന്മക്ക്

ഒരു പള്ളി. പുതിയ വികാരിയച്ചൻ സ്ഥലം മാറി വന്നതിനുശേഷമുള്ള ആദ്യത്തെ പൊതുയോഗം. എല്ലാവർക്കും അച്ചനെക്കുറിച്ച് നല്ലതേ പറയാനുള്ളൂ. നല്ല കുർബാന; നല്ല പ്രസംഗം; നല്ല പ്രാർത്ഥന; എല്ലാവരോടും സ്നേഹത്തോടെയുള്ള പെരുമാറ്റം. ഏതു രീതിയിൽ നോക്കിയാലും നല്ല വികാരിയച്ചൻ. ആർക്കും രണ്ടഭിപ്രായമില്ലായിരുന്നു. എന്നിട്ടും ആദ്യപൊതുയോഗം തന്നെ അലമ്പായി. കാരണം പൊതുയോഗത്തിനിടെ ഒരാൾ ആരോപണവുമായി എഴുന്നേറ്റു– അച്ചൻ പള്ളിയുടെ പറമ്പും, ദേഹണ്ഡവും, മരാമത്തുപണികളും ശ്രദ്ധിക്കുന്നില്ലെന്ന്. പിന്നെ അതിനെക്കുറിച്ചായി വാദപ്രതിവാദം. അങ്ങനെയാണ് പൊതുയോഗം കോലാഹലത്തിൽ പര്യവസാനിച്ചത്.

“പന്ത്രണ്ടുപേർ ശിഷ്യരുടെ സമൂഹത്തെ ഒന്നിച്ചുകൂട്ടിപ്പറഞ്ഞു; ഞങ്ങൾ ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണ മേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങളിൽ നിന്നു കണ്ടുപിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏൽപ്പിക്കാം. ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം”. സ്തേഫാനോസും കൂട്ടരുമെന്ന ഏഴു ഡീക്കന്മാരുടെ തിരഞ്ഞെടുപ്പിനെയും നിയോഗത്തെയും കുറിച്ച് നടപടി പുസ്തകം തരുന്ന വിവരണമാണിത്.

സെമിനാരിയിലെ പ്രഗത്ഭനായൊരു വിദ്യാർത്ഥി. ബുദ്ധിമാൻ,

www.malankaralibrary.com

തീക്ഷ്ണമതി. പഠനത്തിലും നേതൃത്വഗുണത്തിലും മുമ്പൻ. സത്സ്വഭാവി. അതു കൊണ്ടുതന്നെ സെമിനാരിയിൽ എല്ലാവർക്കും വേണ്ടപ്പെട്ടവനായിരുന്ന കഥാപാത്രം. പൗരോഹിത്യത്തെക്കുറിച്ചും അജപാലന ശുശ്രൂഷയെക്കുറിച്ചും തീക്ഷ്ണമായ സ്വപ്നങ്ങൾ അയാൾ വച്ചുപുലർത്തിയിരുന്നു. ആദ്യത്തെ നിയമനം തന്നെ നഗര ത്തിലെ വലിയൊരു പള്ളിയിലേക്ക്. ചുമതലയേറ്റതിന്റെ പത്താംനാൾ കൊച്ചച്ചൻ ഗുരുവിനെ വിളിച്ചു: "ഞാൻ എന്തായിത്തീരരുതെന്ന് ആഗ്രഹിച്ചുവോ അതായി ഞാൻ മാറിക്കൊണ്ടിരി ക്കുന്നു - വെറുമൊരു Cultic priest". പിന്നീട് അദ്ദേഹമത് വിശദീകരിച്ചു. രാവിലെ എഴുന്നേറ്റ് പള്ളിയിൽ എത്തിയാലുടൻ കുമ്പസാരത്തിന്റെ നിര, പിന്നെ കുർബാന, അതുകഴിഞ്ഞാൽ സിമിത്തേരിയിൽ നിർത്താതെയുള്ള ഒപ്പീസിന്റെ നിര. പിന്നെ ഓഫീസിൽ ഔദ്യോഗിക കാഴ്ചക്കാരുടെ തിരക്ക്. വൈകുന്നേരം വാർഡു പ്രാർത്ഥനകൾ...

തിരുസ്സഭയെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിൽ ഡിക്രിയായ ജനതകളുടെ പ്രകാശം പറയുന്നു. "ലിറ്റർജിയുടെയും ദൈവവചനത്തിന്റെയും ജീവകാരുണ്യ പ്രവർത്തനത്തിന്റെയും ശുശ്രൂഷയിൽ ഡീക്കന്മാർ പങ്കുപറ്റുന്നു (LG 29)".

അവർക്കായി കൗൺസിൽ നിർദ്ദേശിച്ചു നൽകുന്ന ശുശ്രൂഷകൾ ശ്രദ്ധിക്കണം- മാമ്മോദീസ പരികർമ്മം ചെയ്യുക, ദിവ്യകാരുണ്യത്തിന്റെ സൂക്ഷിപ്പും വിതരണവും നടത്തുക, വിവാഹം ആശീർവദിക്കുക, തിരുപ്പാഥേയം നൽകുക, ദൈവജനത്തിന് ദൈവവചനം വായിച്ചു കൊടുക്കുക, പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കുക, കൂദാ ശാനുകരണങ്ങൾ നടത്തുക, സംസ്ക്കാരശുശ്രൂഷ നടത്തുക, ജീവകാരുണ്യ പ്രവർത്ത നങ്ങൾക്ക് നേതൃത്വം കൊടുക്കുക, ഭൗതികമായ ഭരണനിർവഹണം നടത്തുക (LG 29). (പ്രധാനമായും ലത്തീൻ സഭയെ ലക്ഷ്യമാക്കുന്നതാണ് ഈ നിർദ്ദേശങ്ങളുടെ വിശദാം ശങ്ങൾ).

കുറേക്കാലം മുമ്പുനടന്ന ഒരു ചർച്ച. വൈദികരും മെത്രാൻമാരും പങ്കെടുത്തിരുന്നു. പെന്തക്കോസ്റ്റൽ സെക്ടുകളിലേക്കുള്ള വിശ്വാസികളുടെ ഒഴുക്കിനെക്കുറിച്ചായിരുന്നു ചർച്ച. ചർച്ച മൂത്തപ്പോൾ ഒരാൾ നിർദ്ദേശിച്ചു: "അവർ വിശ്വാസികളെ ആകർഷിക്കു ന്നതിന് ഉപയോഗിക്കുന്ന മാർഗ്ഗം ഭവന സന്ദർശനവും വീട്ടിലെ പ്രാർത്ഥനയുമാണ്. ഈ രണ്ടുരംഗത്തും നാം പിന്നോട്ടുപോയിട്ടില്ലേയെന്ന് ചിന്തിക്കണം". രണ്ടും ശക്തി പ്പെടുത്തുകയാണ് നമ്മുടെ കടമയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രണ്ടായിരം മൂവാ യിരം കുടുംബങ്ങളുള്ള ഇടവകകളിൽ പതിവായി ഭവനസന്ദർശനം വികാരിയച്ചന് അസാധ്യമാണെന്ന് മറ്റൊരാൾ ചൂണ്ടിക്കാട്ടി!

മുകളിൽ പറഞ്ഞ മൂന്നു സംഭവങ്ങളും മൂന്നു വ്യത്യസ്തമായ അജപാലന പ്രശ്നങ്ങ ളെയാണ് പുറത്തുകൊണ്ടുവരുന്നത് - ഒന്ന്, വൈദികർ ഭൗതിക കാര്യങ്ങളുടെ നട ത്തിപ്പിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്; രണ്ട്, അനുഷ്ഠാന പ്രധാനമായ പൂജാ വിധികളുടെ അമിതഭാരം; മൂന്ന്, ഇടവകയുടെ വലിപ്പം നിമിത്തം അജപാലന ശുശ്രൂഷ ക്കുണ്ടാകുന്ന തടസ്സം.

മൂന്നിനുമുള്ള പരിഹാരമായി ബൈബിളും സഭാപാരമ്പര്യവും, സഭാപഠനവും (LG) നിർദ്ദേശിക്കുന്ന പരിഹാരമാണ്- സ്ഥിരം ഡീക്കൻ പദവിയുടെ പുനഃസ്ഥാപനം.

www.malankaralibrary.com

സ്ഥിരം ഡീക്കൻ ശുശ്രൂഷ അത്യാവശ്യമാണെന്ന് അജപാലന രംഗം വിളിച്ചുപറയുന്നു; ഇത് അനുവദനീയമാണെന്നും പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും കത്തോലിക്കാ തിരുസഭ കൽപ്പിക്കുന്നു. തുടങ്ങാമെന്ന് നമ്മുടെ സഭാ സിനഡുകളും തീരുമാനിച്ചിരിക്കുന്നു. എന്നിട്ടും നമ്മൾ എന്തേ മടിച്ചു നിൽക്കുന്നു?

സ്ഥിരം ഡീക്കൻ പദവി പുനഃസ്ഥാപിക്കാനും ഈ ശുശ്രൂഷ തുടങ്ങാനുമായി ധീരമായ കാൽവെയ്പ്പുകൾ എടുക്കുന്നവരെ സമൂഹം അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഇതിനൊരു പാർശ്വഫലമുണ്ട്. വിവാഹവും സഭാഹയരാർക്കിയുമായൊരു അസ്പർശ്യത ചരിത്രത്തിലെന്നോ കത്തോലിക്കാ സഭയിൽ കടന്നുകൂടിയിരുന്നു. പടിഞ്ഞാറൻ സഭയിലാണ് അതിന് തുടക്കമെങ്കിലും, ചില കിഴക്കൻ സഭകളിലേക്കും പിന്നീടത് പടർന്നുകയറി. മെത്രാനും, പുരോഹിതനും, ഡീക്കനുമാണല്ലോ ഹയരാർക്കിയുടെ മൂന്നു ഗണം. സ്ഥിരം ഡീക്കൻ പദവി പുനഃസ്ഥാപിക്കുന്നതിലൂടെ വിവാഹിതരായ ഡീക്കന്മാർ ഹയരാർക്കിയുടെ ഭാഗമായിത്തീരുകയാണ്; മുമ്പു പറഞ്ഞ അസ്പർശ്യത അതോടെ അവസാനിക്കുകയും.

ഇനിയും നമ്മൾ അഭിസംബോധന ചെയ്യാത്ത ഒരു വിഷയത്തിലേക്കു കൂടി വിരൽ ചൂണ്ടിയിട്ട് ഈ ചെറു വിചിന്തനം അവസാനിപ്പിക്കാം. സഭാവിശ്വാസികളിൽ പകുതിയോളം സ്ത്രീകളാണ്. സജീവ സഭാവിശ്വാസികളുടെ കാര്യമെടുത്താൽ പകുതി മുക്കാലും സ്ത്രീകൾ തന്നെയാണെന്ന് നിസ്സംശയം പറയാം. എന്നിരിക്കെ സഭയുടെ നേതൃത്വ ശുശ്രൂഷയിൽ സ്ത്രീ പ്രാതിനിധ്യം എത്രമാത്രമുണ്ട്? നേതൃത്വശുശ്രൂഷയെ പൗരോഹിത്യശുശ്രൂഷയിലേക്കു മാത്രം പരിമിതിപ്പെടുത്തിക്കൊണ്ടല്ല നാമിവിടെ സംസാരിക്കുന്നത്. സഭാജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ള നേതൃത്വ ശുശ്രൂഷയിലേക്ക് സ്ത്രീകളെ പ്രോത്സാഹിപ്പിക്കാതെ സ്ത്രീ വിശ്വാസികളുടെ ആവശ്യങ്ങളെ ഫലപ്രദമായി അഭിസംബോധന ചെയ്യാൻ സഭാസമൂഹത്തിനു കഴിയുമോ?

ആദിമസഭയിലെ വനിതാ ഡീക്കന്മാരുടെ സാന്നിധ്യവും ശുശ്രൂഷകളും പണ്ഡിതരുടെയിടയിൽ ചർച്ചയുടേയും തർക്കത്തിന്റെയും വിഷയം തന്നെയാണ്. ഒരു കാര്യം ആരും സമ്മതിക്കും– സഭാ സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന സ്ത്രീകളുടെ ആത്മീയവും മതപരവുമായ ആവശ്യങ്ങളെ ഫലപ്രദമായി മനസ്സിലാക്കാനും ക്രിയാത്മകമായി അഭിസംബോധന ചെയ്യാനും വനിതാ ശുശ്രൂഷകർക്ക് മെച്ചപ്പെട്ട നിലയിൽ സാധിക്കും. അതിനുള്ള സാധ്യതകളിലേക്ക് ദൈവാത്മാവ് സഭാസമൂഹത്തെ നയിക്കുമെന്ന് പ്രത്യാശിക്കാം.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


10

## ദൈവകൃപയുടെ നിയോഗം

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ശിഷ്യരിൽ ഒരുവന്റെ ഭാവുകാശംസ.

12


## സ്ഥിരം ഡീക്കന്മാർ ആവശ്യകതയും ദൗത്യവും

സ്ഥിരം ഡീക്കൻ പട്ടത്തെക്കുറിച്ചും അവരുടെ അജപാലന ദൗത്യങ്ങളെക്കുറിച്ചും അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവുമായുള്ള അഭിമുഖം.

17

## ഡീക്കൻ ശുശ്രൂഷയുടെ ചരിത്രം

സഭയുടെ ആദിമ പാരമ്പര്യങ്ങളിൽ ഒന്നാണ് ഡീക്കൻ പദവിയും ഡീക്കൻ പട്ടക്കാരും. ഇതിന്റെ വളർച്ചയുടെയും തിരോധാനത്തിന്റെയും; പിന്നീട് വന്ന പുനരുദ്ധാരണത്തിന്റെയും ചരിത്രത്തിലേക്ക്. വിശകലനം ചെയ്യുന്നത് ഡോ. ജെയിംസ് പുലിയുറുമ്പിൽ




22

21

## ഡീക്കന്മാർ: അജപാലന സാധ്യതകൾ

ഡീക്കൻ ശുശ്രൂഷയുടെ ദൈവശാസ്ത്രമാനങ്ങൾ എന്തൊക്കെയാണ്? ഇതിന്റെ അജപാലനാസാധ്യതകൾ ഏവയാണ്? പ്രശസ്ത ദൈവശാസ്ത്രജ്ഞനായ ഡോ. ജേക്കബ് പറപ്പള്ളിയുടെ വിശദമായ ഒരന്വേഷണം

26

## നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു

2005 മുതൽ ഇറ്റലിയിലെ മിലാൻ രൂപതയിൽ ഡീക്കനായ സീസർ ബിഡിനൊറ്റൊയുമായി കാരുണികന്റെ സഹപത്രാധിപർ ജി.കടൂപ്പാറയിൽ നടത്തുന്ന അഭിമുഖം.

www.malankaralibrary.com


03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ

39 കഥാനിരൂപണം

41 കവിതാനിരൂപണം

46 അന്ത്യവിധി




13



27


32

## ഡീക്കന്മാർ മലങ്കര സഭയിൽ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സ്ഥിര ശെമ്മാശന്മാരുടെ പരിശീലനത്തിനും ശുശ്രൂഷാ നിർവ്വഹണത്തിനുമായി തയ്യാറാക്കിയിരിക്കുന്ന ക്രമീകരണങ്ങളെക്കുറിച്ച് മലങ്കര കത്തോലിക്കാ സഭയുടെ കൂരിയാ മെത്രാൻ മോസ്റ്റ് റവ. തോമസ് മാർ അന്തോണിയോസ് എഴുതുന്നു.

36

## ശുശ്രൂഷകൾ സ്വയം സേവയാകുമ്പോൾ

സേവനമേഖലകൾ സ്വയംസേവക്കുള്ള വഴിയാക്കി മാറ്റാനുള്ള പ്രലോഭനം എവിടെയുമുണ്ട്. സഭാശുശ്രൂഷമേഖലകളിലും ഇതു സംഭവിക്കാം. അപ്പോൾ ജനം ശുശ്രൂഷകർക്ക് ഒരു ശല്യമായിത്തീരും. ആത്മവിമർശനത്തിനു പ്രേരിപ്പിക്കുന്ന വിചിന്തനം ഡോ. മാത്യു ഇല്ലത്തുപറമ്പിലിന്റെ പ്രതികരിക്കുന്ന വിശ്വാസത്തിൽ.

29

## വനിതാ ഡീക്കന്മാർ

സ്ത്രീകൾക്ക് ഡീക്കൻപട്ടം കൊടുക്കാമോ? ഈ കാര്യത്തിൽ സഭാചരിത്രവും പാരമ്പര്യവും എന്ത് പറയുന്നു? ഡോ. ജോർജ്ജ് തേറുകാട്ടിൽ നടത്തുന്ന വിശകലനം.

43

## തൂക്കിലേറ്റാൻ വിധിക്കപ്പെട്ടയാൾക്ക് രോഗീലേപനം നൽകാമോ?

വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന ഒരാൾക്ക് രോഗീലേപനം എന്ന കൂദാശ നൽകാമോ? ഇത്തരം സാഹചര്യങ്ങളിൽ ഈ കൂദാശ നൽകാൻ സഭാ നിയമം അനുവദിക്കുന്നുണ്ടോ? മറുപടി പറയുന്നത് കാനൻ നിയമ വിദഗ്ദൻ ഡോ. ജോസ് ചിറമേൽ.

www.malankaralibrary.com

# പ്രതികരണങ്ങൾ




ജനുവരി ലക്കം കാരുണികനോടുള്ള വായനക്കാരുടെ പ്രതികരണം അസാധാരണമാം വിധം കൂടുതലായിരുന്നു. സാധിക്കുന്നിടത്തോളം പ്രതികരണങ്ങൾ ഉൾപ്പെടുത്തി ക്രിയാത്മകമായൊരു സംവാദത്തിലേക്ക് വിഷയത്തെ നയിക്കാനാണ് ഞങ്ങളുടെ ശ്രമം. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ ഏറ്റുപറയുന്നു.

**പത്രാധിപർ**

## അഴിമതിയുടെ ഞെട്ടിക്കുന്ന മുഖം

സമൂഹത്തെ സംരക്ഷിക്കേണ്ട സ്ഥാപനങ്ങൾ തന്നെ സമൂഹത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും പുറത്തുവരുന്ന അഴിമതിയുടെ വാർത്തകൾ അതാണ് വെളിവാക്കുന്നത്. ദരിദ്രർക്കുവേണ്ടിയും നീതിക്കുവേണ്ടിയും വാദിക്കുന്ന മാർക്സിസ്റ്റുപാർട്ടി തന്നെ ഒടുവിലത്തെ ഉദാഹരണം. അവർ ഭരിക്കുന്ന പരിയാരം മെഡിക്കൽ കോളേജിൽ വരെ അഴിമതിയുടെ വൻശൃംഖലയാണ്.

രാഷ്ട്രീയപാർട്ടികളെ ഒന്നിനെയും വിശ്വസിക്കാൻ വയ്യാത്ത അവസ്ഥ വന്നിരിക്കുന്നു. കേന്ദ്രത്തിലെ അഴിമതി രഹസ്യങ്ങളുടെ പുതിയ പുതിയ കഥകളാണ് പുറത്തുവരുന്നത്.

അഴിമതിക്കെതിരെ പടനയിക്കുന്ന യോഗാചാര്യൻ ബാബാ രാംദേവ് തന്നെ അഴിമതിപണത്തിന്റെ നടുവിലാണിരിക്കുന്നതെന്ന്! എന്തൊരു നാടകമാണ് ഈ നാട്ടിൽ നടക്കുന്നത്! സാധാരണക്കാർ ഇനി ആരെ വിശ്വസിക്കും? ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന പൊതുജനത്തിന് ഭ്രാന്തുപിടിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. ചങ്ങലകൾക്ക് ഭ്രാന്തുപിടിച്ചുവെന്ന് കാരുണികൻ പറയുന്നു. എന്നാൽ, നമ്മളെല്ലാം ഭ്രാന്തിന് അടിമകളായിത്തീരുമെന്നാണ് എന്റെ ഭയം.


**സിജോ ജോസഫ്,**
അടിമാലി

## സഭക്കുള്ളിൽ ജനലോകപാൽ

കാരുണികനിലെ അഭിമുഖത്തിന് അഭിനന്ദനങ്ങൾ. അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ കാഴ്ചപ്പാടുകൾ വായിച്ചപ്പോൾ സന്തോഷം തോന്നി. പിന്നീട് അദ്ദേഹം മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അതിലുമധികം സന്തോഷമായി. കാരണം വിശാല വീക്ഷണവും സമഗ്രദർശനവും കൊണ്ട് സഭക്കു മാത്രമല്ല, പൊതുസമൂഹത്തിനാകമാനം നേതൃത്വം നൽകാൻ പിതാവിന് കഴിയും.

അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധയിൽ അടിയന്തിരമായി വരേണ്ട കാര്യമാണ് കാരുണികന്റെ കഴിഞ്ഞ എഡിറ്റോറിയലിൽ പരാമർശിച്ചിരിക്കുന്നത്. സഭക്കുള്ളിൽ ഒരു ജനലോകപാൽ വേണമെന്ന ആവശ്യം.

സഭയുടെ ശത്രുക്കൾ സഭക്കെതിരെ ആരോപിക്കുന്ന ഏറ്റവും വലിയ പഴിയാണ് നമ്മുടെ സ്ഥാപനങ്ങളിൽ രഹസ്യമായും അന്യായമായും വാങ്ങുന്ന പണം. എല്ലാവരും ഈ തെറ്റ് ചെയ്യുന്നില്ലെങ്കിലും കേരളത്തിൽ പലയിടത്തും ഈ തെറ്റു നടക്കുന്നുണ്ട്. തെളിവുകൾ തരാൻ അൽമായരായ ഞങ്ങൾ തയ്യാറാണ്. അഭിവന്ദ്യ



www.malankaralibrary.com

പിതാവ് നടപടിക്കും തിരുത്തലിനും തയ്യാറാണെങ്കിൽ എത്ര തെളിവുകൾ വേണമെങ്കിലും ഹാജരാക്കാം.

സ്വാശ്രയ സ്കൂളുകളാണ് അന്യായമായി പണം വാങ്ങുന്ന ഒരു രംഗം. അതിനുപുറമേ എയിഡഡ് സ്കൂളുകളിലും ഇത് നടക്കുന്നുണ്ട്; കോളേജുകളിലും. ഇതിനെല്ലാം പുറമേയാണ് പ്രൊഫഷണൽ കോളേജുകളിൽ. നേഴ്സറി സ്കൂൾ മുതൽ കോളേജുവരെ ഇതു നടപ്പിലിരിക്കുന്നു. സഭയുടെ സ്ഥാപനങ്ങളിൽ തന്നെ. രൂപതകളുടെ സ്ഥാപനങ്ങളിൽ ഇതു കുറവായിരിക്കാം. സന്യാസികളുടെയും കന്യാസ്ത്രീകളുടെയും സ്ഥാപനങ്ങളിൽ ഈ തിന്മ ഏറെയാണ്. എല്ലാവരും ചെയ്യുന്നെന്നല്ല. ചെയ്യുന്നവർ കേരളത്തിൽ ഏറെയുണ്ട്. അതിനാൽ അഭിവന്ദ്യപിതാവ് ഇതിനൊരു പരിഹാരമുണ്ടാക്കണം.

ഈ കാര്യത്തിൽ വർക്കി പിതാവ് നിർത്തിയിടത്തുനിന്ന് ആലഞ്ചേരി പിതാവ് തുടങ്ങണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. വർക്കിപിതാവ് കർശനമായ ഉപദേശം നൽകി. അത് നടപ്പിലാക്കാനും, മോനിട്ടർ ചെയ്യാനും ഒരു സ്ഥിരം സംവിധാനം ഇവിടെ ഉണ്ടാക്കണം. ഒരു ജനലോകപാൽ. പരാതിയുള്ള ആർക്കും പരാതി സമർപ്പിക്കാൻ പറ്റണം. അവർ അന്വേഷിച്ച് സഭാപരമായ ശിക്ഷാനടപടി എടുക്കണം. ഇത്തരമൊരു സംവിധാനം ഇല്ലാതെ വന്നാൽ സഭയുടെ വിശ്വാസ്യത തന്നെ നഷ്ടപ്പെടുമെന്ന കാര്യം ഉറപ്പാണ്. സഭയുടെ ശത്രുക്കൾ മാത്രമല്ല, സഭാമക്കൾ തന്നെ സഭയിൽ നിന്ന് അകന്നുപോകും. അതിനാൽ അഭിവന്ദ്യ ആലഞ്ചേരി പിതാവ് വിദ്യാഭ്യാസ രംഗത്തെ കച്ചവട രീതി നിർത്തലാക്കാൻ ഒരു 'ജനലോകപാലി'ന് സഭക്കുള്ളിൽ രൂപം കൊടുക്കാൻ സന്മനസ്സു കാണിക്കണം. ആരെങ്കിലും ഈ പൂച്ചക്കു മണി കെട്ടണം. അല്ലെങ്കിൽ, പൂച്ച ഈ സമൂഹത്തെ മുഴുവൻ ഉന്മൂലനം ചെയ്യും; തീർച്ച.

**ബോബി ജോസഫ്,**
കോട്ടയം

## കാലത്തിന്റെ അടയാളങ്ങൾ

സിപ്രിയൻ അച്ചന്റെ ലേഖനം പതിവുപോലെ തന്നെ പ്രവാചകശബ്ദമായി മാറ്റൊലിക്കൊള്ളുന്നു. പണത്തിന്റെ ധാരാളിത്വവും അഴിമതിയും സഭയുടെ സ്ഥാപനങ്ങളെവരെ കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസ രംഗവും ആരോഗ്യപരിപാലന രംഗവും മാത്രമല്ല, മതാനുഷ്ഠാനരംഗവും പണക്കൊഴുപ്പിന്റെ പിടിയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുകയാണ്. അപകടസൂചനകൾ തിരിച്ചറിഞ്ഞ് സത്വര നടപടി സ്വീകരിക്കണമെന്നാണ് സിപ്രിയൻ അച്ചന്റെ ആഹ്വാനം.

സന്യാസസമൂഹങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണമാണ് അച്ചൻ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു വിപത്ത്. ഇതെല്ലാം പറയുമ്പോഴും സഭക്കുള്ളിലെ നന്മകളെ ഓർക്കാനും അംഗീകരിക്കാനും അച്ചൻ മടിക്കുന്നില്ലെന്നതാണ് ഏറ്റവും നല്ല കാര്യം. ഇനിയും ദീർഘനാൾ സഭയിലെ പ്രവചാകശബ്ദവും തിരുത്തൽ ശബ്ദവുമായി സിപ്രിയൻ അച്ചൻ തുടരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ബേബി ജോസഫ്,** കൂത്താട്ടുകുളം

## കഥയും കവിതയും

കാരുണികനിലെ പുതിയ രണ്ട് പംക്തികൾ അഭിനന്ദനമർഹിക്കുന്നു-കഥാനിരൂപണവും കവിതാനിരൂപണവും. കാരുണികൻ സ്ഥിരമായി പുലർത്തുന്ന തുറവിയുടെ അടയാളമായിട്ടാണ് ഇതിനെയും കാണാനാവുന്നത്. എല്ലാമാസത്തെയും നല്ല കഥകളെയും കവിതകളെയും പരിചയപ്പെടുത്തുന്നത് സാധാരണ വായനക്കാർക്കും ഇവയിൽ താല്പര്യമുള്ളവർക്കും ഏറേ ഉപകാരപ്രദമാണ്. അതിനാൽ ഈ രണ്ടു പംക്തികളും മുടങ്ങാതെ തുടരണമെന്നഭ്യർത്ഥിക്കുന്നു.

ഒരു നിർദ്ദേശം കൂടി വയ്ക്കട്ടെ. ഇപ്പോൾ രണ്ടു പംക്തികളും സ്ഥിരമായി രണ്ടുപേരാണ് എഴുതുന്നത്. അതിൽ തെറ്റില്ലതാനും. എന്നാലും ഇടക്കിടെ മാറിമാറി വേറെചില വ്യക്തികളെക്കൊണ്ടുകൂടി ഈ കോളങ്ങൾ എഴുതിച്ചാൽ നന്നായിരിക്കും. കാരണം കഥയുടെയും കവിതയുടെയും തിരഞ്ഞെടുപ്പിൽ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ സ്വാധീനിക്കുമല്ലോ. എനിക്ക് ഇഷ്ടമായത് അങ്ങേക്ക് ഇഷ്ടമാകണമെന്നില്ലല്ലോ? എങ്കിൽ മറ്റുചിലരെക്കൊണ്ടുകൂടി നിരൂപണകോളം എഴുതിക്കുമ്പോൾ കൂറേക്കൂടി വിശാലമായ തിരഞ്ഞെടുപ്പും വിലയിരുത്തലും വായനക്കാർക്കു ലഭിക്കും.

**ജോർജ്ജ് പി.ജെ.,**
വടുതല

www.malankaralibrary.com



# ദൈവകൃപയുടെ നിയോഗം

ഫാ. ടോമി കരിയിലക്കുളം എം.സി.ബി.എസ്
*ഡയറക്ടർ, ബൽ-എയർ ഹോസ്പിറ്റൽ, പാഞ്ചഗണി, മഹാരാഷ്ട്ര*

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിപ്പായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ശിഷ്യരിൽ ഒരുവന്റെ ഭാവുകാശംസ.**

ആലഞ്ചേരി പിതാവിന്റെ ദൈവശാസ്ത്ര ക്ലാസ്സുകളിലിരിക്കാൻ ഭാഗ്യം കിട്ടിയവരൊക്കെ ഓർക്കുന്ന ഒരു കാര്യം അദ്ദേഹത്തിന്റെ കൃപാവരത്തിന്റെ (Grace) ക്ലാസ്സുകളാണ്. "വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അത് നിങ്ങൾ നേടിയെടുത്തതല്ല. ദൈവത്തിന്റെ ദാനമാണ്. അത് പ്രവൃത്തികളുടെ ഫലമല്ല". പൗലോസ് ശ്ലീഹായുടെ എഫേസ്യാ ലേഖനം 2:8-9, ഉദ്ധരിച്ചുകൊണ്ടാണ് പിതാവ് തന്റെ 'Grace' ന്റെ ക്ലാസ്സുകൾ തുടങ്ങുക.

രക്ഷ, ദൈവവരപ്രസാദം എന്നീ ആശയങ്ങളെ മനോഹരമായി വിശദീകരിച്ചുകൊണ്ട് പിതാവു വളർത്തിയെടുക്കുന്ന ഒരു സന്ദേശമുണ്ട്. വിശ്വാസം വഴിയാണ് മനുഷ്യരക്ഷ സാധിക്കുന്നതെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് പ്രൊട്ടസ്റ്റന്റുകാർ പ്രവൃത്തികളെ തള്ളിപ്പറഞ്ഞപ്പോൾ കത്തോലിക്കാ സഭ പ്രതിരോധത്തിലായി. അവരപ്പോൾ രക്ഷയിൽ പ്രവർത്തിക്കുള്ള സ്ഥാനം ഉയർത്തിപ്പിടിച്ചു. 16-ാം നൂറ്റാണ്ടിലെ ഈ കത്തോലിക്ക പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്ര യുദ്ധത്തിന്റെ പശ്ചാത്തലം വിവരിച്ച്, പിതാവ് തന്റെ വിദ്യാർത്ഥികളിലേക്ക് മനോഹരമായി കൈമാറുന്ന സന്ദേശമിതായിരുന്നു- കത്തോലിക്കർക്ക് തെറ്റി; പ്രൊട്ടസ്റ്റന്റുകാർക്കും തെറ്റി. രക്ഷയുടെ ഉപാധി വിശ്വാസം മാത്രമല്ല; പ്രവൃത്തിയും മാത്രമല്ല. പിന്നെയോ, "വിശ്വാസം വഴിയുള്ള കൃപയാലാണ് നമ്മൾ രക്ഷിക്കപ്പെട്ടത്". ഇത് തന്റെ അഭിപ്രായമല്ലെന്നും ദൈവിക വെളിപാടിന്റെ മാറ്റാനാവാത്ത പ്രബോധനമാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ഒരു വാക്ക് പിതാവ് ഊന്നിപ്പറഞ്ഞിരുന്നത് ഇന്നും ഓർക്കുന്നു. നിങ്ങൾ "രക്ഷിക്കപ്പെട്ടു" എന്നാണ് വചനം പഠിപ്പിക്കുന്നത്. "രക്ഷിക്കപ്പെടുന്നത്" എന്നല്ല. എന്നിട്ടു പിതാവ് ചോദിക്കും- പെന്തക്കോസ്തുകാർ 'നിങ്ങൾ രക്ഷിക്കപ്പെട്ടോ?' എന്നു ചോദിക്കുമ്പോൾ കത്തോലിക്കർക്ക് അസ്വസ്ഥതയുണ്ടാവണമെങ്കിൽ അതു നമ്മുടെ കുഴപ്പമല്ലേ? 23 വർഷങ്ങൾക്കുമുൻപ് പിതാവിന്റെ ക്ലാസ്സുകളിൽ പങ്കെടുത്തതിന്റെ ഉജ്ജ്വലമായ അനുഭവം എന്റെ മനസ്സിൽ ഇന്നും പച്ച കെടാതെ നിൽക്കുന്നു.

പിതാവിന്റെ സ്ഥാനാരോഹണദിവസം ലോകമെമ്പാടുമുള്ള സീറോ മലബാർ ആരാധനാക്രമത്തിൽ വായിക്കപ്പെടാൻ വളരെ മുമ്പേ തയ്യാറാക്കപ്പെട്ട കലണ്ടറിൽ മൂന്നാം വായന പൗലോസിന്റെ എഫേസ്യ ലേഖനത്തിലെ പിതാവിന്റെ പ്രിയപ്പെട്ട ഭാഗമായിരുന്നുവെന്നത് (എഫേ 2:4-22) വെറും ആകസ്മികതയല്ല, ദൈവകൃപയുടെ മഹാനിയോഗമാണെന്ന് തോന്നിപ്പോകുകയാണ്. കരുണാസമ്പന്നനായ ദൈവം സീറോമലബാർ സഭയോടു കാണിച്ച മഹത്തായ സ്നേഹം തന്നെയല്ലേ ആലഞ്ചേരി പിതാവിനെ മഹാ ഇടയനായി നമുക്കു നൽകിയത്. ദൈവകൃപയുടെ അടയാളങ്ങൾ അവസാനിക്കുന്നില്ല. തെരഞ്ഞെടുപ്പിനു ശേഷം പിതാവ് ആദ്യം പറഞ്ഞത് സഭയുടെ ഐക്യമായിരിക്കും തന്റെ ഏറ്റവും വലിയ ലക്ഷ്യമെന്ന്. സ്ഥാനാരോഹണദിവസത്തിലെ കുർബാനയി

www.malankaralibrary.com



ലെ സുവിശേഷം യോഹന്നാൻ 17:21 ലെ തന്റെ ശിഷ്യന്മാർ ഒന്നായിരിക്കണമേ എന്ന ഈശോയുടെ പ്രാർത്ഥനയായതും ആകസ്മികമാണെന്ന് വിശ്വസിക്കാൻ കഴിയില്ല.

സീറോ മലബാർ സഭയുടെ ചരിത്രത്തിൽ ആദ്യമായി മഹായിടയൻ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ ഹൃദയം തൊട്ട ഒരു വ്യക്തിയെ ദൈവം സഭയ്ക്കു നൽകിയെ ന്നത് ദൈവകൃപയുടെ മഹാനി യോഗം തന്നെയല്ലേ?

പാശ്ചാത്യ സഭയുടെ തളർ ച്ചയ്ക്ക് ദൈവശാസ്ത്രത്തിന്റെയും ആരാധനാക്രമത്തിന്റെയു മൊക്കെ പാശ്ചാത്യരീതികൾക്കും ഒരു പരിധിവരെ പങ്കുണ്ടെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. പ്രത്യേകിച്ചും ത്രെന്തോ സൂനഹദോസ് ആരംഭിച്ച ബൗദ്ധിക വ്യാഖ്യാനത്തിന്റെ സ്വാധീനം ആരാധനക്രമത്തിന്റെയും ആ ദ്ധ്യാത്മികതയുടെയും മിസ്റ്റിക്കൽ ഭാവങ്ങളെ തളർത്തിയെന്ന് ഇവർ വാദിക്കുന്നു. ഈ ദൈവശാസ്ത്ര സ്വാധീനം സീറോ മലബാർ സഭയെയും നൂറ്റാണ്ടുകളായി സ്വാധീനിച്ചിരുന്നു എന്നത് യാഥാർത്ഥ്യം. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആഹ്വാന പ്രകാരം തനിമ പുനരുദ്ധരിക്കാനുള്ള പരിശ്രമങ്ങളിലെ വ്യത്യസ്ത വീക്ഷണങ്ങളാണ് സീറോ മലബാർ സഭയിലെ അനൈക്യത്തിനും വഴി മരുന്നിട്ടത്.

ആരാധനാക്രമത്തിലെ അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള കൊച്ചുകാര്യങ്ങളുടെ പേരിൽ കലഹിക്കുന്നതിനപ്പുറം പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ, അടിസ്ഥാനപരമായ ദർശനങ്ങളും വി.ഗ്രന്ഥത്തിന്റെ അർത്ഥപൂർണ്ണമായ വ്യാഖ്യാനങ്ങളും വഴി, ആദ്ധ്യാത്മികതയ്ക്കും, അജപാലനത്തിനും, മതബോധനത്തിനും, സഭാഭരണസംവിധാനത്തിനും, ഈശോയുടെ മനസ്സോടു ചേർന്നുനിൽക്കുന്ന മാനങ്ങൾ കൊടുക്കാൻ പ്രാപ്തനും പ്രഗത്ഭനുമായ ഒരു മഹായിടയനെ ദൈവം സീറോ മലബാർ സഭയ്ക്കു നൽകിയിരിക്കുന്നു. ഭാരത സഭയ്ക്കും, ആഗോള സഭയ്ക്കും സീറോ മലബാർ സഭ നിർണ്ണായകമായ സംഭാവനകൾ നൽകാൻ പോകുന്ന നല്ല നാളുകൾ വരാനിരിക്കുന്നു. ■

www.malankaralibrary.com



# സ്ഥിരം ഡീക്കന്മാർ ആവശ്യകതയും ദൗത്യവും

മാർ ജോസഫ് പെരുന്തോട്ടം / ഫാ. ജോബി മൂലയിൽ

ചങ്ങനാശ്ശേരി അതിരൂപത ജൂബിലി നിറവിലാണ്. ജൂബിലി വർഷത്തെ ഏറ്റം ശ്രദ്ധേയമായ ഒരു നടപടി സ്ഥിരം ഡീക്കന്മാരെ വാഴിക്കുന്നത് തന്നെയായിരിക്കും. സ്ഥിരം ഡീക്കൻ പട്ടത്തെക്കുറിച്ചും അവരുടെ അജപാലന ദൗത്യങ്ങളെക്കുറിച്ചും അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് മനസ്സ് തുറക്കുന്നു.

■ സ്ഥിരം ഡീക്കന്മാർ സഭയുടെ പുരാതന പാരമ്പര്യങ്ങളിൽ ഒന്നായിരുന്നു. അന്ന് അതിന് കാലികമായ കാരണങ്ങളും ഉണ്ടായിരുന്നു. ഇന്ന് ഇതിനുള്ള ചരിത്രപരവും ദൈവശാസ്ത്ര പരവുമായ ന്യായീകരണങ്ങൾ എന്തൊക്കെ യാണ്?

സഭയുടെ ഹയരാർക്കിയിൽ ഉൾപ്പെട്ട ഒരു വിഭാഗ മാണ് ഡീക്കന്മാർ. മെത്രാന്മാർ, വൈദികർ, മ്ശംശാന മാർ (ഡീക്കന്മാർ) ഇവരാണ് ഹയരാർക്കിയിലെ അംഗങ്ങൾ. സഭയുടെ ലിറ്റർജിയിൽ (വിശുദ്ധ കുർ ബാന) ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ആക യാൽ മെത്രാന്മാരോടും വൈദികരോടുമൊപ്പം സഭാ ശരീരത്തിലെ സവിശേഷാംഗങ്ങളാണ് ഡീക്കന്മാർ. ഡീക്കന്മാർക്ക് സഭയിലുള്ള സ്ഥാനവും പ്രസക്തി യുമാണിത് സൂചിപ്പിക്കുന്നത്.

ആദിമസഭയിൽ യവനക്രിസ്തീയ സമൂഹത്തിലെ വിധവകൾ അനുദിന ശുശ്രൂഷയിൽ അവഗ ണിക്കപ്പെടുന്നു എന്ന പരാതിക്ക് പരിഹാരമായിട്ടാണ്, വിധവകൾക്കു സംരക്ഷണം നൽകുക, ഭക്ഷണ മേശ യിൽ സേവനം ചെയ്യുക തുടങ്ങിയ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് ഏഴു ഡീക്കന്മാരെ തിരഞ്ഞെടുത്ത് നിയോഗിച്ചത്. തങ്ങ ളുടെ വിളിയുടെ മുഖ്യധർമ്മമായ പ്രാർത്ഥനയിലും (ലിറ്റർജി) വചനശുശ്രൂഷയിലും വീഴ്ചസംഭവിക്കാ തിരിക്കാനാണ് ശ്ലീഹന്മാർ മേൽപ്പറഞ്ഞ ശുശ്രൂഷ ഡീക്കന്മാരെ ഏൽപ്പിക്കാൻ തീരുമാനിച്ചത്.

ആദിമസഭയുടേതിനു സമാനമായ സ്ഥിതിവിശേ ഷം ഇന്നും നിലവിലുണ്ടെന്നാണ് ഞാൻ കരുതുന്നത്. നിരവധി സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് വൈദി കർ ഇന്ന് നേതൃത്വം നൽകുന്നുണ്ട്. വളരെയധികം

www.malankaralibrary.com



സമയം അവർ അതിന് ചെലവഴിക്കുകയും ചെയ്യുന്നു. തൽഫലമായി പ്രാർത്ഥനയ്ക്കും വചനശുശ്രൂഷയ്ക്കും വേണ്ടത്ര ഒരുങ്ങാനോ അവ ഫലപ്രദമായി നിർവ്വഹിക്കാനോ പലർക്കും സാധിക്കാതെ വരുന്നു. ദൈവവചനത്തിനും ശരിയായ പ്രാർത്ഥനാനുഭവത്തിനുമായി ദാഹിക്കുന്ന ദൈവജനത്തെ തൃപ്തിപ്പെടുത്താൻ സാധിക്കുന്ന വൈദികരുടെ അഭാവമുണ്ട്. ഇക്കാര്യത്തിൽ വൈദികർ വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ടുകൂടിയല്ലേ പല അല്മായരും ഈ രംഗത്തു കടന്നുവരുന്നതും, സഭയുടെ വിശ്വാസത്തിൽ ശരിയായ ശിക്ഷണം ലഭിക്കാത്ത ചിലരുടെ അബദ്ധപ്രബോധനം വഴി അനേകർ വഴിതെറ്റിപ്പോകാൻ ഇടയാകുന്നതും? ആകയാൽ ഇന്ന് വൈദികർ ചെയ്യുന്ന പല ശുശ്രൂഷകളും നല്ല പരിശീലനം ലഭിച്ച ഉത്തമരായ ഡീക്കന്മാരെ ചുമതലപ്പെടുത്തിയാൽ വൈദികർക്ക് തങ്ങളുടെ പൗരോഹിത്യധർമ്മം കൂടുതൽ ഒരുക്കത്തോടെയും ഫലപ്രദമായും ചെയ്യാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**■ സ്ഥിരം ഡീക്കന്മാർ സഭാശ്രേണിയിൽ ഇപ്പോൾ നിർബന്ധമായും ആവശ്യമാണ് എന്ന് പിതാവിന് തോന്നുന്നുണ്ടോ?**

സഭയിലെ ശ്രേഷ്ഠമായ ഒരു ശ്ലൈഹിക പാരമ്പര്യമാണ് ഡീക്കൻപട്ടവും അതിനടുത്ത ശുശ്രൂഷയുമെന്ന് വേദപുസ്തകം തന്നെ സാക്ഷ്യപ്പെടുത്തുന്നു. വേദപുസ്തകാധിഷ്ഠിതമായ ഡീക്കൻ ശുശ്രൂഷ സഭയിൽ തുടരുകയും അത് സഭാജീവിതത്തിന്റെ ഭാഗമാകുകയും ചെയ്തു. സഭയുടെ ഹയരാർക്കി പൂർണ്ണമാകുന്നത് ഡീക്കന്മാർകൂടി ഉൾപ്പെടുമ്പോഴാണ്. ലിറ്റർജി അതിന്റെ പൂർണതയിൽ പരികർമ്മം ചെയ്യുന്നതിന് ഡീക്കന്റെ പങ്കാളിത്തവും ശുശ്രൂഷയും ആവശ്യമാണ്. ശുശ്രൂഷിക്കാൻ വന്ന ഈശോയുടെ ശുശ്രൂഷാ ദൗത്യം പ്രത്യേകമായി പ്രതിഫലിപ്പിക്കുന്നതും തുടരുന്നതുമാണ് ഡീക്കൻ ശുശ്രൂഷ. ആകയാൽ സഭയുടെ ആരാധനാപരവും സേവനപരവുമായ ശുശ്രൂഷയുടെ പൂർണതയ്ക്ക് ഡീക്കൻപദവി ആവശ്യമാണെന്നാണ് എന്റെ ബോദ്ധ്യം. സുസമ്മതരും ജ്ഞാനവും ആത്മാവുംകൊണ്ട് നിറഞ്ഞവരുമായിരിക്കണം ഡീക്കന്മാർ എന്നുള്ള നിബന്ധന ശ്ലീഹന്മാർവെച്ചത്, സഭയുടെ ശുശ്രൂഷാദൗത്യത്തിന്റെ പ്രാധാന്യവും ശ്രേഷ്ഠതയും വിശുദ്ധിയും വ്യക്തമാക്കുന്നു. ഈ ശുശ്രൂഷാതലം സഭയൊരിയ്ക്കലും വിസ്മരിക്കാനോ അവഗണിക്കാനോ ഇടയാവരുത്. ഡീക്കൻപദവിയെ തിരുപ്പട്ട കൂദാശയുടെ ഭാഗമാക്കിയും ഹയരാർക്കിയിൽ ഉൾപ്പെടുത്തിയും സഭയുടെ ശുശ്രൂഷാദൗത്യത്തിന് സ്ഥിരപ്രതിഷ്ഠ നൽകിയിരിക്കുന്നു എന്നു പറയാം.

**■ സ്ഥിരം ഡീക്കന്മാരെ തിരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്തൊക്കെയായിരിക്കും? അതോടൊപ്പം അവരുടെ പരിശീലനം?**

സഭയിലെ ആദ്യഡീക്കന്മാരെ തിരഞ്ഞെടുക്കുന്നതിന് ശ്ലീഹന്മാർ നിശ്ചയിച്ച മാനദണ്ഡം തന്നെയാണ് ഏറ്റവും ഉചിതം. അതായത്, സമൂഹത്തിൽ സുസമ്മതരും ആദരണീയരുമായിരിക്കുക, സഭാപരവും വിശ്വാസപരവുമായ കാര്യങ്ങളിൽ നല്ല ജ്ഞാനമുള്ളവരായിരിക്കുക, പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരിക്കുക. മറ്റു വാക്കുകളിൽ പറഞ്ഞാൽ നല്ല പക്വതയുള്ളവരും അറിവുള്ളവരും വിശുദ്ധിയുള്ളവരുമാകണം; മാതൃകാജീവിതം നയിക്കുന്നവരും നേതൃഗുണ

www.malankaralibrary.com

വും കാര്യശേഷിയുള്ളവരുമായിരിക്കണം. മ്ശംശാനാർത്ഥികൾക്ക് ഉചിതമായ ദൈവശാസ്ത്പരിശീലനം നൽകണ്ടതുണ്ട്. ആരാധനാക്രമത്തിലും ബൈബിളിലും അവർക്ക് അറിവുണ്ടായിരിക്കണം. ഡീക്കന്മാർക്കു നൽകേണ്ട പരിശീലനം സംബന്ധിച്ച് സീറോമലബാർ സഭാസിനഡ് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

■ **നമ്മുടെ നാട്ടിൽ, പ്രത്യേകിച്ച് നമ്മുടെ ഇടവകകളിൽ പൊതുസമ്മതി മറ്റു പല ഘടകങ്ങളെയും ആശ്രയിച്ചാണ്; കൂടുതൽ കുടുംബ മഹിമയുള്ള കുടുംബക്കാർ, പണവും സ്വാധീനവുമുള്ളവർ– ഇത്തരം പ്രതിസന്ധികളെ എങ്ങനെ തരണം ചെയ്യും?**

പൊതുസമ്മതിയുള്ളവരെ കണ്ടെത്തുന്നതിന് സാധാരണ സ്വീകരിക്കാറുള്ള മാർഗ്ഗം അവലംബിച്ചാൽ മതിയാകും. വൈദികാർത്ഥികളുടെ കാര്യത്തിലും പൊതുസമ്മതി നോക്കാറുണ്ടല്ലോ. പള്ളിയിൽ വിളിച്ചറിയിക്കുന്ന പതിവ് നമുക്കുള്ളതാണ്. പദവിക്കു ചേരാത്ത ഏതെങ്കിലുമുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്താനാണല്ലോ വിളിച്ചു ചൊല്ലുന്നത്. ഇക്കാര്യങ്ങളിൽ വലിയ ബുദ്ധിമുട്ടൊന്നും പൊതുവെ ഉണ്ടാകാറില്ല. മാത്രമല്ല, ഡീക്കന്മാരുടെ എണ്ണവും പരിമിതമായിരിക്കും. ഡീക്കൻ ശുശ്രൂഷയ്ക്കുള്ള ദൈവവിളി ഉണ്ടോ എന്നറിയുന്നതാണ് മുഖ്യകാര്യം. വൈദീകാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനു സമാനമായ ഒരു തിരഞ്ഞെടുപ്പ് പ്രക്രിയ ഡീക്കന്മാരുടെ കാര്യത്തിലും വേണം. കൂടാതെ, പ്രായപൂർത്തിയായവരെയായിരിക്കും അർത്ഥികളായി സ്വീകരിക്കാൻ കൂടുതൽ സാദ്ധ്യത. അതിനാൽ അവരുടെ സ്വഭാവവും യോഗ്യതയും സംബന്ധിച്ച് കൂടുതൽ വ്യക്തത ഉണ്ടായിരിക്കും.

> **ഈ ജൂബിലി വർഷത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിൽ ഏതാനും സ്ഥിരഡീക്കന്മാരെ നിയോഗിക്കണമെന്നാണ് ആഗ്രഹം.**

■ **ചങ്ങനാശ്ശേരി അതിരൂപതയിൽ 420 ഓളം വൈദികരുണ്ട്. ഇത്രയും ബൃഹത്തരമായ വൈദിക സമൂഹത്തിന്റെ കഴിവും പ്രാപ്തിയും പരമാവധി ഉപയോഗിക്കാൻ ശ്രമിക്കാതെ, ഡീക്കന്മാരെ വാഴിക്കാൻ ശ്രമിക്കുന്നു എന്നൊരു വിമർശനം ഉയർന്നാൽ?**

വൈദികർ കൂടുതലുണ്ട് എന്നത് ഡീക്കൻ ശുശ്രൂഷയെ അപ്രസക്തമാക്കുന്നില്ല. വൈദിക ശുശ്രൂഷയ്ക്കും ഡീക്കൻ ശുശ്രഷയ്ക്കും അതിന്റേതായ തനിമയും വ്യക്തിത്വവുമുണ്ട്. പൗരോഹിത്യവിളിയിലെ പരസ്പര പൂരകങ്ങളായ ശുശ്രൂഷകളാണിവ രണ്ടും. ഈ രണ്ടു ശുശ്രൂഷകളെക്കുറിച്ചും വ്യക്തമായ അറിവുണ്ടായിരിക്കുക എന്നതാണ് പ്രധാനം. വൈദികരുടെ കഴിവുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയാൽ ഡീക്കൻ ശുശ്രൂഷ അനാവശ്യമാകും എന്നു ചിന്തിക്കുന്നത് ശരിയല്ല. തങ്ങളുടെ വിളിക്കനുസരിച്ച് വൈദികരുടെയും ഡീക്കന്മാരുടെയും കഴിവുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തണം. ലിറ്റർജിയിൽ പുരോഹിതനും ഡീക്കനും പ്രത്യേകം പ്രത്യേകം ദൗത്യങ്ങളാണുള്ളത്. പുരോഹിതൻ ഡീക്കന്റെ ദൗത്യം കൂടി ചെയ്ത് ഡീക്കനെ ഒഴിവാക്കുന്നതല്ലല്ലോ യുക്തിസഹമായിട്ടുള്ളത്. ഡീക്കൻ ശുശ്രൂഷയുടെ പ്രസക്തിയും പ്രാധാന്യവും അംഗീകരിച്ച് ആദരിക്കുവാൻ ശരിയായ പരിശീലനവും പക്വതയുമുള്ള ഒരു വൈദികന് യാതൊരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല.

■ **Clericalism വൈദികരെക്കാൾ കേരളത്തിലെ അല്മായ സമൂഹത്തെ ബാധിച്ചിട്ടുണ്ട്. വി.കുർബാന വിതരണത്തിന് 'പ്രത്യേക ശുശ്രൂഷകരെ' എതിർത്ത ഇടവകകളുണ്ട്. ഇത്തരമൊരു യാഥാസ്ഥിതിക സമൂഹത്തിൽ സ്ഥിരം ഡീക്കന്മാർ എങ്ങനെ സ്വീകാര്യരാകും?**

ദിവ്യകാരുണ്യം നൽകുന്നതിന് നിയോഗിക്കപ്പെടുന്ന 'പ്രത്യേകശുശ്രൂഷകർക്കു' സമാനമായ ഒന്നല്ല ഡീക്കൻ ശുശ്രൂഷ. വിശുദ്ധ കുർബാന വിതരണം ചെയ്യുന്നതിന് നിയമാനുസൃതം അധികാരമുള്ളത് വൈദികപട്ടവും ഡീക്കൻപട്ടവും ലഭിച്ചവർക്കാണ്. ഇവരുടെ അഭാവത്തിൽ അത്യാവശ്യമായിവരുമ്പോഴാണ് പ്രത്യേക ശുശ്രൂഷകരെ വ്യവസ്ഥകൾക്കു വിധേയമായി നിയോഗിക്കുന്നത്. ഇവർക്ക് തിരുപ്പട്ടത്തിനടുത്ത അധികാരമോ പദവിയോ ഇല്ലാത്തതുകൊണ്ട്

www.malankaralibrary.com



പെട്ടെന്ന് സ്വാഭാവികമായി അംഗീകരിക്കപ്പെട്ടെന്നു വരില്ല. എന്നാൽ സ്ഥിരഡീക്കന്മാർ അല്മായരല്ല. പ്രത്യേകമായ പരിശീലനം നൽകി, പട്ടം കൊടുത്ത് സഭ ഔദ്യോഗികമായി നിയോഗിക്കുന്നവരാണ്. ആറാം പട്ടമെന്ന് നാം സാധാരണ വിളിക്കാറുള്ള തിരുപ്പട്ടം സ്വീകരിച്ചവരാണിവർ. ഇത് വ്യക്തമായി മനസ്സിലാക്കിയാൽ അവരെ അംഗീകരിക്കുന്നതിന് ആളുകൾക്ക് ബുദ്ധിമുട്ടാകില്ല എന്നു ഞാൻ കരുതുന്നു. അംഗീകരിക്കപ്പെടുന്നതിന് ഒരാളുടെ സ്വഭാവവും സമീപനങ്ങളും പ്രവർത്തന രീതിയുമൊക്കെ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. വൈദികരും മെത്രാന്മാരുമൊക്കെ ചിലപ്പോൾ ആളുകളാൽ തിരസ്ക്കരിക്കപ്പെടാറുണ്ടല്ലോ. അതിന്റെ പേരിൽ ആ പദവികൾ വേണ്ടെന്നു വയ്ക്കുന്നില്ല. ചില അല്മായർ വൈദികരുടെ ശിരസ്സിൽ കൈവച്ചും പ്രാർത്ഥിക്കുന്നതായി അടുത്തകാലത്ത് കേൾക്കാനും കാണാനും ഇടയായിട്ടുണ്ട്; അത് ശരിയല്ലെങ്കിൽ പോലും. ശരിയായ ദൗത്യബോധവും ആത്മവിശ്വാസവുമുള്ള ഒരു വൈദികൻ ഡീക്കൻ ശുശ്രൂഷയെ സ്വാഗതം ചെയ്യുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. യാഥാസ്ഥിതികത്വമല്ല ഇവിടെ പ്രശ്നം സൃഷ്ടിക്കുന്നത്.

■ ഡീക്കന്മാരുടെ കുടുംബം, തൊഴിൽ തുടങ്ങിയ പ്രായോഗിക ബുദ്ധിമുട്ടുകളെ എങ്ങനെ അഭിമുഖീകരിക്കും?

രൂപതയുടെയും സമൂഹത്തിന്റെയും ആവശ്യമനുസരിച്ച് യോഗ്യരായവരെ കണ്ടെത്തി പരിശീലിപ്പിച്ച് നിയോഗിക്കുകയാണ് ചെയ്യുന്നത്. പ്രതികൂലമായ ജീവിതസാഹചര്യങ്ങൾ ഉള്ളവരെയല്ല ഇതിനായി തിരഞ്ഞെടുക്കുന്നത്. ഇതൊരു ദൈവവിളിയാണെന്നു മനസ്സിലാക്കി അതിനോട് ശരിയായി സഹകരിക്കുന്നവരാകണം ഡീക്കന്മാർ. വളരെപ്പേരെ ഡീക്കന്മാരാക്കാനും ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ആവശ്യമനുസരിച്ച് ഏതാനും പേരെ മാത്രം. ആദിമസഭയിൽ ശ്ലീഹന്മാർ 7 പേരെ മാത്രമല്ലേ നിയോഗിച്ചത്?

■ യൂറോപ്പിലും മറ്റും പൗരോഹിത്യത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുത്താനും ദൈവവിളി കുറക്കാനും സ്ഥിരം ഡീക്കന്മാരുടെ പുനഃസ്ഥാപനം കാരണമായി എന്നൊരു നിരീക്ഷണമുണ്ടല്ലോ?

യൂറോപ്പിലും മറ്റും ഡീക്കൻ ശുശ്രൂഷ ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ടാകും. അത് ഒറ്റപ്പെട്ട സംഭവങ്ങളാണ്. വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ടോ തിരഞ്ഞെടുപ്പിലെ അപാകതകൊണ്ടോ പരിശീലനക്കുറവുകൊണ്ടോ ഒക്കെ ആകാമത്. വളരെ നന്നായി ശുശ്രൂഷ ചെയ്യുന്ന ധാരാളം ഡീക്കന്മാർ യൂറോപ്പിലുണ്ട്. പാളിച്ചകൾ എവിടെയും ആരിലും സംഭവിക്കാം; വൈദികരിലും മെത്രാന്മാരിലുമൊക്കെ. അതിനാൽ ജാഗ്രത പുലർത്തണം. ഡീക്കൻപദവികൊണ്ട്, പൗരോഹിത്യത്തിന്റെ പ്രാധാന്യം കുറയുന്നില്ല, അതിനുള്ള ദൈവവിളി ഇല്ലാതാകുന്നുമില്ല. രണ്ടും ദൈവത്തിന്റെ വിളിയാണല്ലോ! അതേ സമയം ഇന്ന് വൈദികർ നിയോഗിക്കപ്പെടുന്ന ചില ശുശ്രൂഷകളും പ്രസ്ഥാ

www.malankaralibrary.com

നങ്ങളും ഡീക്കന്മാരെ ചുമതലപ്പെടുത്താവുന്നതാണ്. ഉദാഹരണങ്ങൾ: സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, ബുക്ക് സ്റ്റാളുകൾ, പ്രസ് അപ്പോസ്തലേറ്റ്, തുടങ്ങിയവ.

■ **"സഭയിൽ ജനാധിപത്യമില്ല, സഭ ഹയരാർക്കിയുടേതാണ്" തുടങ്ങിയ ആരോപണങ്ങൾ ഉണ്ടല്ലോ? ഇത്തരം വിമർശനങ്ങൾ അവസാനിപ്പിക്കുവാൻ പുതിയ സംവിധാനം കാരണമാവുമോ?**

സഭയെ ജനാധിപത്യവൽക്കരിക്കാനുള്ള ഒരു നീക്കമല്ല ഡീക്കൻ ശുശ്രൂഷ. അതുവഴി സഭ ജനാധിപത്യവത്ക്കരിക്കപ്പെടുകയുമില്ല. കാരണം ഡീക്കന്മാർ ഹയരാർക്കിയുടെ ഭാഗമാണ്. പലരും ധരിച്ചിരിക്കുന്നത് ഹയരാർക്കി ജനാധിപത്യ വിരുദ്ധമാണെന്നാണ്. രാഷ്ട്രീയ ശൈലിയിലുള്ള ഒരു ജനാധിപത്യ സമൂഹമല്ല സഭ. സഭയുടെ ഉത്ഭവം ദൈവികമാണ്. സഭയിൽ അധികാരം ശുശ്രൂഷിക്കാനാണ്; ഹയരാർക്കിയുടെ നിയോഗം ദൈവജനത്തെ ശുശ്രൂഷിക്കുക എന്നതാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ ശുശ്രൂഷയാണിത്. ഈശോയുടെ ശുശ്രൂഷയുടെ തുടർച്ചയാണിത്. 'ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനാണ് ഞാൻ വന്നിരിക്കുന്നത്' എന്ന ഈശോയുടെ വചനങ്ങളാണ് സഭയിൽ അധികാരത്തിന്റെയും ശുശ്രൂഷയുടെയും സ്വഭാവം നിർണയിക്കുന്നത്. പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങളാണ് അതുൾക്കൊള്ളുന്നത്. അജഗണത്തിന്മേൽ ആധിപത്യം പുലർത്തി ഭരിക്കുക എന്നതല്ല ഹയരാർക്കിയുടെ നിയോഗം. പരമമായ ജീവിതലക്ഷ്യം നേടാൻ ദൈവജനത്തെ സഹായിക്കുന്ന സ്നേഹത്തിന്റെ ശുശ്രൂഷയാണ് ഹയരാർക്കിയുടേത്. ദൈവത്തിൽ നിന്നു ലഭിച്ച അധികാരം സഭയുടെ വിശുദ്ധ പാരമ്പര്യത്തിലൂടെ കൈമാറപ്പെട്ട് സഭാസംവിധാനങ്ങളിലൂടെ വിനിയോഗിക്കപ്പെടുകയാണ്. സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന ദൈവാത്മാവിന്റെ പ്രചോദനത്തിലാണ് സഭ പ്രവർത്തിക്കുന്നതും പ്രവർത്തിക്കേണ്ടതും. മനുഷ്യന്റെയല്ല, ദൈവത്തിന്റെ രൂപകൽപനയനുസരിച്ചാണ് സഭ ജനിച്ചതും ജീവിക്കുന്നതും പ്രവർത്തിക്കുന്നതും. ശിരസ്സായ മിശിഹായോട് സഹകരിച്ച് ശരീരമായ സഭ പ്രവർത്തിക്കുകയാണ്.

■ **ഇത്രയും മൗലികവും സ്വീകാര്യവുമായ സംരംഭമായിട്ടുകൂടി എന്തുകൊണ്ട് സഭ മുഴുവൻ ഇത് ഏറ്റെടുത്തു നടത്തുന്നില്ല?**

ഡീക്കൻ ശുശ്രൂഷ സഭയുടെ ആരംഭത്തിൽത്തന്നെ രൂപംകൊണ്ടതാണെന്ന് പറഞ്ഞല്ലോ. മിക്ക സഭകളിലും ഈ പദവി നിലനിൽക്കുന്നുമുണ്ട്. സീറോ മലബാർ സഭാസിനഡ് ഏതാനും വർഷങ്ങൾക്കുമുമ്പ് സ്ഥിരഡീക്കൻ പദവി പുനഃസ്ഥാപിക്കുന്നത് താത്വികമായി അംഗീകരിക്കുകയും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഓരോ രൂപതയുടെയും ആവശ്യവും താൽപര്യവുമനുസരിച്ച് ഇത് നടപ്പിലാക്കുന്ന കാര്യം അതാതു രൂപതാധികാരികൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്.

■ **സഭാസംവിധാനത്തിൽ വളരെയേറെ ചലനങ്ങൾ സൃഷ്ടിക്കാൻ ഇടയുള്ള ഈ തീരുമാനം നടപ്പിലാക്കുന്നതിനുമുമ്പ് സഭയെ മുഴുവൻ ഒരുക്കേണ്ടതും ബോധ്യപ്പെടുത്തേണ്ടതും ആവശ്യമല്ലേ?**

ചിലർ വിചാരിക്കുന്നപോലെയുള്ള പ്രത്യാഘാതങ്ങളൊന്നും സ്ഥിരഡീക്കന്മാരെ നിയമിക്കുന്നതുകൊണ്ട് സംഭവിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഇത് സഭയിലെ പുതിയ കണ്ടുപിടുത്തമൊന്നുമല്ലല്ലോ. തീർച്ചയായും വേണ്ടത്ര ഒരുക്കവും ബോധവൽക്കരണവും ആവശ്യമാണ്. സഭയ്ക്ക് ഒരു 'ഷോക്ക്' ഉണ്ടാകുന്ന വിധത്തിലൊന്നുമായിരിക്കയില്ല ഡീക്കന്മാരെ നിയോഗിക്കുന്നത്.

■ **ചങ്ങനാശ്ശേരി അതിരൂപതയിൽ എന്നാണ് സ്ഥിരം ഡീക്കന്മാരെ വാഴിക്കുന്നത്? ഇത്രയും നിർണായകവും പ്രാധാന്യമേറിയതുമായ സംരംഭങ്ങൾ പരീക്ഷണാർത്ഥം നടത്തുന്നത് ഉചിതമാണോ?**

ഈ ജൂബിലി വർഷത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിൽ ഏതാനും സ്ഥിരഡീക്കന്മാരെ നിയോഗിക്കണമെന്നാണ് ആഗ്രഹം. എന്നാൽ അതിനു യോഗ്യരായവരെ കണ്ടെത്തി പരിശീലനം നൽകേണ്ടതുണ്ട്. വെറുതെ ഒരു പരീക്ഷണം എന്ന നിലയ്ക്കല്ല. ഡീക്കൻ ശുശ്രൂഷയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും മാർഗ്ഗനിർദ്ദേശങ്ങളും ചരിത്രത്തിൽ നിന്നുള്ള അനുഭവജ്ഞാനവും ഉണ്ടല്ലോ. എല്ലാ വശങ്ങളും പരിഗണിച്ച് അർഹിക്കുന്ന ഗൗരവത്തോടെയായിരിക്കും ഇക്കാര്യം കൈകാര്യം ചെയ്യുന്നതും നടപ്പിലാക്കുന്നതും. ■

www.malankaralibrary.com



# ഡീക്കൻ ശുശ്രൂഷയുടെ ചരിത്രം

ഡോ. ജെയിംസ് പുലിയുറുമ്പിൽ
*സഭാചരിത്ര അധ്യാപകൻ, സെന്റ്. തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ*

സഭയുടെ ആദിമ പാരമ്പര്യങ്ങളിൽ ഒന്നാണ് ഡീക്കൻ പദവിയും ഡീക്കൻ പട്ടക്കാരും. ഇതിന്റെ വളർച്ചയുടെയും തിരോധാനത്തിന്റെയും; പിന്നീട് വന്ന പുനരുദ്ധാരണത്തിന്റെയും ചരിത്രത്തിലേക്ക്.

ആദിമസഭയിൽ വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ പലസംവിധാനങ്ങളും ജന്മമെടുത്തുതുടങ്ങി. ഇടവകകളും, രൂപതകളും, സിനഡുകളും എല്ലാം അങ്ങനെ രൂപപ്പെട്ടുവന്നതാണ്. സഭാസേവനത്തിനായും, നേതൃത്വത്തിനായും പലരെയും തെരഞ്ഞെടുക്കേണ്ടതായും വന്നു. അങ്ങനെ സഭാശുശ്രൂഷയ്ക്കായി ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടവരാണ് ഡീക്കന്മാർ. അപ്പസോത്ലപ്രവർത്തനങ്ങൾ 6:1–6 ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. വൈദികരും മെത്രാന്മാരും തമ്മിലുള്ള വ്യത്യാസം കൃത്യമായി പുതിയ നിയമത്തിൽ കാണാൻ പറ്റില്ലെങ്കിലും ഡീക്കന്മാർ ആരാണ് എന്ന് കൃത്യമായി പുതിയ നിയമം ചിത്രീകരിക്കുന്നുണ്ട്. എന്നാൽ സഭാ പിതാക്കന്മാരുടെ കാലമായപ്പോഴേക്കും ഈ മൂന്നുപദവികൾ തമ്മിലുള്ള വ്യത്യാസം വ്യക്തമായിത്തുടങ്ങി. ഡീക്കന്മാർ, വൈദികർ, മെത്രാന്മാർ എന്നിങ്ങനെ ഹയരാർക്കിയിലെ അംഗങ്ങളെ മൂന്നായി തിരിക്കുന്ന രീതി അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ (എ.ഡി.110) കൃതികളിൽ കാണാം. അങ്ങനെ വിശ്വാസികളും ശുശ്രൂഷകരും എന്നു വിഭജനം സഭയുടെ ആരംഭത്തിൽ തന്നെ ഉണ്ടാകുന്നുണ്ട്.


## ആവിർഭാവം

ഡീക്കൻ (diakonos) എന്ന ഗ്രീക്ക് പദം അർത്ഥമാക്കുന്നത് ശുശ്രൂഷകൻ, സേവകൻ എന്നൊക്കെയാണ്. ഫിലിപ്പിയർ 1:1ൽ ഡീക്കൻ മെത്രാന്റെ സഹായിയാണ്. 1 കോറി 16:11ൽ ഡീക്കൻ 'സേവകൻ' ആണ്. 1 തെസ്സ 5:12 ൽ ഡീക്കൻ വേല ചെയ്യുന്നവനാണ്.

ഭക്ഷണസമയത്ത് മേശയ്ക്കടുത്തുനിന്ന് ഭക്ഷണം വിളമ്പിക്കൊടുക്കുന്നവനെയാണ് ഗ്രീക്കുഭാഷയിൽ diokonos എന്ന മൂലപദം കൊണ്ട് സാധാരണയായി അർത്ഥമാക്കുന്നത്. പുതിയ നിയമത്തിൽ ഡീക്കൻ എന്ന പദം കൊണ്ട് 'സേവകൻ' (Servant) എന്നോ 'ഔദ്യോഗിക ശുശ്രൂഷകൻ' (Official minister) എന്നോ അർത്ഥമാക്കുന്നു.

നടപടി 6:1–6 ൽ ഡീക്കന്മാരുടെ ആരംഭത്തെക്കുറിച്ച് കൃത്യമായി പറയുന്നുണ്ടെങ്കിലും "diakonoi" എന്ന പദം അവിടെ ഉപയോഗിച്ചുകാണുന്നില്ല. അപ്പസ്തോലന്മാർ കൈകൾവെച്ച് 7 പേരെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഈ ഏഴ് പേർ സുവിശേഷം പ്രസംഗിക്കുന്നതും മാമോദീസ നൽകുന്നതും നടപടി പുസ്തകത്തിൽ പലസ്ഥലങ്ങളിൽ കാണാം; (6:10, 8:5, 8:35). ദൈവശുശ്രൂഷയിൽ ഏർപ്പെ

www.malankaralibrary.com




ടുന്നവർക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ 1 തിമോ 3:8–12 ൽ കാണാം.

## ഡീക്കന്മാരുടെ ശുശ്രൂഷകൾ

സഭാശുശ്രൂഷയിൽ മെത്രാന്മാരെ സഹായിക്കുന്ന വരാണ് ഡീക്കന്മാർ എന്നാണ് സഭാപാരമ്പര്യം പഠിപ്പിക്കുന്നത്. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് ഡീക്കന്മാരെ മെത്രാന്മാരുടെ ഉപദേശകർ എന്ന് വിളിക്കുന്നുണ്ട് (Philadelphia 4; Smyrna 12:2). കർത്താവിന്റെ ശുശ്രൂഷയാണ് അവരെ ഭരമേൽപ്പിച്ചിരിക്കുന്നത് എന്ന് അദ്ദേഹം മറ്റൊരിടത്ത് പറയുന്നു (Ephesus 6:1). 'അവർ ഭക്ഷണ പാനീയങ്ങളുടെ ശുശ്രൂഷകരല്ല; ദൈവത്തിന്റെ സഭയുടെ ശുശ്രൂഷകരാണ്' എന്നാണ് വി. ഇഗ്നേഷ്യസ് മറ്റൊരു ലേഖനത്തിൽ പറയുക (Trallia 2:3). അതുകൊണ്ടാണ് 'ദൈവത്തിന്റെ കൽപനപോലെ നാം അവരെ ബഹുമാനിക്കണം' എന്നദ്ദേഹം എഴുതുന്നത് (Smyrna 8:1).

വി.പോളികാർപ്പ് ഡീക്കന്മാരെ വിളിക്കുന്നത് 'ദൈവത്തിന്റെയും ക്രിസ്തുവിന്റെയും സേവകർ' എന്നാണ്. അല്ലാതെ 'മനുഷ്യരുടെ സേവകർ' എന്നല്ല (Philippi 5:2). വി. സിപ്രിയാൻ ഡീക്കന്മാരെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. 'മെത്രാന്മാരുടെയും സഭയുടെയും സേവകരായ ഡീക്കന്മാർ അപ്പസ്തോലന്മാരാൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് '(Ephesus 3:11). അതിനാൽ 'ദൈവികകാര്യങ്ങളുടെ ശുശ്രൂഷയാണ് അവരെ ഭരമേൽപ്പിച്ചിരിക്കുന്നത്' (Eph. 3:52).

Didascalia Apostolorum പറയുന്നത്: 'ഡീക്കന്മാർ മെത്രാന്മാരുടെ ചെവിയും, വായും, ഹൃദയവും ആത്മാവുമാണ്' എന്നാണ് (1: 26–3). റോമിലെ വി. ക്ലമന്റ് കോറിന്തോസിലെ സഭയ്ക്ക് എഴുതുന്ന 1–ാം ലേഖനത്തിൽ ഡീക്കന്മാരുടെ പ്രത്യേക സ്ഥാനത്തെപ്പറ്റി പറയുന്നുണ്ട്.

4–ാം നൂറ്റാണ്ടുമുതൽ ഡീക്കന്മാർക്ക് കൂടുതൽ അധികാരം ലഭിക്കുന്നതായി കാണാം. വീടുകളിൽ കഴിയുന്ന രോഗികൾക്ക് കുർബ്ബാന കൊണ്ടുപോയി കൊടുക്കാനും മെത്രാന്റെ അനുവാദത്തോടെ മാമോദീസ നൽകാനും ഡീക്കന് അധികാരമുണ്ടായിരുന്നു. ജസ്റ്റിൻ എഴുതുന്നു: "കുർബാനയർപ്പണത്തിൽ പങ്കെടുക്കുന്നവർക്കും അതിൽ സന്നിഹിതരാകാൻ സാധിക്കാത്തവർക്കും കുർബാന കൊടുക്കാൻ ഡീക്കന്മാർക്ക് അവകാശമുണ്ട്" (Apologia 1:65). കാർത്തേജിലെ വി.സിപ്രിയാൻ (245–258) രൂപതയുടെ ഭരണത്തിൽ ഡീക്കന്മാരെ പങ്കെടുപ്പിക്കുന്നുണ്ട്. ഫേബിയൻ മാർപാപ്പ (235–250) റോമിനെ വിഭജിച്ച് ഡീക്കന്മാരെ ചുമതലപ്പെടുത്തിയതായി വി.എവുസേബിയൂസ് എഴുതുന്നുണ്ട് (Ecclesiastical History 6:43). റോമൻ പൊന്തിഫിക്കൽ പറയുന്നത്: 'ദൈവത്തിന്റെ സഭയുടെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്നവരാണ് ഡീക്കന്മാർ' എന്നാണ്. അവരുടെ ജോലി അൾത്താരയിൽ സഹായിക്കുക, മാമോദീസാ മുക്കുക, പ്രസംഗിക്കുക എന്നിവയാണ്. അതുകൊണ്ട് അവരെ 'കർത്താവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും സഹശുശ്രൂഷകരും സഹപ്രവർത്തകരും' എന്ന് വിളിക്കണം എന്നാണ്.

## സുവർണ്ണകാലം

ആദ്യ നാലു നൂറ്റാണ്ടുകളായിരുന്നു ഡീക്കൻ

www.malankaralibrary.com

പദവിയുടെ സുവർണ്ണകാലമെന്നു പറയാം (AD 100-300). അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ കാലം മുതൽ മഹാനായ ഗ്രിഗറിയുടെ കാലം വരെയാണിതെന്ന് പറയാം. ഈ കാലഘട്ടത്തിൽ ഡീക്കന്മാർ അവരുടെ എണ്ണത്തിലും പ്രാധാന്യത്തിലും വർധിച്ചു വന്നു. സഭയുടെ അജപാലന ശുശ്രൂഷക്ക് അവർ മേൽനോട്ടം വഹിച്ചു; ജീവകാരുണ്യപ്രവർത്തനങ്ങളുടെ സംഘാടകരായി; മെത്രാന്മാരുടെ സഹായകരായി; പലപ്പോഴും അവരെ പിന്തുടർന്ന് മെത്രാന്മാരായി; ആരാധനാക്രമത്തിൽ സുപ്രധാന പങ്കുവഹിച്ചു.

## ഡീക്കൻ പദവിയുടെ സവിശേഷത

ക്രൈസ്തവ വിശ്വാസത്തിന്റെയും സഭാശുശ്രൂഷയുടെയും കേന്ദ്രബിന്ദുവാണ് വി. കുർബാന എന്ന് ചിന്തിക്കുമ്പോൾ, ഡീക്കൻ ശുശ്രൂഷ എന്നത് വിശ്വാസികളുടെ പൊതു പൗരോഹിത്യത്തിന്റെയും വൈദികരുടെ പ്രത്യേക പൗരോഹിത്യത്തിന്റെയും ഇടയ്ക്ക് വരുന്ന കാര്യമാണ്. അതുകൊണ്ടാണ് സഭയുടെ ആദ്യകാലം മുതൽ തന്നെ സഭയുടെ ഹയരാർക്കി മെത്രാന്മാരും, വൈദികരും, ഡീക്കന്മാരും എന്നിങ്ങനെ 3 തരം വ്യത്യസ്ത അധികാരങ്ങളോടുകൂടി പ്രവർത്തിച്ചുവന്നത്. അങ്ങനെ ഡീക്കൻ ശുശ്രൂഷയ്ക്കും ഒരു കൗദാശിക സ്വഭാവം നിലവിൽ വന്നു. അതുകൊണ്ടാണ് ലത്തീൻ സഭയിൽ 4-ാം നൂറ്റാണ്ടുമുതൽ മെത്രാന്മാർക്കും വൈദികർക്കും എന്നതുപോലെ ഡീക്കന്മാർക്കും ബ്രഹ്മചര്യം നിർബന്ധമാക്കിയത്.

> ഡീക്കന്മാരെ കൂടാതെ വനിതാഡീക്കന്മാരെയും ആദിമ സഭയിൽ നിയമിച്ചിരുന്നു

കിഴക്ക്, പടിഞ്ഞാറ് സഭകളുടെ വ്യത്യസ്ത രീതിയിലുള്ള വളർച്ച ഡീക്കൻ ശുശ്രൂഷയേയും വ്യത്യസ്തമാക്കിത്തീർത്തു. പൗരസ്ത്യസഭകൾ ഡീക്കൻ ശുശ്രൂഷയെ സ്ഥിരമായതും (Permanent) വ്യത്യസ്തവുമായ (seperate) ഒരു സംവിധാനമായി നിലനിർത്തിയപ്പോൾ, ലത്തീൻ സഭ പൗരോഹിത്യത്തിലേക്കുള്ള ഒരുകാൽവയ്പ്പായി ഡീക്കൻ ശുശ്രൂഷയെ കണ്ടു. അതിനാൽ വൈദികരാകാൻ യോഗ്യരായ വ്യക്തികൾക്ക് പൗരോഹിത്യ സ്വീകരണത്തിനുമുൻപ് മെത്രാൻ നൽകുന്ന ഒരു പദവിയായിത്തീർന്നു.

## വനിതാഡീക്കന്മാർ

ഡീക്കന്മാരെ കൂടാതെ വനിതാഡീക്കന്മാരെയും ആദിമസഭയിൽ നിയമിച്ചിരുന്നതായി കാണാം. എഫേസൂസിലെ സഭയിലെ വനിതാ ഡീക്കന്മാരെ പ്രത്യേകം എടുത്തു പറയുന്നുണ്ട്. സ്ത്രീകളുടെ ശുശ്രൂഷാപരമായ ആവശ്യങ്ങൾ ശ്രദ്ധിക്കാനാണ് വനിതാഡീക്കന്മാരെ നിയോഗിച്ചിരിക്കുന്നത്. 'സ്ത്രീകൾക്ക് മാമോദീസാ നൽകുമ്പോൾ ഒരു സ്ത്രീയാണ് അവരെ തൈലം പൂശേണ്ടത്' എന്ന് ദിദാക്കെയിൽ (16:8) പറയുന്നുണ്ട്.

ഗ്രീക്കു സഭയിൽ 8-ാം നൂറ്റാണ്ടുവരെ വനിതാ ഡീക്കന്മാർ ഉണ്ടായിരുന്നു. ലത്തീൻ സഭയിൽ ഫ്രാൻസിലാണ് ആദ്യമായി നിയമം വഴി വനിതാ ഡീക്കന്മാരുടെ ശുശ്രൂഷ അവസാനിപ്പിച്ചത്. തുടർന്ന് ലത്തീൻ സഭ മുഴുവൻ ഇത് നിയമമാക്കി.

## അധോഗതി

പൗരോഹിത്യ പട്ടത്തിന് പ്രാധാന്യം കിട്ടാൻ തുടങ്ങിയപ്പോഴാണ് ഡീക്കൻ പദവിയുടെ അധഃപതനം ആരംഭിച്ചത്. ഇത് ഏറ്റവും പ്രകടമായത് പടിഞ്ഞാറൻ സഭയിലായിരുന്നു. മധ്യകാലം മുതൽ (475- 1475) രണ്ടാം ലോക മഹായുദ്ധംവരെ ഡീക്കൻ പദവിക്ക് പടിഞ്ഞാറൻ സഭയിൽ ഗ്രഹണ ദശയായിരുന്നു. ഏകദേശം ആയിരം വർഷക്കാലത്തോളം ലത്തീൻ സഭയിൽ ഇതൊരു തനതായ പട്ടശുശ്രൂഷയെന്ന നിലയിൽ നിഷ്ക്രിയാവസ്ഥയിലായിരുന്നു. ഡീക്കൻപട്ടം പൗരോഹിത്യ പട്ടത്തിനുള്ള വെറുമൊരു ചവിട്ടുപടിയായി നിലകൊണ്ടു. എന്നാൽ ഈ കാലഘട്ടങ്ങളിലെല്ലാം പൗരസ്ത്യ സഭകളിൽ ഡീക്കൻ ശുശ്രൂഷ ഒരു വ്യത്യസ്ത പട്ടശുശ്രൂഷയായി തന്നെ നിലകൊണ്ടു.

## പുനരുദ്ധാരണം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചർച്ചകളിൽ ഡീക്കൻപദവിയുടെ പുനരുദ്ധാരണം ഗൗരവമായി ചർച്ച ചെയ്യപ്പെട്ടു (ഒക്ടോ 4-16, 1963). 1964 സെപ്റ്റംബർ 29ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതിന്റെ

www.malankaralibrary.com



പുനരുദ്ധാരണം ഔദ്യോഗികമായി അംഗീകരിച്ചു. ജനതകളുടെ പ്രകാശമെന്ന ഡിക്രിയുടെ 29-ാം നമ്പർ ഈ ശുശ്രൂഷയുടെ സ്വഭാവവും ദൗത്യങ്ങളും ചർച്ച ചെയ്യുന്നുണ്ട്. പിന്നീട് ജോൺ പോൾ രണ്ടാമൻ പാപ്പാ, സ്ഥിരഡീക്കന്മാരുടെ പരിശീലനത്തിനുള്ള മാനദണ്ഡങ്ങൾ പുറത്തിറക്കി. 1998ൽ സ്ഥിരഡീക്കന്മാരുടെ ജീവിതത്തിനും ശുശ്രൂഷക്കുമുള്ള ഡയറക്ടറിയും പ്രസിദ്ധീകരിക്കപ്പെട്ടു (Directory for the Ministry and Life of Permanent Deacons).

## ഡീക്കൻ ശുശ്രൂഷയുടെ പ്രസക്തി

ഡീക്കൻ പദവിയെ (permanent status) സംബന്ധിച്ച് ദൈവശാസ്ത്രജ്ഞന്മാരുടെയിടയിൽ പലകാലഘട്ടങ്ങളിൽ നടന്ന ചർച്ചകൾ ഡീക്കൻപദവിയുടെ വ്യത്യസ്ത മാനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഒരാൾക്ക് ഡീക്കൻപദവി ലഭിക്കുന്നതോടുകൂടി അയാൾക്ക് കുറെ ഉത്തരവാദിത്വങ്ങൾ ലഭിക്കുന്നതല്ലാതെ, പ്രത്യേക അധികാരം ലഭിക്കുന്നില്ല എന്നതാണ് ഒരു ചിന്ത. എങ്കിൽ കൂദാശയ്ക്കടുത്ത വരപ്രസാദം ഡീക്കൻ പട്ടം വഴി ലഭിക്കുന്നില്ല എന്നു വരുന്നു. അങ്ങനെയെങ്കിൽ പൗരോഹിത്യത്തിന് നൽകുന്ന പദവിയും പൗരോഹിത്യ പട്ടത്തിന് നൽകുന്ന കൗദാശിക സ്ഥാനവും ഡീക്കൻ ശുശ്രൂഷയ്ക്ക് നൽകേണ്ട ആവശ്യമില്ലതാനും. ആരാധന ക്രമനവീകരണത്തിന്റെ ഭാഗമായി അടുത്തകാലത്ത് അത്മായർക്ക് അനുവദിച്ചു കൊടുത്ത ബൈബിൾ വായന, വ്യാഖ്യാനം, പ്രാർത്ഥനാ സമൂഹനേതൃത്വം തുടങ്ങിയവ അത്മായർക്ക് തന്നെ, ഡീക്കൻ പട്ടം കൂടാതെ തന്നെ, ചെയ്യാവുന്നതാണ് എന്ന ചിന്ത പ്രബലമായി വന്നു; പ്രത്യേകിച്ച് ലത്തീൻ സഭയിൽ.

എന്നാൽ സഭയുടെ ആദ്യകാല ചരിത്രം പഠിപ്പിക്കുന്നത് ഡീക്കൻ പദവി ഒരു പ്രത്യേക പദവി ആണെന്നും അതിന് അതിന്റേതായ കടമകൾ നിർവഹിക്കാനുണ്ടെന്നും മെത്രാൻ, വൈദികൻ എന്നീ പദവികൾ പോലെ ഇതിനും ദൈവജനത്തിന് പ്രത്യേകമായ ശുശ്രൂഷ ചെയ്യാൻ സാധിക്കുന്നതുമാണ് എന്നാണ്. എങ്കിൽ ഇപ്പോഴത്തെ പ്രധാന വിഷയം ഈ പദവിയുടെ പുനരുദ്ധാരണമല്ല; പിന്നെയോ ഈ പദവിയുടെ പ്രത്യേകധർമ്മം നിജപ്പെടുത്തുക എന്നതാണ്;

വത്തിക്കാൻ കൗൺസിൽ തിരുസഭ എന്ന ഡിക്രിയിൽ ഡീക്കന്മാർ ആരാണ് എന്ന് കൃത്യമായി വിവരിക്കുന്നു. ഡീക്കൻ ശുശ്രൂഷ പ്രത്യേകമായതും സ്ഥിരമായതുമായ ഒരു പദവിയായി പുനഃസ്ഥാപിക്കാം എന്നാണ് കൗൺസിൽ പറയുന്നത്. ■

www.malankaralibrary.com



# ഡീക്കന്മാർ അജപാലന സാധ്യതകൾ

ഡോ. ജേക്കബ് പറപ്പള്ളി MSFS
*പ്രസിഡന്റ്, ഇൻഡ്യൻ തിയോളജിക്കൽ അസ്സോസിയേഷൻ*

ഡീക്കൻ ശുശ്രൂഷയുടെ ദൈവശാസ്ത്രമാനങ്ങൾ എന്തൊക്കെയാണ്? ഇതിന്റെ അജപാലനാസാധ്യതകൾ ഏവയാണ്? വിശദമായ ഒരന്വേഷണം.

ആദിമ ക്രൈസ്തവ സമർപ്പണത്തിന്റെ യഥാർത്ഥ ചൈതന്യത്തെ വീണ്ടെടുക്കുകയായിരുന്നു രണ്ടാം വത്തിക്കൻ സൂനഹദോസിന്റെ ലക്ഷ്യം. അത് ഭൂതകാലത്തിലേക്കുള്ള ഒരു തിരിച്ചുപോക്ക് മാത്രമായിരുന്നില്ല. മറിച്ച് ആദിമ ക്രൈസ്തവ സമൂഹത്തിന് ജീവശ്വാസം നൽകിയ സിദ്ധികളെ തിരിച്ചറിയുകയും അവയെ ആധുനിക കാലത്തിന് അനുസരിച്ച് നവീകരിച്ച് അവതരിപ്പിക്കാനുമായിരുന്നു കൗൺസിൽ പരിശ്രമിച്ചത്. ക്രിസ്തുവിന്റെ മൗതികശരീരമായ ദൈവജനത്തെ പണിതുയർത്താൻ വേണ്ടിയാണ് സഭയിലെ പൗരോഹിത്യ ശുശ്രൂഷകൾ എല്ലാം തന്നെ. ഇതായിരുന്നു കൗൺസിലിന്റെ കാഴ്ചപ്പാട്.

മധ്യകാലഘട്ടത്തിലുടനീളം പൗരോഹിത്യത്തിന്റെ അനുഷ്ഠാനപരതക്കാണ് (cultic priesthood) ഊന്നൽ നൽകിയത്. അതിനെതിരെവന്ന പ്രൊട്ടസ്റ്റന്റ് നവീകരണം ശുശ്രൂഷാ പൗരോഹിത്യത്തിന്റെ പ്രാധാന്യം കുറക്കാനും ശ്രമിച്ചു. സ്ഥിരഡീക്കൻപട്ടം പുനഃസ്ഥാപിക്കണമെന്ന് തെന്ത്രോസ് സൂനഹദോസ് ആഹ്വാനം ചെയ്തു; പക്ഷേ അത് നടപ്പിലാക്കിയത് രണ്ടാം വത്തിക്കാൻ കൗൺസിലിൽ ആണെന്നു മാത്രം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സംഭാവനയാണ് ഈ കാര്യത്തിൽ നിർണ്ണായകമായത്. അനുഷ്ഠാനപരതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പൗരോഹിത്യ വീക്ഷണമായിരുന്നു ത്രെന്തോസിന്റേത്. എന്നാൽ ആദിമസഭയിലെ ശുശ്രൂഷാഘടന തിരിച്ചുകൊണ്ടുവരാൻ വത്തിക്കാൻ കൗൺസിൽ പരിശ്രമിച്ചു. നേതൃത്വ ശുശ്രൂഷയുടെ ലക്ഷ്യം തന്നെ സഭാസമൂഹത്തിന്റെ നിർമിതിയും വളർച്ചയുമാണ്. മെത്രാൻ, പുരോഹിതൻ, ഡീക്കൻ എന്നീ ത്രിവിധ പദവികളും ദൈവജനത്തെ ശുശ്രൂഷിക്കാൻ വേണ്ടിയാണ്. നേതൃത്വത്തിന്റെ ചുമതല ദൈവജനത്തെ ശുശ്രൂഷിക്കുകയാണ്; അല്ലാതെ അവരുടെമേൽ യജമാനത്വം നടത്തുകയല്ല. ഈ കാഴ്ചപ്പാടാണ് ഡീക്കൻ പദവിയിൽ മനോഹരമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

നിരവധി കാരണങ്ങളാൽ 5-ാം നൂറ്റാണ്ടുമുതൽ ലത്തീൻ സഭയിൽ ഡീക്കൻമാരുടെ പ്രാധാന്യം കുറഞ്ഞു വന്നു. ക്രമേണ അത് അന്യം നിന്നുപോകുകയും ചെയ്തു. സാവധാനം ഡീക്കൻ പട്ടം എന്നത് പൗരോഹിത്യത്തിലേക്കുള്ള പടവ് മാത്രമായി (മുൻപ്

www.malankaralibrary.com

ഇത് പൗരോഹിത്യത്തിന് ഒരു ആവശ്യമേ അല്ലായിരുന്നു). ഇതൊക്കെയാണെങ്കിലും ഏതാനും ഡീക്കന്മാരുടെ സാന്നിധ്യം അങ്ങിങ്ങായി പിന്നീട് തുടർന്നു വന്നു. അസ്സീസിയിലെ വി. ഫ്രാൻസീസ് അതിന് ഒരു ഉദാഹരണമാണ്. ഡീക്കൻ ആരായിരിക്കണം എന്നതിനെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തത ഉണ്ടായിരുന്നു. തന്റെ കത്തുകളിൽ ഒന്നിൽ അദ്ദേഹം ഇപ്രകാരം എഴുതി:

"നാം മാംസത്തിന്റെ മാനദണ്ഡമനുസരിച്ച് വിവേകവും ബുദ്ധിയുമുള്ളവരാകേണ്ടതില്ല. അതിനുപരി ലാളിത്യമുള്ളവരും, എളിമയുള്ളവരും ശുദ്ധരുമായി മാറണം. മറ്റുള്ളവർക്കുമേൽ ഉള്ള ആധിപത്യമല്ല നമ്മൾ ആഗ്രഹിക്കേണ്ടത്. മറിച്ച് ദൈവത്തെപ്രതി സകല മനുഷ്യർക്കും കീഴിലായിരുന്നുകൊണ്ട് ശുശ്രൂഷകരാകേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ ആത്മാവ് ഇങ്ങനെ ഉള്ളവരിൽ വസിക്കും. അവർ പിതാവിന്റെ പ്രവൃത്തികളിൽ വ്യാപൃതരായിരിക്കുന്ന മക്കളാവും. അവർ കർത്താവായ യേശു ക്രിസ്തുവിന്റെ കമിതാക്കളും, സഹോദരങ്ങളും, മാതാപിതാക്കളും ആവും". ക്രിസ്തുവിന്റെ ശുശ്രൂഷാത്മകതയാണ് ഡീക്കന്റെ ജീവിതത്തിലും ശുശ്രൂഷയിലും തെളിഞ്ഞ് കാണുന്നത്.

പൗരസ്ത്യ സഭകളിലാവട്ടെ അപ്പസ്തോലിക കാലഘട്ടം മുതൽ ഇന്നോളം ഡീക്കൻ ശുശ്രൂഷ സ്ഥിരമായ ഒരു ശുശ്രൂഷാപദവിയായി നിലകൊള്ളുന്നു. ഈ ഡീക്കന്മാർക്ക് അജപാലനപരവും ആരാധനാപരവുമായ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ ഉണ്ട്. അതുകൊണ്ടുതന്നെയാണ് വിശ്വാസസമൂഹം ഇവരെ ഡീക്കനച്ചൻ എന്ന് സംബോധന ചെയ്തിരുന്നത്. പൗരസ്ത്യ സഭകളിലെ സ്ഥിരഡീക്കന്മാരിൽ പ്രധാനിയായിരുന്നു വി.അപ്രേം.

രണ്ടാം വത്തിക്കാൻ സൂനഹദോസ് കൊണ്ടുവന്ന ഡീക്കൻ സ്ഥാനത്തിന്റെ പുനരുദ്ധാരണം പ്രഥമത: ലത്തീൻ സഭയിലാണ്. 'ജനതകളുടെ പ്രകാശം' എന്ന ഡിക്രിയിൽ ഡീക്കൻ പദവിയെ ഹയരാർക്കിയുടെ സ്ഥിരഗണത്തിൽ പെടുത്തുന്നതായി പ്രഖ്യാപിക്കുന്നു (LG 29). അവരുടെ സ്ഥാനം "സഭയിലെ ഹയരാർക്കിക്കും ദൈവജനത്തിനും ഇടയിലാണ്". ഒപ്പം തന്നെ അവർ "കർത്താവായ യേശു ക്രിസ്തുവിന്റെ അടയാളവും കൂദാശയുമാവണം" (LG 29). പോൾ ആറാമൻ പാപ്പാ 1967ൽ ഡീക്കൻ പദവി പുനഃസ്ഥാപിച്ചു. 1998ൽ ഡീക്കൻ പദവിയെക്കുറിച്ച് രണ്ട് പ്രധാന രേഖകൾ പ്രസിദ്ധീകരിക്കപ്പെട്ടു. "സ്ഥിര ഡീക്കന്മാരുടെ പരിശീലനത്തിനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ". "സ്ഥിര ഡീക്കന്മാരുടെ ജീവിതത്തിനും ശുശ്രൂഷക്കുമുള്ള ഡയറക്ടറി".




## ദൈവശാസ്ത്രാടിസ്ഥാനങ്ങൾ

അപ്പസ്തോല നടപടി 6:1-6 ആണ് ഡീക്കൻ പദവിയുടെ അടിസ്ഥാന വചന സാക്ഷ്യമായി പലപ്പോഴും കണക്കാക്കപ്പെടുന്നത്.

www.malankaralibrary.com

എന്നാൽ അപ്പസ്തോല നടപടിയേക്കാൾ പുരാതനമായ വചനഭാഗങ്ങൾ ഡീക്കൻ ശുശ്രൂഷയുടെ പ്രാധാന്യത്തിന് സാക്ഷ്യം നൽകുന്നുണ്ട്. ഉദാഹരണത്തിന് പൗലോസ് ഫിലിപ്പിയിലെ സഭക്ക് എഴുതുന്ന കത്ത് തുടങ്ങുന്നത് ഇങ്ങനെയാണ്: "യേശു ക്രിസ്തുവിന്റെ ദാസന്മാരായ പൗലോസും തിമോത്തോയോസും ഫിലിപ്പിയിലെ മെത്രാന്മാരും ഡീക്കന്മാരും ഉൾപ്പെടെ ക്രിസ്തുവിലുള്ള സകല വിശുദ്ധർക്കും എഴുതുന്നത്" (ഫിലി 1:1).

പിന്നീട് പൗലോസ് തിമോത്തിയ്ക്ക് ഇങ്ങനെ വിശദീകരിച്ചു കൊടുക്കുന്നു: " ഡീക്കന്മാർ ഗൗരവബുദ്ധിയുള്ളവരായിരിക്കണം, അസത്യവാദികളോ, മദ്യാസക്തിക്ക് അധീനരോ ഹീനമായ ലാഭേച്ഛയുള്ളവരോ ആയിരിക്കരുത്. അവർ നിർമ്മല മനഃസാക്ഷിയോടെ വിശ്വാസത്തിന്റെ രഹസ്യം സൂക്ഷിക്കുന്നവരാകണം". പൗലോസ് വീണ്ടും പറയുന്നു: "ആദ്യം തന്നെ അവർ പരീക്ഷണ വിധേയരാവണം. കുറ്റമറ്റവരാണ് എന്ന് തെളിയിക്കുന്ന പക്ഷം അവർ സദാ ശുശ്രൂഷ ചെയ്യട്ടെ. ഡീക്കന്മാർ ഏക പത്നീവ്രതം അനുഷ്ഠിക്കുന്നവരും സന്താനങ്ങളെയും കുടുംബത്തേയും നന്നായി നിയന്ത്രിക്കുന്നവരുമായിരിക്കണം. എന്തെന്നാൽ സ്തുത്യർഹമായി ശുശ്രൂഷചെയ്യുന്നവർ ബഹുമാന്യസ്ഥാനം നേടുകയും യേശുവിലുള്ള വിശ്വാസത്തിൽ അടിയുറച്ച് ആത്മധൈര്യം സമ്പാദിക്കുകയും ചെയ്യും" (1 തിമോ 3:8-13).


മാമോദീസ എന്ന കൂദാശയിലൂടെ സഭാംഗങ്ങൾ എല്ലാവരും ക്രിസ്തുവിനോടുകൂടി പരിശുദ്ധാത്മാവിൽ ഏകശരീരമായിത്തീരുന്നു. അവർ എല്ലാവരും ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രേഷിതത്വത്തിലും പങ്കുപറ്റുന്നു. ദൈവജനത്തിന്റെ ഈ ദൈവവിളി പൂർത്തീകരിക്കുന്നതിന് ദൈവം ചിലരെ തിരഞ്ഞെടുത്ത് ദൈവജനത്തിന്റെ ശുശ്രൂഷകരായി നിയമിച്ചിരിക്കുന്നു. യേശു ക്രിസ്തുവിന്റെ ശുശ്രൂഷാത്മകതയ്ക്ക് അനുരൂപമായി പ്രത്യേക സിദ്ധി ലഭിച്ചവരെ സഭാ സമൂഹം ഔദ്യോഗികമായി തിരഞ്ഞെടുക്കുകയും അപ്പസ്തോലപിൻഗാമികളുടെ കൈവയ്പ്പുവഴി ദൈവജന ശുശ്രൂഷയ്ക്കായി നിയോഗിക്കുകയും ചെയ്യുന്നു. സഭയുടെ ഔദ്യോഗിക സ്ഥാനീയർ മെത്രാന്മാരും, വൈദികരും ഡീക്കന്മാരുമാണ്. ത്രിത്വാത്മക മാതൃകയിൽ ഈ മൂന്നു സ്ഥാനങ്ങളും വ്യതിരിക്തങ്ങളാണ്; എന്നാൽ പരസ്പരബന്ധമില്ലാത്തവ അല്ലതാനും. ഇവ പരസ്പര പൂരകങ്ങളാണ്. ഇവർ ഓരോരുത്തരും അവരുടെ സ്ഥാനത്തിന്റെ രീതിയിൽ സഭാ ശുശ്രൂഷകരാണ്. സഭാഗാത്ര നിർമിതിയിൽ ഓരോ സ്ഥാനത്തിനും അതാതിന്റെ പങ്കുണ്ട്.

റോമയിലെ ക്ലമന്റ് (1 കൊറി 40) ഡീക്കൻ പദവിയെ ലേവായ ശുശ്രൂഷയോട് താരതമ്യപ്പെടുത്തുന്നു. ത്രിതല നേതൃത്വത്തെക്കുറിച്ചു പറയുന്ന അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് ഡീക്കനെ മെത്രാന്റെ സഹായിയായും ക്രിസ്തുവിന്റെ അനുകർത്താവുമായിട്ടാണ് ചിത്രീകരിക്കുന്നത്. അദ്ദേഹം പറയുന്നു: "ക്രിസ്തു പിതാവിന്റെ ശുശ്രൂഷകനായിരിക്കുന്നതുപോലെ ഡീക്കന്മാർ മെത്രാന്മാരുടെ ശുശ്രൂഷകരാണ്" (മഗ്നേസിയൻസ് 6,1 ട്രാല്ലിയൻസ് 3:1).

> മൂന്നുതരം ശുശ്രൂഷകളാണ് ഡീക്കന്മാർക്കുള്ളത്: ആരാധനാ ക്രമത്തോടും, ദൈവവചനത്തോടും, ഉപവിയോടും ബന്ധപ്പെട്ടവ.

സഭാസമൂഹത്തിന് നൽകുന്ന ശുശ്രൂഷയുടെ അടിസ്ഥാനത്തിലാണ് സഭാനേതൃത്വത്തിന് അർത്ഥവും പ്രസക്തിയും ഉണ്ടാകുന്നത്. വിശ്വാസത്തിലും വിശുദ്ധിയിലും, വളരാൻ സഭാസമൂഹത്തെ സഹായിക്കുക; നീതിയുടെയും ഉപവിയുടെയും പ്രവൃത്തികളിലൂടെ ദൈവസ്നേഹം അനുഭവിക്കാൻ മറ്റുള്ളവരെ സഹായിക്കുക എന്നിവയാണ് നേതൃത്വത്തിന്റെ ധർമ്മം. മറ്റു രണ്ടു ശുശ്രൂഷയെക്കാൾ ഉപരിയായി ക്രിസ്തുവിന്റെ ശുശ്രൂഷാ നേതൃത്വം ഏറ്റവും നന്നായി പ്രകാശിതമാകുന്നത് ഡീക്കൻ സ്ഥാനത്തിലൂടെയാണ്. ഡീക്കൻ എന്നത് പുരോഹിതനോ അത്മായനോ അല്ല. മെത്രാനോടും പട്ടക്കാരോടും ഉള്ള കൂട്ടായ്മയിൽ സഭാഗാത്രത്തിൽ ശുശ്രൂഷ ചെയ്യാനായി അഭിഷിക്തനായ ശുശ്രൂഷിയാണ് അയാൾ. റോമൻ ഡയറക്ടറി അനുസരിച്ച് "ഡീക്കൻ എന്നത് അഭിഷിക്തനായ ശുശ്രൂഷിയും ഹയരാർക്കിയുടെ അംഗവുമാണ്". ജ്ഞാനസ്നാനം വഴി ക്രിസ്തുവിന്റെ മൗതീക ശരീരത്തിലെ അംഗം

www.malankaralibrary.com



അനുകരിക്കുന്നവരായി സഭാപിതാക്കന്മാർ ഡീക്കന്മാരെ ചിത്രീകരിച്ചത്.

## അജപാലന സാധ്യതകൾ

വിവാഹിതരോ അവിവാഹിതരോ ആയ എല്ലാ ഡീക്കന്മാരും ദൈവവചനം, കൂദാശ, ഉപവി എന്നിവ വഴിയായി സഭയെ ശുശ്രൂഷിക്കാൻ വിളിക്കപ്പെട്ടവരാണ്. പല മാർഗ്ഗങ്ങളിലൂടെയാണ് അവർ ഈ ശുശ്രൂഷകൾ പ്രായോഗികമാക്കുന്നത്. ഹിപ്പോളിറ്റ്സിന്റെ ശ്ലൈഹിക പാരമ്പര്യത്തിൽ പറയുന്നു. "ഡീക്കൻ അഭിഷിക്തനാകുന്നത് പൗരോഹിത്യത്തിനു വേണ്ടിയല്ല; മറിച്ച് ഒരു ശുശ്രൂഷയ്ക്കു വേണ്ടിയാണ്" ഡീക്കന്മാരുടെ ആരാധനാക്രമപരവും അജപാലനപരവുമായ ചുമതലകളെ രണ്ടാം വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. അവ ഇനി പറയുന്നവയാണ്:

"ആഘോഷപൂർവ്വമായി മാമോദീസാ കൊടുക്കുക, ദിവ്യകാരുണ്യത്തിന്റെ സംരക്ഷകരും വിതരണക്കാരുമാകുക, സഭാനാമത്തിൽ വിവാഹം ആശീർവദിക്കുക, തിരുപ്പാഥേയം കൊടുക്കുക, ദൈവജനത്തിന് ദൈവവചനം വായിച്ചുകൊടുക്കുക, ദൈവജനത്തെ ഉപദേശിക്കുക, വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുക, കൂദാശാനുകരണങ്ങൾ പരികർമ്മം ചെയ്യുക, മൃതസംസ്ക്കാരങ്ങളിൽ കാർമികത്വം വഹിക്കുക (LG 29).

പൗരസ്ത്യ ദൈവശാസ്ത്രപ്രകാരം ഡീക്കന്മാർക്ക് ലത്തീൻ സഭയിലുള്ളതുപോലെ വിശാലമായ ശുശ്രൂഷാ അധികാരങ്ങളില്ല. പൗരസ്ത്യ പാരമ്പര്യമനുസരിച്ച് കൂദാശകൾ ഒന്നും തന്നെ പരികർമ്മം ചെയുവാൻ ഡീക്കന് അനുവാദമില്ല. ഇതിന് ഒരുവാദം മരണകരമായ അപകടത്തിൽ കൊടുക്കുന്ന മാമ്മോദീസയാണ്. ഇത് ഏത് അൽമായനും കൊടുക്കാൻ അനുവാദമുള്ളതാണ്. പാശ്ചാത്യസഭയിലായാലും പൗരസ്ത്യസഭയിൽ ആയാലും ഡീക്കൻ ഉപവിയുടെ ശുശ്രൂഷകനാണ്. ക്രിസ്തീയ നേതൃത്വത്തിൽ പങ്കുപറ്റുന്നവൻ എന്നരീതിയിൽ ദൈവജനത്തിന്റെ ആത്മീയവും ഭൗതികവുമായ സുസ്ഥിതിക്കായി അധ്വാനിക്കാൻ ഡീക്കന് ഏറെ സാധ്യതകളുമുണ്ട്.

പാരമ്പര്യപ്രകാരം മൂന്നുതരം ശുശ്രൂഷകളാണ് ഡീക്കന്മാർക്കുള്ളത്: ആരാധനാ ക്രമത്തോടും, ദൈവവചനത്തോടും, ഉപവിയോടും ബന്ധപ്പെട്ടവ.

ആരാധനാപരമായ ആഘോഷങ്ങളിൽ ഡീക്കന്റെ

എന്ന നിലയിൽ ക്രിസ്തുവിന്റെ ശുശ്രൂഷാ തലത്തോട് തീവ്രമായി താദാത്മ്യപ്പെടാൻ വിളിക്കപ്പെട്ടവനാണ് അയാൾ. തന്റെ ഈ ശുശ്രൂഷാദൗത്യത്തെ ഡീക്കൻ പദവിയിലൂടെ അയാൾ കൗദാശികമായി വെളിപ്പെടുത്തുന്നു. സ്വയം ശൂന്യവത്ക്കരിക്കുന്ന ക്രിസ്തുവിന്റെ മനോഭാവമാണ് അയാൾ ഇതിലൂടെ അവതരിപ്പിക്കുന്നത്.

ഡീക്കനെ നിർവ്വചിക്കുവാനുള്ള ഏറ്റവും ആയാസരഹിതമായ മാർഗ്ഗം അവൻ എന്തല്ല എന്ന് പറയുകയാണ്. ഡീക്കൻ അൽമായനല്ല; പുരോഹിതനുമല്ല. അയാൾ അൽമായനല്ല. കാരണം പട്ടം വഴിയായി സഭയുടെ ഹയരാർക്കിയുടെ ഭാഗമായി അയാൾ മാറുന്നു. അവൻ ഒരു പുരോഹിതനല്ല. കാരണം വിശുദ്ധ കുർബാനയുടെ കാർമികനാവാനോ പാപങ്ങൾ മോചിക്കുവാനോ അയാൾക്കു പറ്റില്ല. പൗരസ്ത്യ സഭകളിൽ കൂദാശകൾ ഒന്നും തന്നെ പരികർമ്മം ചെയ്യാൻ ഡീക്കന്മാർക്ക് അനുവാദമില്ല. പക്ഷേ അയാൾ മെത്രാനെയും പുരോഹിതനെയും അവരുടെ ശുശ്രൂഷകളിൽ സഹായിക്കുന്ന അഭിഷേകം ചെയ്യപ്പെട്ട ശുശ്രൂഷിയാണ്. ദൈവജനത്തെ പുരോഹിത നേതൃത്വവുമായി ബന്ധിപ്പിക്കുന്ന ജീവൽ കണ്ണിയായി നിലകൊള്ളുന്നു ഡീക്കന്മാർ. അതുകൊണ്ടാണ്, ദൈവത്തിനും മനുഷ്യനുമിടയിലെ ഏക മധ്യസ്ഥനായ ക്രിസ്തുവിനെ

www.malankaralibrary.com

ദൗത്യത്തെക്കുറിച്ച് പാശ്ചാത്യപൗരസ്ത്യ സഭാനിയമങ്ങൾ കൃത്യമായി പറയുന്നുണ്ട്. ഒരുപക്ഷേ ഇത് വളരെ മിനിമമായ ചിത്രീകരണമാണ്. ആരാധന ക്രമത്തെയും കൂദാശകളെയും പ്രത്യേകിച്ച് കുർബാനയേയും ദൈവാനുഭവത്തിന്റെ സവിശേഷ മാധ്യമമാക്കാൻ ഡീക്കന്മാർക്ക് ഏറെ ചെയ്യാനാവും. ആരാധനാക്രമത്തിന്റെ അകന്ന ഒരുക്കത്തിലും അടുത്ത ഒരുക്കത്തിലും ഡീക്കന് അതിപ്രധാന റോളുണ്ട്. വിവാഹിതരായ ഡീക്കന്മാരെ സംബന്ധിച്ച് സാധാരണ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ കൂടുതൽ അടുത്തറിയാനും വചന പ്രഘോഷണങ്ങളിലൂടെയും, വേദോപദേശത്തിലൂടെയും അവർക്ക് പ്രതിവിധി നിർദ്ദേശിക്കാനും പറ്റും.

വചനപ്രഘോഷണത്തിൽ ഡീക്കന്മാർക്ക് വൈദികരെ സഹായിക്കാനാവും. കൂദാശ പരികർമ്മങ്ങളിൽ ഡീക്കന്മാരുടെ സ്ഥാനം വളരെ പ്രാധാന്യമേറിയതാണ്. കൂദാശകൾ കൃത്യതയോടെയും ഭക്തിയോടെയും ആഘോഷിക്കുക എന്നതിലുപരി വിശ്വാസ സമൂഹത്തെ ഉദ്ബോധനത്തിലൂടെയും ആത്മീയ പങ്കുവയ്ക്കലുകളിലൂടെയും, കൂദാശ സ്വീകരണത്തിന് ഫലപ്രദമായി ഒരുക്കാനും അയാൾക്ക് സാധിക്കും.

ദൈവവചന ശുശ്രൂഷയുടെ മേഖലയിലും ഡീക്കന്മാരുടെ ദൗത്യം വൈവിധ്യമേറിയതാണ്. മുതിർന്നവർക്കുള്ള വേദപാഠ പരിശീലനത്തിലൂടെയും, ബൈബിൾ ക്ലാസുകളിലൂടെയും വ്യക്തിപരമായ നിർദ്ദേശങ്ങളിലൂടെയും അവരുടെ, വിശ്വാസ ജീവിതത്തെ ആഴപ്പെടുത്താൻ അദ്ദേഹത്തിനു കഴിയും. ഇടവകകളിൽ നിന്ന് അകന്നു നിൽക്കുന്ന കുടുംബങ്ങളെ അനുരഞ്ജനത്തിലേക്ക് കൂട്ടിക്കൊണ്ടു വരുവാനും, സുവിശേഷ മൂല്യങ്ങൾവഴി അനുദിനം ജീവിക്കാനായി വിശ്വാസ സമൂഹത്തെ പ്രോത്സാഹിപ്പിക്കാനും അദ്ദേഹത്തിനു കഴിയും.

ഉപവിശുശ്രൂഷയ്ക്ക് ഡീക്കൻ പട്ടവുമായി പ്രത്യേക ബന്ധമുണ്ട്. ദൈവത്തിന്റെ കാരുണ്യമുഖത്തിന്റെ സംവാഹകരാകാനുള്ള വിളിയാണിത്. ആദ്യത്തെ ഡീക്കന്മാർ തിരഞ്ഞെടുക്കപ്പെട്ടതു തന്നെ ഈ ലക്ഷ്യത്തിനു വേണ്ടിയായിരുന്നു. അതിനാൽ സമൂഹത്തിന്റെ സാമൂഹികവും ഭൗതികവും മനഃശാസ്ത്രപരവുമായ ആവശ്യങ്ങളെക്കുറിച്ച് ഡീക്കന്മാർ ശ്രദ്ധാലുക്കളാകണം. ഒപ്പം തന്നെ ദാരിദ്ര്യം അനുഭവിക്കുന്നവരും, പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ എല്ലാവരെയും പുണരാൻ പോന്നതാവണം അവരുടെ ക്രൈസ്തവിക ഉപവി.

സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരോടും സാമൂഹിക വേർതിരിവ് അനുഭവിക്കുന്നവരോടും ദളിതരോടും, ആദിവാസികളോടും അഭയാർത്ഥികളോടും, യുദ്ധത്തിന്റെയും ആക്രമണങ്ങളുടെയും ബലിയാടുകളായവരോടും ലിംഗ വേർതിരിവിന്റെ തിക്തഫലം അനുഭവിക്കുന്നവരോടും, ഡീക്കന്മാർക്ക് വലിയ ഉത്തരവാദിത്വമുണ്ട്.

ഡീക്കൻ വെറുമൊരു സാമൂഹിക പ്രവർത്തകനോ സാമൂഹിക മുന്നേറ്റങ്ങൾക്ക് ചുക്കാൻ പിടിക്കുന്നവനോ അല്ല. മറിച്ച് ക്രിസ്തുവിന്റെ കാരുണ്യത്തോടെ പതിതരെ തേടിയിറങ്ങുന്ന അഭിഷിക്തനായ ശുശ്രൂഷിയാണ് ഡീക്കൻ. ഈ രംഗത്ത് പുരോഹിതരേക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കാൻ ഡീക്കന്മാർക്കും പറ്റും.

സ്ഥിര ഡീക്കന്മാരുടെ ധർമ്മങ്ങളെയും അവകാശങ്ങളെയും പുരോഹിതരും ഒപ്പം ഡീക്കന്മാരും തിരിച്ചറിയേണ്ടതാണ്. അല്ലാത്തപക്ഷം അത് പുരോഹിതനും ഡീക്കന്മാരും തമ്മിലുള്ള അഭിപ്രായ ഭിന്നതക്കും വിയോജിപ്പിനും കാരണമാകും. മികവും കഴിവുമുള്ള ഒരു ഡീക്കന്റെയും കഴിവുകുറഞ്ഞ ഒരു പുരോഹിതന്റെയും ഒരേ ഇടവകയിലെ സാന്നിധ്യം ഗുണത്തെക്കാൾ ഏറെ ദോഷമേ വരുത്തുകയുള്ളൂ. പാശ്ചാത്യ സഭകളിൽ ഡീക്കൻസ്ഥാനം അപ്രത്യക്ഷമായതിന്റെ ഒരു കാരണം ഡീക്കന്മാരുടെയും പുരോഹിതരുടെയും അവകാശങ്ങളും ചുമതലകളും തമ്മിലുള്ള അവ്യക്തതയാകാം.

സഭയിലെ മറ്റു ശുശ്രൂഷകരെപ്പോലെ ഡീക്കന്മാരും ദിവ്യകാരുണ്യ കേന്ദ്രീകൃതമായ ആത്മീയത ഉള്ളവരായിരിക്കണം. തങ്ങളുടെ കഴിവുകളെക്കുറിച്ചും ബലഹീനതകളെക്കുറിച്ചും അവർ അവബോധമുള്ളവരായിരിക്കണം. ഡീക്കൻ ഉദാരമതിയും സംലഭ്യനും, എളിമയുള്ളവനും വിശാലമനസ്ക്കനുമായിരിക്കണം. സമൂഹത്തിന്റെ ആദ്ധ്യാത്മിക ഭൗതിക സ്പന്ദനങ്ങൾ അറിയുന്നവനും ഒപ്പം പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കുവേണ്ടി മെത്രാനോടും പുരോഹിതരോടും ചേർന്ന് നിസ്വാർത്ഥ സേവനത്തിന്റെ മാതൃകയാകേണ്ടവനുമാണ്.

വൈദികന്റെ പകരക്കാരൻ അല്ല ഡീക്കൻ. മറിച്ച് വൈദികനോടുള്ള മെത്രാനോടും ചേർന്നാണ് അദ്ദേഹത്തിന്റെ പ്രവർത്തനം. സ്ഥിരഡീക്കന്മാർ ദൈവികദാനമാണെന്നതിൽ സംശയമില്ല. ■

www.malankaralibrary.com



# നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു

ഡീക്കൻ സീസർ ബിഡിനൊറ്റൊ / ജി.കടൂപ്പാറ

2005 മുതൽ ഇറ്റലിയിലെ മിലാൻ രൂപതയിൽ ഡീക്കനായ സീസർ ബിഡിനൊറ്റൊയുമായി കാരുണികൻ സഹപത്രാധിപർ ജി.കടൂപ്പാറയിൽ സംസാരിക്കുന്നു.

■ ഡീക്കൻ എന്ന പദവിയുടെ തുടക്കം?

ഇത് പുരാതനവും നവീനവുമായ ഒരു ദൈവദാനമാണ്. പുരാതനം എന്ന് പറയാൻ കാരണം ആദിമ സഭയിൽ സ്ഥിരം ഡീക്കന്മാർ ഉണ്ടായിരുന്നു, അപ്പസ്തോലന്മാരെ സഹായിക്കാൻ. നടപടി പുസ്തകം 6:1-6 വരെ നമുക്കിത് വായിക്കാം. നവീനം എന്ന് പറയുന്നത്, രണ്ടാം വത്തിക്കാൻ കൗൺസിലിലാണ് ഈ പദവിക്ക് ഒരു പുനർജന്മം ഉണ്ടാകുന്നത്.

■ ആദിമ കാലഘട്ടത്തിലെ ഡീക്കന്റെ പദവി?

ഡീക്കന്റെ പദവി ഉയർന്നതായിരുന്നു. ദൈവവചനം പ്രസംഗിക്കുന്നതിൽ, ബിഷപ്പിനോടും സഭയോടും ചേർന്ന് പ്രവർത്തിക്കുക, പാവങ്ങളെയും വിധവകളെയും പ്രത്യേകമാംവിധത്തിൽ സഹായിക്കുക, ഇതൊക്കെയായിരുന്നു പ്രധാന ജോലികൾ. മെത്രാന്റെ കാതും കണ്ണും ഹൃദയവും മനസ്സും നാവുമായിരുന്നു ആദിമസഭയിലെ ഡീക്കൻ.

■ നഷ്ടപ്പെട്ട പ്രാധാന്യം?

അഞ്ചാം നൂറ്റാണ്ടുമുതൽ സങ്കീർണ്ണമായ ചരിത്രകാരണങ്ങളാൽ ഇതിന് ആദ്യമുണ്ടായിരുന്ന പ്രാധാന്യം കുറഞ്ഞു വന്നു. വൈദികാർത്ഥിക്ക് പൗരോഹിത്യത്തിലേയ്ക്കുള്ള യാത്രയിൽ കടക്കുവാനുള്ള ഒരു ഘട്ടം മാത്രമായി ഇത് തീർന്നു. 1563ൽ ത്രെന്റ് കൗൺസിൽ ഡീക്കൻ പദവിയുടെ പ്രാധാന്യം ആദിമ സഭയിലേതുപോലെ ആക്കണം എന്ന് ഡിക്രി പുറപ്പെടുവിച്ചെങ്കിലും അത് കടലാസിൽ മാത്രം ഒതുങ്ങി.

■ രണ്ടാം വത്തിക്കാൻ സൂനഹദോസ് (1962-1965)?

പല നവസംരംഭങ്ങൾക്കും രണ്ടാം വത്തിക്കാൻ കൗൺസിൽ തുടക്കം കുറിച്ചതുപോലെ സ്ഥിരം ഡീക്കൻ എന്ന കാര്യത്തിനും ഇവിടെയാണ് പുനർജന്മം. ജനതകളുടെ പ്രകാശം നമ്പർ 29ൽ ഡയക്കനേറ്റിനെ നിർവ്വചിച്ചിരിക്കുന്നു.."

■ ഇറ്റലിയിൽ എന്ത് പ്രാബല്യത്തിലായി?

1972-ൽ ഇറ്റലിയിൽ ബിഷപ്സ് കോൺഫറൻസ് സ്ഥിരം ഡീക്കന്മാരെ നിയമിക്കുന്നതിനായി തീരുമാനിച്ചു. റേജിയോ എമിലിയാ എന്ന രൂപതയിലാണ് ആദ്യമായി സ്ഥിരം ഡീക്കന്മാർ യാഥാർത്ഥ്യമായത്. മിലാൻ രൂപതയിൽ 1986 ഡിസംബർ 7-ാം തിയതി, കർദ്ദിനാൾ മർത്തീനി സ്ഥിരം ഡീക്കന്മാരുടെ പദവി പുനഃസ്ഥാപിക്കുന്നതായി പ്രഖ്യാപിച്ചു. അങ്ങനെ

www.malankaralibrary.com



ഡീക്കൻ സീസർ, ഭാര്യ മരിയ ക്രിസ്റ്റീനയോടും അവരുടെ മെത്രാൻ ഡിയനോജി റ്റെറ്റാമാൻസിയോടും ഒപ്പം

ഇവിടെയും ഇത് പുനരാരംഭിച്ചു.

■ ഇപ്പോൾ എന്താണ് ഒരു സ്ഥിരം ഡീക്കൻ ചെയ്യുന്നത്?

ഡീക്കൻ പട്ടം കിട്ടിയ ദൈവജനശുശ്രൂഷിയാണ് ഇദ്ദേഹം. പക്ഷേ പുരോഹിതനല്ല. അതിനാൽത്തന്നെ ബലിയർപ്പിക്കാനോ, പാപമോചനം നൽകാനോ പറ്റില്ല. എന്നാൽ സാധാരണ അൽമായനുമല്ല. ഡീക്കന് സ്വന്തമായ തിരുവസ്ത്രങ്ങളും, അൽത്താരയിൽ സ്ഥാനവും, കുർബാനയ്ക്കിടയിൽ സുവിശേഷം വായിക്കാനും വചനം വ്യാഖ്യാനിക്കാനുമുള്ള അധികാരവും ഉണ്ട്. മാമോദീസ നടത്താനും, മൃതസംസ്കാര ശുശ്രൂഷയിൽ അനുഗമിക്കാനും ഉള്ള അംഗീകാരം ഉണ്ട്.

■ ആർക്കാണ് ഡീക്കൻ ആകാൻ പറ്റുക?

പ്രായപൂർത്തിയായ പക്വതയുള്ള ഒരാൾക്ക് ഡീക്കൻ പദവി നൽകാം. വിവാഹിതനോ അവിവാഹിതനോ ആകാം. അവിവാഹിതനാണെങ്കിൽ അയാൾക്ക് പിന്നീട് വിവാഹം കഴിക്കാൻ സാധ്യമല്ല, ബ്രഹ്മചാരിയായി തുടരണം.

■ മിലാനിലെ ഡീക്കന്മാരുടെ എണ്ണം?

മിലാൻ രൂപതയിൽ ഇപ്പോൾ 110 സ്ഥിരം ഡീക്കന്മാരുണ്ട്. അൻപതോളം പേർ ട്രെയിനിംഗിലും ഉണ്ട്.

■ പരിശീലനം എങ്ങനെയാണ്?

ഓർഡിനേഷൻ സ്വീകരിക്കുന്നതിനുമുൻപ് പരിശീലനത്തിലൂടെ കടന്നുപോകണം. 2005 ഒക്ടോബർ 2നായിരുന്നു എന്റെ ഓർഡിനേഷൻ. അതിനു മുൻപ് പല കോഴ്സുകളിലും സെമിനാറുകളിലും സംബന്ധിച്ചു. ഇപ്പോഴും തുടർ പരിശീലനത്തിലൂടെ കടന്നുപോകുന്നു. തുടർ പരിശീലനം എല്ലാ ഡീക്കന്മാർക്കും നിർബന്ധമാണ്.

■ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു?

ആദ്യ പ്രവർത്തനങ്ങൾ ഇടവകയിൽ സഹായിക്കുക എന്നതായിരുന്നു. കുർബാന നൽകുക, രോഗികളെ സന്ദർശിക്കുക, കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പിനൊപ്പം ആയിരിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ. പിന്നീട് ഇവിടുത്തെ കർദ്ദിനാൾ എന്നെ മാനസിക വൈകല്യമുള്ള കുട്ടികൾക്കായുള്ള ആശുപത്രിയിലേക്ക് നിയമിച്ചു. 200ൽ അധികം കുട്ടികൾ! ആദ്യഘട്ടത്തിൽ എന്തു ചെയ്യണമെന്ന് അറിയാത്ത അവസ്ഥ. പക്ഷേ പിന്നീട് എല്ലാം ശരിയായി.

■ അവർ കാണുന്ന വിധം?

ആദ്യം ഞാനും ഭാര്യയും കൂടി അവിടെ ചെല്ലുമ്പോൾ അവർക്ക് അത് മനസ്സിലാക്കാൻ പറ്റില്ലായിരുന്നു. പ്രോട്ടസ്റ്റന്റ് പാസ്റ്ററാണ് എന്നാണവർ കരുതിയത്, കൂടെ ഭാര്യയും ഉണ്ടല്ലോ. കത്തോലിക്കാസഭയിലെ പുരോഹിതനേയേ അവർക്കറിയൂ. വിവാഹിതനായ ഡീക്കനെക്കുറിച്ച് അവർക്ക് ചിന്തിക്കാനാവുമായിരുന്നില്ല, ആദ്യകാലത്ത്. ഇപ്പോൾ മാറി വരുന്നു.

■ കുടുംബം, സഭാസമൂഹം. ഏതിനാണ് കൂടു

www.malankaralibrary.com

തൽ പ്രാധാന്യം?

ഏറ്റവും കൂടുതൽ പ്രാധാന്യം ഇവ രണ്ടിനും അല്ല. ദൈവത്തിന് നൽകുന്നു. ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുമ്പോൾ പ്രശ്നങ്ങൾ ഇല്ലാതാകുന്നു. ഓരോ ഡീക്കന്റെയും വ്യക്തിത്വം, കുടുംബ പശ്ചാത്തലം, ജോലിയുടെ ഉത്തരവാദിത്വം ഇതനുസരിച്ചായിരിക്കും ഓരോരുത്തരും ഓരോ മുൻഗണനാക്രമം ഉണ്ടാക്കുന്നത്. വിവാഹിതനായ ഒരു ഡീക്കൻ തന്റെ ഭാര്യയ്ക്കും മക്കൾക്കുമാണോ അതോ താൻ ശുശ്രൂഷിക്കാൻ നിയുക്തനായിരിക്കുന്ന സമൂഹത്തിനാണോ ആദ്യസ്ഥാനം നൽകുന്നത് എന്ന ചോദ്യത്തിന് ഒരു പൊതുഉത്തരം ഞാൻ നൽകുന്നില്ല. എന്റെ വ്യക്തിപരമായ കാര്യം പറയാം.

■ ഞാനും ഭാര്യയും എന്റെ ഡീക്കൻ സ്ഥാനവും.

എന്റെ പ്രവർത്തനങ്ങൾ പ്രധാനമായും ശനിയും ഞായറും പിന്നെ ആഴ്ചയിലെ ഏതെങ്കിലും ഒരു ദിവസം കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പുമൊത്തും ആണ്. എല്ലാദിവസവും വി. കുർബാനയിൽ പങ്കെടുക്കുകയും, വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തുകയും ചെയ്യുന്നു. സത്യത്തിൽ എന്റെ വൈവാഹിക ജീവിതവും ശുശ്രൂഷാപ്രവർത്തനവും ഒന്നിച്ചു കൊണ്ടുപോകുന്നതിന് ഒരിക്കലും ബുദ്ധിമുട്ട് അനുഭവിച്ചിട്ടില്ല. കാരണം ഇപ്പോൾ എന്റെ പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും എന്റെ ഭാര്യയും പങ്കാളിയാകുന്നു എന്നത് തന്നെ. സങ്കീർണ്ണമായ സാഹചര്യങ്ങളിൽ ഭാര്യയുടെ സഹായവും സാന്നിദ്ധ്യവും ഏറെ ഫലപ്രദമായി അനുഭവപ്പെടുന്നു. പിന്നെ ഞങ്ങളുടെ ആത്മീയ പിതാവിന്റെ സഹായത്തോടെ അച്ചടക്കത്തോടും ഉത്തരവാദിത്വത്തോടുംകൂടെ ജീവിതം തുടരാനും സാധിക്കുന്നു. ജോലിക്കിടയിലും സുഹൃത്തുക്കളോടും ഭാര്യയോടുമൊത്ത് ചിലവഴിക്കാനുള്ള സമയം കണ്ടെത്തുന്നു.

■ വിശ്വാസസമൂഹവും വിവാഹിതനായ ഡീക്കനും

വിവാഹിതരായ ഡീക്കന്മാരെ ജനം അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നതിനേക്കാൾ ഉപരി പ്രാധാന്യമർഹിക്കുന്ന കാര്യം വിവാഹിതനായ ഡീക്കൻ എന്ന ആശയം അവർക്കറിയില്ല എന്നതാണ്. ആയിരം വർഷങ്ങൾക്കപ്പുറം നിന്നുപോയ ഒരു സഭാപാരമ്പര്യം നമ്മൾ പുനരാരംഭിക്കുമ്പോൾ ആദ്യമേ അത് വളരെ വ്യക്തതയോടും കൃത്യതയോടുംകൂടി ജനങ്ങളെ അറിയിക്കുക, പഠിപ്പിക്കുക, ബോധ്യപ്പെടുത്തുക. അപ്പോൾ പ്രശ്നങ്ങൾ ഉണ്ടാവില്ല. ഡീക്കന്റെ സഭയിലുള്ള വ്യക്തിത്വവും സ്ഥാനവും പ്രവർത്തനങ്ങളും പ്രാധാന്യവും അറിഞ്ഞു കഴിയുമ്പോൾ വിശ്വാസസമൂഹം ഇതിനെ തീർച്ചയായും അംഗീകരിക്കുന്നു. ഇതാണ് എന്റെ അനുഭവം.

■ പുരോഹിതർ, ഡീക്കൻ, വിശ്വാസസമൂഹം

വിശ്വാസസമൂഹം അംഗീകരിക്കുന്നു എന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. പുരോഹിതർക്കും യാതൊരു പ്രശ്നവുമില്ല. അവർ സ്നേഹത്തോടെ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഈ പ്രദേശത്തെ പുരോഹിതരുടെ അഭ്യർത്ഥന പ്രകാരമാണ് ഇവിടെ ജോലിചെയ്യാൻ ബിഷപ്പ് എന്നെ നിയമിച്ചിരിക്കുന്നത്.

ബൈബിളിലും പാരമ്പര്യത്തിലും ഉള്ള സ്ഥിര ഡീക്കന്മാർ എന്ന കാര്യം ഈ നൂറ്റാണ്ടിലും പ്രസക്തമാണ് എന്ന് സ്വന്തം ജീവിതത്തിന്റെ വെളിച്ചത്തിൽ

> ആദ്യം ഞാനും ഭാര്യയും കൂടി അവിടെ ചെല്ലുമ്പോൾ പ്രോട്ടസ്റ്റന്റ് പാസ്റ്ററാണ് എന്നാണവർ കരുതിയത്, കൂടെ ഭാര്യയും ഉണ്ടല്ലോ.

ഡീക്കൻ സീസർ പറഞ്ഞവസാനിപ്പിച്ചു. പിന്നീട് ഞാൻ ഡോൺ പിയെറോ ദി സ്റ്റേഫനി എന്ന ഇടവക വികാരിയോട് ഡീക്കന്മാരെക്കുറിച്ച് ചോദിച്ചു. കാരണം അദ്ദേഹത്തിന്റെ ഇടവകയിൽ ഡീക്കൻ സേവനം ചെയ്യുന്നുണ്ട്. ഡോൺ പിയെറോയുടെ അഭിപ്രായത്തിൽ Permanent dioconate വളരെ നല്ല കാര്യമാണ്. അൽമായരും പുരോഹിതരും തമ്മിലുള്ള ശക്തമായ ഒരു കണ്ണിയാണ് വിവാഹിതനായ ഒരു ഡീക്കൻ. ഇവരെ കൂടുതൽ ഭാഗഭാക്കാക്കുന്നതോടുകൂടി ജനത്തിന്റെ ക്ലേശങ്ങൾ കൂടുതൽ മനസിലാക്കാനും പരിഹരിക്കാനും പറ്റും. ഡോൺ പിയെറോയും ശുഭാപ്തി വിശ്വാസിയാണ് ഇക്കാര്യത്തിൽ. ■

www.malankaralibrary.com



# വനിതാ ഡീക്കന്മാർ

ഡോ. ജോർജ്ജ് തേറുകാട്ടിൽ MCBS
*മോറൽ തിയോളജി പ്രൊഫസർ, സനാതന സെമിനാരി, താമരശ്ശേരി*

സ്ത്രീകൾക്ക് ഡീക്കൻപട്ടം കൊടുക്കാമോ? ഈ കാര്യത്തിൽ സഭാചരിത്രവും പാരമ്പര്യവും എന്ത് പറയുന്നു? ഒരന്വേഷണം

വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലാണ് (C.55-58 A.D) വനിതാ ഡീക്കന്മാരെക്കുറിച്ചുള്ള ഏറ്റവും പഴയ പരാമർശം നാം കാണുന്നത്. വി. പൗലോസ്ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ (58 AD) ഒരു വനിതാ ശുശ്രൂഷയെ കുറിച്ച് വളരെ വ്യക്തമായ ഒരു പരാമർശം നടത്തുന്നുണ്ട്. "ചെങ്ക്രയിലെ സഭയിൽ ഡീക്കനായ നമ്മുടെ സഹോദരി ഫൊബെയെ നിങ്ങൾക്കു ഞാൻ ഭരമേൽപ്പിക്കുന്നു" (റോമാ 16:1). സഭാ ശുശ്രൂഷകൾക്ക് ഔദ്യോഗികമായി നേതൃത്വം നൽകുന്ന വനിതാ ശുശ്രൂഷകരെക്കുറിച്ച് സഭാചരിത്രകാരന്മാരും യോജിക്കുന്നുണ്ട്.

വനിതാ ഡീക്കന്മാർക്ക് അവശ്യം വേണ്ട ഏതാനും യോഗ്യതകളെക്കുറിച്ച് 1 തിമോ 3:8–13ൽ നാം വായിക്കുന്നുണ്ട്. "അപ്രകാരം തന്നെ അവരുടെ സ്ത്രീകൾ ഗൗരവബുദ്ധികളും, പരദൂഷണം പറയാത്തവരും സംയമനമുള്ളവരും എല്ലാ കാര്യങ്ങളിലും വിശ്വസ്തരുമായിരിക്കണം. കാരണം ഡീക്കന്മാരായി ശുശ്രൂഷ ചെയ്യുന്നവർ ബഹുമാന്യമായസ്ഥാനം നേടുകയും യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അടിയുറച്ച് ആത്മധൈര്യം സമ്പാദിക്കുകയും ചെയ്യും". 'അവരുടെ സ്ത്രീകൾ' എന്ന പ്രയോഗംകൊണ്ട് വിവക്ഷിക്കുന്നത് ഡീക്കന്മാരുടെ പത്നികളെയല്ല മറിച്ച് സഭയിൽ ശുശ്രൂഷ നടത്തിയിരുന്ന വനിതാ ഡീക്കന്മാരെയാണെന്നാണ് പണ്ഡിതമതം.

കോൺസ്റ്റാന്റിനോളിൽ, കോൺസ്റ്റന്റയിൻ കാലഘട്ടത്തിനു ശേഷം ജീവിച്ചിരുന്ന 'ഒളിമ്പ്യാസ്' ഒരു വനിതാ ഡീക്കന് മകുടോദാഹരണമാണ്. ഭർത്താവിന്റെ മരണശേഷം ഡീക്കൻ പദവിയിലേക്കുയർത്തപ്പെട്ട ഈ വനിത തന്റെ ഭൂസ്വത്തും പണവും സഭയ്ക്ക് ദാനമായി കൊടുത്തുകൊണ്ട് മാതൃക കാട്ടി. പൗരസ്ത്യ പിതാക്കന്മാരായ നീസ്സായിലെ വി. ബേസിലിന്റെയും, വി. ഗ്രിഗറിയുടെയും ജ്യേഷ്ഠ സഹോദരിയായി എ.ഡി 330ൽ ജനിച്ച വി. മക്രീന, സ്വന്തമായി ഒരു ആശ്രമ സമൂഹത്തിനു രൂപം കൊടുത്ത ആദിമ സഭയിലെ പ്രശസ്തയായ ഒരു വനിതാ ഡീക്കനായിരുന്നു. എ. ഡി 383ൽ റോമിൽ ജീവിച്ചിരുന്ന മെലീനായും മികവുറ്റ ഒരു വനിതാ ഡീക്കനായിരുന്നു.

സഭാശുശ്രൂഷകളിൽ ഏർപ്പെട്ടിരുന്ന വനിതാ ഡീക്കന്മാരെയും, വിധവകളെയും തമ്മിൽ വേർതിരിക്കുക അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് ഭൂരിപക്ഷം കത്തോലിക്കാ പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ദിദസ്കാലിയ (C 230) ഈ രണ്ട് വിഭാഗക്കാരെയും വ്യത്യസ്ത ഗണങ്ങളായിട്ടാണ് കരുതുന്നത്.

www.malankaralibrary.com



എ.ഡി 692 ലെ ട്രൂള്ളോ കൗൺസിൽ വനിതാ ഡീക്കന്മാരുടെ പ്രായം 40 വയസ് ആയി നിശ്ചയിച്ചു. സഭാപിതാവായ തെർത്തുല്യൻ, ഡീക്കൻ പദവിയിലേക്കുയർത്തപ്പെട്ട ഒരു 20 വയസുകാരി പെൺകുട്ടിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. 4-ാം നൂറ്റാണ്ടിലും 5-ാം നൂറ്റാണ്ടിലും സഭയിൽ വനിതാ ഡീക്കന്മാർ ഉണ്ടായിരുന്നുവെന്നതിന് രേഖകളുണ്ട്.

ഡീക്കന്മാരുടെ പട്ടാഭിഷേക രീതിയിൽ ആദിമസഭയിൽ വനിതാഡീക്കന്മാരെയും അഭിഷേകം ചെയ്യുന്നതിനെക്കുറിച്ച് അപ്പസ്തോലിക പ്രബോധനങ്ങളിൽ (Appostolic Constitutions) പറയുന്നുണ്ട്. "വനിതാ ഡീക്കന്മാരുടെ കാര്യത്തിൽ നീ ഇപ്രകാരം പറഞ്ഞുകൊണ്ട് വൈദിക ഗണത്തോടും ഡീക്കന്മാരോടും ഒപ്പം ഒരുവളുടെമേൽ കൈവയ്ക്കണം: കർത്താവീശോമിശിഹായുടെ പിതാവായ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ ദൈവമേ, വനിതാ ഡീക്കൻ പദവിയിലേക്കുയർത്തപ്പെടുന്ന അങ്ങയുടെ ഈ എളിയ ദാസിയെ കൃപയോടെ കടാക്ഷിക്കണമേ. അങ്ങയുടെ പരിശുദ്ധാത്മാവിനെ ഇവളിലേയ്ക്ക് വർഷിക്കണമേ. മാംസത്തിന്റെയും അരൂപിയുടെയും എല്ലാ മാലിന്യങ്ങളിൽ നിന്നും ഇവളെ വിമുക്തയാക്കണമേ; ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വം വിശ്വസ്തതയോടെ നിർവ്വഹിച്ച് അങ്ങയുടെ മഹത്വം എല്ലായിടത്തും പ്രഘോഷിക്കുവാനും ഇവൾക്കു കഴിയുമാറാകട്ടെ".

എന്നാൽ പാശ്ചാത്യ സഭയിലെ കാര്യം വ്യത്യസ്തമായിരുന്നു. പാശ്ചാത്യസഭ വനിതാ ഡീക്കന്മാരെ അംഗീകരിക്കാൻ വിമുഖത കാട്ടിയിരുന്നു. എ.ഡി 394 ൽ കൂടിയ നിസ്മെസ് കൗൺസിൽ, സ്ത്രീകളുടെ ദൈവാലയ ശുശ്രൂഷ നിരാകരിക്കുകയും എ.ഡി 411ലെ ഓറഞ്ച് കൗൺസിൽ, വനിതാ ഡീക്കൻ പട്ട ശുശ്രൂഷയെ വിലക്കുകയും ചെയ്തു.

വനിതാ ഡീക്കനായി ഉപയോഗിച്ചിരുന്ന ഗ്രീക്കു പദത്തെ ഡീക്കന്റെ ഭാര്യയെന്ന അർത്ഥത്തിൽ വ്യാഖ്യാനിക്കുന്ന പണ്ഡിതരുണ്ട്. പ്രായപൂർത്തിയായവരുടെ മാമോദീസ പ്രചാരത്തിലിരുന്ന കാലത്താണ് വനിതാഡീക്കന്മാരുടെ ആവശ്യം ഉണ്ടായിരുന്നതെന്ന വാദവും ഉണ്ട്. സ്ത്രീകളുടെ ശരീരത്തിൽ തൈലം പൂശുന്നതും മറ്റും അവരുടെ കടമയായിരുന്നു.

ജസ്റ്റിനിയൻ കാലഘട്ടത്തിലും (എ.ഡി 565) വനിതാഡീക്കന്മാർക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ, സെന്റ് സോഫിയ പള്ളിയിൽ 60 പുരോഹിതരും, 100 ഡീക്കന്മാരും 40 വനിതാ ഡീക്കന്മാരും 90 സബ്ഡീക്കന്മാരും ഉണ്ടായിരുന്നതായി ഔദ്യോഗിക രേഖകൾ കാണിക്കുന്നു. എന്നാൽ അന്ത്യോക്യായിലെ പാത്രിയാർക്കീസായിരുന്ന ബാൽസ്മാന്റെ (എ.ഡി 1070) പരാമർശം ഇവിടെ ശ്രദ്ധേയ

www.malankaralibrary.com

മാണ്. "വനിതാഡീക്കന്മാർ എന്ന പേരിൽ ഏതാനും ചില സന്യാസിനികൾ ഉണ്ടായിരുന്നുവെങ്കിലും നിയതാർത്ഥത്തിലുള്ള വനിതാ ഡീക്കന്മാർ സഭയിൽ ഇല്ലാതായിരിക്കുന്നു".

ക്രിസ്തുമതം കൂടുതൽ വ്യവസ്ഥാപിതമായ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ഭരണകാലത്ത് വനിതാ ഡീക്കന്മാരുടെ പ്രാധാന്യം കുറഞ്ഞു പോയതായി കാണുന്നു. അഞ്ചും ആറും നൂറ്റാണ്ടുകളായപ്പോഴേക്കും പടിഞ്ഞാറൻ റോമാ സാമ്രാജ്യത്തിൽ വനിതാ ഡീക്കന്മാരുടെ പദവിക്ക് മങ്ങലേറ്റു. എ. ഡി 441-ൽ നടന്ന ഓറഞ്ച് കൗൺസിലും ഓർലിയൻസ് കൗൺസിലും വനിതാഡീക്കന്മാരുടെ അഭിഷേകം നിരോധിച്ചു. ഇതിനുശേഷവും പാശ്ചാത്യ സഭയിൽ വനിതാഡീക്കന്മാരെക്കുറിച്ചുള്ള പരാമർശങ്ങൾ ഇടക്കിടെ കാണുന്നുണ്ട്. വിശുദ്ധ ജീവിതം നയിച്ചിരുന്ന കന്യകകൾക്കും വിധവകൾക്കും ബഹുമാനാർത്ഥം കൊടുത്തിരുന്ന പേരായിരുന്നോ ഇത് എന്നതിൽ സംശയമുണ്ട്.

## കടമകളും ഉത്തരവാദിത്വങ്ങളും

ഡീക്കന്മാർ സഭയിലെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നു. ഇതേ പ്രവർത്തനങ്ങൾ തന്നെയാണ് വനിതാഡീക്കന്മാരും നിർവ്വഹിച്ചിരുന്നത്. സ്ത്രീകളുടെ മാമോദീസയുടെ ശുശ്രൂഷകളിൽ ലേപനശുശ്രൂഷ വനിതാ ഡീക്കന്മാരുടെ ചുമതലയായിരുന്നു. ദിദസ്കാലിയ ഈ ചുമതല ചെയ്യാൻ വനിതാഡീക്കന്മാർക്ക് നിർദ്ദേശം കൊടുക്കുന്നുണ്ട്. ദൈവാലയത്തിൽ ദൈവാരാധനക്കായി അണയുന്ന സ്ത്രീജനങ്ങൾക്ക് ആവശ്യകമായ നിർദ്ദേശങ്ങൾ നൽകി ദൈവാലയത്തിൽ അടുക്കും ചിട്ടയും പാലിക്കുന്നത് വനിതാഡീക്കന്മാരുടെ ചുമതലയായിരുന്നു. 'ഡിഡാക്കെ' അപ്പസ്തോലിക പ്രബോധനങ്ങൾ അനുസരിച്ച് പുരോഹിത ശ്രേഷ്ഠരുടെയും ബലിയർപ്പണത്തിനായി അണയുന്ന സ്ത്രീ ജനങ്ങളുടെയും മദ്ധ്യവർത്തിയായി നിലകൊണ്ടത് ഈ വനിതാഡീക്കന്മാരാണ്.

## പ്രൊട്ടസ്റ്റന്റ് സഭകളിലെ വനിതാ ഡീക്കന്മാർ

കത്തോലിക്കാ സഭയിൽ നിന്നു വ്യത്യസ്തമായി ജർമ്മനി, അമേരിക്ക മുതലായ രാജ്യങ്ങളിൽ വനിതാ ഡീക്കന്മാരുടെ സ്ഥാനം ആധുനിക കാലത്ത് പ്രചാരത്തിലായിവരുന്നു. 1833 കെയ്സ് വെർത്തിൽ ലൂഥറൻ പാസ്റ്റർ ഫ്‌ളയിഡ്നർ ആണ് ഈ തരംഗത്തിന് തുടക്കം കുറിച്ചത്. ആംഗ്ലിക്കൽ സഭയിലും അമേരിക്കയിലെ പ്രൊട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ, മെത്തഡിസ്റ്റ് എപ്പിസ്കോപ്പൻ സഭകളിലും ആഘോഷപൂർവ്വമായ കൈവയ്പ്പു ശുശ്രൂഷയിലൂടെ മെത്രാന്മാരാണ് വനിതാ ഡീക്കന്മാരെ നിയമിക്കുന്നത്.

അഭിഷിക്തരായ വനിതകളെന്ന നിലയിലുള്ള ഔദ്യോഗിക വനിതാ ഡീക്കൻ സംവിധാനത്തിനുള്ള ഉറപ്പുള്ള തെളിവുകൾ പുതിയ നിയമത്തിൽ ലഭ്യമല്ല. പൗലോസ് റോമാക്കാർക്ക് എഴുതുന്ന ലേഖനത്തിലെ പരാമർശം പലരീതിയിൽ വ്യാഖ്യാനിക്കാവുന്നതാണ്. ഇതുതന്നെയാണ് 1തിമോ 5:3-10 ന്റെ കാര്യത്തിലും. ■

*......പേജ് 35-ൽ നിന്ന് തുടർച്ച*

### ശെമ്മാശന്മാരുടെ ശവസംസ്ക്കാരക്രമം

മലങ്കര സുറിയാനി കത്തോലിക്കാസഭാ ആരാധനക്രമമനുസരിച്ച് വൈദികരുടെ ശവസംസ്ക്കാരശുശ്രൂഷയുടെ ആദ്യത്തെ അഞ്ച് ശുശ്രൂഷകൾ ശെമ്മാശന്മാരുടെ ശവസംസ്ക്കാരത്തിന് ഉപയോഗിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പാരമ്പര്യത്തിലടിസ്ഥാനപ്പെടുത്തി, വത്തിക്കാൻ സുന്നഹദോസിന്റെ പഠനങ്ങളുടെ വെളിച്ചത്തിൽ സഭയുടെ അനുദിന ജീവിതക്രമത്തിലും പ്രേഷിത പ്രവർത്തനങ്ങളിലും സജീവമായ പങ്കാളിത്തം ഉറപ്പാക്കാനാണ് സ്ഥിരശെമ്മാശപദവിയിലൂടെ സഭ ആഗ്രഹിക്കുന്നത്. ദൈവാനുഭവ തീക്ഷ്ണതയും സഭാസ്നേഹവും സമർപ്പണ ബുദ്ധിയുമുള്ള അല്മായരെ കൂടുതലായി സഭയുടെ ശുശ്രൂഷയിൽ പങ്കാളികളാക്കുക എന്ന പ്രത്യേകമായ ലക്ഷ്യവും ഇതിലടങ്ങിയിരിക്കുന്നു. പൗരോഹിത്യ ശുശ്രൂഷ വ്യവസ്ഥാപിതവും വികേന്ദ്രീകൃതവുമായ സംവിധാനങ്ങളിലൂടെ ദൈവജനത്തിന് സംലഭ്യമാക്കാൻ ഇത് ഉപകരിക്കുമെന്ന് സഭ പ്രത്യാശിക്കുന്നു. ■

www.malankaralibrary.com



# ഡീക്കന്മാർ മലങ്കര സഭയിൽ

മോസ്റ്റ് റവ. തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി.
*കൂരിയാ മെത്രാൻ, മലങ്കര സുറിയാനി കത്തോലിക്കാസഭ, തിരുവനന്തപുരം*

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സ്ഥിര ശെമ്മാശന്മാരുടെ പരിശീലനത്തിനും ശുശ്രൂഷാ നിർവ്വഹണത്തിനുമായി തയ്യാറാക്കിയിരിക്കുന്ന ക്രമീകരണങ്ങളെക്കുറിച്ച് മലങ്കര കത്തോലിക്കാ സഭയുടെ കൂരിയാ മെത്രാൻ എഴുതുന്നു.


സഭയിൽ ശെമ്മാശ ശുശ്രൂഷാ സ്ഥാനത്തിന് സമ്പന്നമായ ഒരു ചരിത്രമുണ്ട്. "അതുകൊണ്ട്, പന്ത്രണ്ടുപേർ, ശിഷ്യരുടെ സമൂഹത്തെ ഒന്നിച്ചുകൂട്ടി പറഞ്ഞു: ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നത് ശരിയല്ല. അതിനാൽ സഹോദരരേ സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങളിൽനിന്ന് കണ്ടുപിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏൽപിക്കാം... അവർ പ്രാർത്ഥിച്ചിട്ട് അവരുടെമേൽ കൈകൾ വച്ചു" (അപ്പ. പ്ര 6:2-4). പുതിയ നിയമത്തിലെ ഈ വേദഭാഗം സഭയിൽ ശെമ്മാശ ശുശ്രൂഷാപദവിയുടെ ആരംഭം കുറിക്കലായിരുന്നു.

സഭയിലെ അധികാരശ്രേണിയിലെ ആദ്യകണ്ണികളാണ് ശെമ്മാശന്മാർ. വി. പൗലോസ്ശ്ലീഹാ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിലും (1:1), തീമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനത്തിലും (3:8-13) ശെമ്മാശന്മാരെപ്പറ്റി പ്രതിപാദിക്കുന്നു. സഭാപിതാക്കന്മാരുടെ രചനകളിലും പ്രബോധനങ്ങളിലും ശെമ്മാശസ്ഥാനീയരെക്കുറിച്ച് വ്യക്തമായ പ്രതിപാദനങ്ങളുണ്ട്. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ പ്രമാണരേഖകളായ Lumen Gentuim (29), Ad Gentes (16) എന്നിവയിൽ സ്ഥിരശെമ്മാശ ശുശ്രൂഷാസ്ഥാനം പുന: സ്ഥാപിക്കുന്നതിനെക്കുറിച്ച് നിർദേശിക്കുന്നു. പുരോഹിത ശുശ്രൂഷാസ്ഥാനീയരിലൂടെ നമ്മുടെ കർത്താവ് അപ്പസ്തോലന്മാരെ ഭരമേല്പിച്ച പൗരോഹിത്യധർമ്മം ലോകാവസാനം വരെ സഭയിൽ തുടരുന്നു.

ആദ്യത്തെ അഞ്ച് നൂറ്റാണ്ടുകളിൽ സഭയിൽ ഈ പട്ടത്വസ്ഥാനം എല്ലാ ഭൂപ്രദേശങ്ങളിലും തഴച്ചു വളർന്നു. എന്നാൽ വിവിധ കാരണങ്ങളാൽ പാശ്ചാത്യ സഭയിൽ പലയിടത്തും ഈ ശെമ്മാശ ശുശ്രൂഷപദവി അപ്രത്യക്ഷമായി. പൗരോഹിത്യ സ്വീകരണത്തിന്റെ വെറും മുന്നൊരുക്കമായി ഇതിന്റെ പ്രാധാന്യം കുറച്ച് ചിത്രീകരിക്കപ്പെട്ടു. എന്നാൽ ഭാഗ്യവശാൽ പൗരസ്ത്യ സഭയിൽ സ്ഥിരശെമ്മാശന്മാർക്ക് സമുന്നതസ്ഥാനമാണ് എന്നും ഉണ്ടായിരുന്നത്.

ത്രെന്തോസ് സുന്നഹദോസ് (1954-63) സ്ഥിരശെമ്മാശപദവി തിരികെ കൊണ്ടുവരുന്നതിനും സഭയിലാകമാനം നടപ്പിൽ വരുത്തുന്നതിനും ശ്രമിച്ചെങ്കിലും 1967-ൽ പോൾ ആറാമൻ മാർപാപ്പയാണ് സ്ഥിരശെമ്മാശ

www.malankaralibrary.com




പദവി പാശ്ചാത്യസഭയിൽ തിരികെ കൊണ്ടുവരാൻ തീരുമാനിച്ചത്. 1998-ൽ ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ സ്ഥിരശെമ്മാശന്മാരെ സംബന്ധിച്ച് രണ്ട് സുപ്രധാന രേഖകൾ പുറപ്പെടുവിച്ചു. "The basic norms for the formation of permanent deacon", "The directory for the ministry and life of permanent deacons" എന്നിവയാണവ. മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ സ്ഥിരശെമ്മാശന്മാരുടെ സ്ഥാനവും പങ്കും നിർണയിക്കുന്നതിലും അവരുടെ രൂപീകരണം സഭയിൽ ഏകീകൃത സ്വഭാവം ആർജിക്കുന്നതിനും ആരാധനശുശ്രൂഷയിലും അജപാലനരംഗത്തും സഭാശുശ്രൂഷാമേഖലകളിലും അവരുടെ സ്ഥാനം വ്യക്തമാക്കുന്നതിനും മേൽപറഞ്ഞ രേഖകൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

1967 ജൂൺ 18-ാം തീയതി 'Sacrum dioconatus ordinem' എന്ന രേഖയിലൂടെ പോൾ ആറാമൻ മാർ പാപ്പാ സ്ഥിരശെമ്മാശൻ പദവി (Permanent deacon) ആഗോളസഭയിൽ പുന:സ്ഥാപിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ തീരുമാനം നടപ്പിൽ വരുത്തി.

മലങ്കര സുറിയാനി കത്തോലിക്കാസഭ വി. വേദപുസ്തകത്തിന്റെയും സഭാപാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ സഭയിൽ സ്ഥിരശെമ്മാശ പദവി "സ്വകീയവും സ്ഥായിയായതുമായ അധികാരശ്രേണിയായി" (LG 29) പുനഃസൃഷ്ടിക്കുവാൻ തീരുമാനിച്ചു. രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഈ ശുശ്രൂഷയുടെ പ്രാധാന്യം എടുത്തുപറയുന്നു: ''അധികാരപദവിയുടെ താഴ്ന്നനിലയിലുള്ളവരാണ് ശെമ്മാശന്മാർ. പൗരോഹിത്യത്തിനുവേണ്ടിയല്ല, ദൈവശുശ്രൂഷയ്ക്ക് വേണ്ടിയാണ് അവരിൽ കൈവെപ്പ് നടത്തിയിട്ടുള്ളത്.'' കൗദാശികകൃപാവരത്താൽ ശക്തരായി മെത്രാനോടും, വൈദികവൃന്ദത്തോടുമുള്ള ഐക്യത്തിൽ ദൈവാരാധനാകർമ്മം, വചനശുശ്രൂഷ, പരസേവനം എന്നിവയിലൂടെ അവർ ദൈവജനത്തെ സേവിക്കുന്നു."

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 2008 നവംബർ 17 മുതൽ 21 വരെ നടന്ന 7-ാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സ്ഥിരശെമ്മാശപദവി പുനസ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുകയും സഭയിലെ യോഗ്യരായ അല്മായർക്ക് പ്രത്യേക പരിശീലനം നൽകിയതിനുശേഷം ഈ പദവി നൽകുന്നതിനും തീരുമാനിച്ചു. ഇതിന്റെ വെളിച്ചത്തിൽ സഭയിൽ സ്ഥിരശെമ്മാശപദവിയുടെ യോഗ്യതകളും പരിശീലന പദ്ധതികളും തയ്യാറാക്കി വരുന്നു. ഭദ്രാസനാദ്ധ്യക്ഷന്മാരാണ് സ്ഥിരശെമ്മാശാർത്ഥികളുടെ അപേക്ഷ സ്വീകരിച്ച് പരിശീലനത്തിന് ശുപാർശ ചെയ്യുക.

www.malankaralibrary.com

## അടിസ്ഥാന യോഗ്യത

സ്ഥിര ശെമ്മാശസ്ഥാനാർത്ഥിയെ സഭയുടെ താഴെ പറയുന്ന പ്രത്യേക നിയമങ്ങൾക്ക് അനുസരിച്ച് രൂപ താമെത്രാൻ നിർദേശിച്ച് ശുപാർശ ചെയ്യേണ്ടതാണ്. സ്ഥിരശെമ്മാശ പദവി ആഗ്രഹിക്കുന്ന വ്യക്തി:

1. 45നും 65നും മദ്ധ്യേപ്രായമുള്ള കത്തോലിക്കാ പുരുഷൻ ആയിരിക്കണം.

2. മലങ്കര കത്തോലിക്കാസഭയുടെ അംഗീകൃത ആരാധനക്രമ പുസ്തകങ്ങളിൽ നൽകിയിരിക്കുന്ന ആരാധനാശുശ്രൂഷകൾക്കുവേണ്ടിയാണ് അഭിഷിക്തനാവുന്നത്.

3. CCEO (പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാനോൻ) കാനോന 763-ൽ പറയുന്ന കാനോനികമായ തടസങ്ങളിൽനിന്ന് വിമുക്തനായിരിക്കണം.

4. ഏതെങ്കിലും വിഷയത്തിൽ ബിരുദമോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. ഈ പരിശീലന പഠനത്തിനും പ്രവർത്തനത്തിനും ആവശ്യമായ സാമാന്യം മാനസിക-ശാരീരിക ആരോഗ്യം ഉണ്ടായിരിക്കണം.

5. CCEO കാനോന 354-ന് അനുസരിച്ച് ആവശ്യമായ പരിശീലനം നേടിയിരിക്കണം.

6. സൽസ്വഭാവവും മതിപ്പുമുള്ള വ്യക്തിയും, താൻ വരുന്ന സമൂഹവുമായി നല്ല ബന്ധം പുലർത്തുന്ന വ്യക്തിയും ആയിരിക്കണം.

7. കുടുംബസ്ഥനെങ്കിൽ നല്ല കുടുംബജീവിതം നയിക്കുന്ന വ്യക്തി ആയിരിക്കണം. ഭാര്യയുടെയും മുതിർന്ന മക്കളുടെയും സമ്മതം എഴുതി കിട്ടിയിരിക്കണം. സ്വന്തം നിലയിൽ തന്റെ കുടുംബം പുലർത്താൻ കഴിയുന്നയാൾ ആയിരിക്കണം (മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ സ്ഥിരശെമ്മാശ സ്ഥാനം, സ്വമേധയാ ഏറ്റെടുക്കുന്ന സന്നദ്ധ ശുശ്രൂഷയാണ്.)

## പരിശീലനം

തിരുവനന്തപുരത്ത് നാലാഞ്ചിറയിലെ സെന്റ് മേരീസ് മലങ്കര സെമിനാരിയാണ് സ്ഥിരശെമ്മാശാർത്ഥികളുടെ പരിശീലന കേന്ദ്രം. എന്നാൽ പ്രത്യേക സാഹചര്യത്തിൽ പരി. സുന്നഹദോസ് അനുവാദത്തോടെ മറ്റ് സ്ഥലങ്ങളിലും പരിശീലന കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. ഇപ്പോഴത്തെ ക്രമീകരണം അനുസരിച്ച് അർത്ഥികളുടെ താമസസൗകര്യം മലങ്കര മേജർ സെമിനാരിയുടെ ദൈവശാസ്ത്ര വിഭാഗം കെട്ടിടത്തിലായിരിക്കും. താമസത്തിനും ഭക്ഷണത്തിനും പഠനത്തിനുമായി ഓരോ മാസവും 2,500/- രൂപാവീതം മൊത്തം ആറുമാസം മലങ്കര സെമിനാരിയിൽ നൽകേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ചു നൽകുന്നതോടൊപ്പം താഴെപ്പറയുന്ന രേഖകളും സമർപ്പിക്കേണ്ടതാണ്.

1. വിദ്യാർത്ഥിയെ സംബന്ധിക്കുന്ന വിവരങ്ങൾ; 2. മാമോദിസ, മൂറാനാഭിഷേകം ഇവയുടെ സർട്ടിഫിക്കറ്റ്; 3. ബന്ധപ്പെട്ട വികാരിയച്ചന്മാരുടെ സാക്ഷ്യപത്രം; 4. ഭദ്രാസനമെത്രാന്റെ അനുകൂല നാമനിർദേശം; 5. ബിരുദം അഥവാ ഉപരി വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

**മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 2008 നവംബർ 17 മുതൽ 21 വരെ നടന്ന 7-ാം സുന്നഹദോസ് സ്ഥിരശെമ്മാശ പദവി പുനസ്ഥാപിച്ചു**

## പഠനവിഷയങ്ങൾ

വി. ബൈബിൾ പഠനത്തിന് ആമുഖം, പഴയനിയമം, പുതിയനിയമം. സഭാപിതാക്കന്മാരെക്കുറിച്ച് പഠനത്തിന് ആമുഖം, സുറിയാനി സഭാപിതാക്കന്മാർ. സഭാചരിത്രം (പൊതുവിൽ), ഇന്ത്യൻ സഭാചരിത്രം; ദൈവശാസ്ത്രത്തിന് ആമുഖം വെളിപാടും വിശ്വാസവും പരി. ത്രിത്വം, ക്രിസ്തുശാസ്ത്രം, പരിശുദ്ധാത്മ ശാസ്ത്രം സഭാശാസ്ത്രം, മരിയ ശാസ്ത്രം, നരവംശ ശാസ്ത്രം, എസ്ക്കറ്റോളജി; മിസിയോളജിയും മതങ്ങളുടെ ദൈവശാസ്ത്രം (ഹിന്ദു, ഇസ്ലാം, യഹൂദമതം, ബുദ്ധമതം).

കൂദാശകൾ (പൊതുവിൽ), ആരാധനാക്രമ ദൈവശാസ്ത്രം, ആരാധനാക്രമ വർഷം, കൂദാശ, അനുഷ്ഠാനക്രമം, ആരാധനാ ഗീതങ്ങൾ. ആദ്ധ്യാത്മിക ദൈവശാസ്ത്രം, സന്മാർഗ ദൈവശാസ്ത്രം സഭാനിയമം (പ്രത്യേക നിയമങ്ങൾ ഉൾപ്പെടെ). Homiletics, അജപാലന വിഷയങ്ങൾ (യുവജനശുശ്രൂഷ, അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ, മറ്റ് ശുശ്രൂഷകൾ).

www.malankaralibrary.com

ക്ലാസുകൾ മലങ്കര മേജർ സെമിനാരിയിലെ അദ്ധ്യാപകർ നയിക്കുന്നതായിരിക്കും. അതാതു വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ തന്നെ അവസാനത്തിൽ പരീക്ഷ നടത്തുന്നതായിരിക്കും. അതോടൊപ്പം പഠനാനുബന്ധ പ്രവർത്തികളും ഉണ്ടായിരിക്കുന്നതാണ്. വിജയകരമായി അദ്ധ്യായനം പൂർത്തിയാക്കുന്നവർക്ക് സാക്ഷ്യപത്രം (Certificate) നൽകുന്നതാണ്. സ്ഥിര ശെമ്മാശപട്ടം നൽകുന്നതിന് ഇത് അത്യാവശ്യമാണ്.

## ആദ്ധ്യാത്മികവും അജപാലനപരവുമായ പരിശീലനം

സ്ഥിരശെമ്മാശന്മാർക്ക് അനുഭവത്തിലൂടെയും പരിചയത്തിലൂടെയും അവരവരുടെ ഭാവി ശുശ്രൂഷാമേഖലയ്ക്ക് ഉപയുക്തമായ പരിശീലനം ലഭിക്കുക എന്നതാണ് അജപാലന പരിശീലനം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. അതിന് പര്യാപ്തമായ സ്ഥലങ്ങൾ അതാത് ഭദ്രാസന മെത്രാന്മാർ നിർദേശിച്ച് നൽകുന്നതാണ്. പരിശീലന പരിപാടിയിൽ താഴെപ്പറയുന്ന മേഖലകൾ ഉൾപെടുന്നു.

1. ആരാധനാ ശുശ്രൂഷകൾ 2. കൂദാശകളുടെയും കൂദാശാനുകരണങ്ങളുടെയും പരികർമം 3. ദൈവവചന പ്രഘോഷണം 4. മതബോധനം 5. കൂദാശാനുഷ്ഠാനത്തിനുള്ള ഒരുക്കം 6. സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങൾ 7. കുടുംബസന്ദർശനം 8. പ്രാർത്ഥനാകൂട്ടായ്മ, യുവജനങ്ങളുടെയും ശിശുക്കളുടെയും കൂട്ടായ്മകൾക്ക് നേതൃത്വം നൽകുക. 9. രോഗികളെ ആശുപത്രികളിലും ഭവനങ്ങളിലും അഗതിമന്ദിരങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും സന്ദർശിക്കുക. 10. സഭയുടെ ഭൗതിക സമ്പത്തിന്റെ മേൽനോട്ടം വഹിക്കുക, കണക്ക് സൂക്ഷിക്കുക. 11. അജപാലനത്തിന് ആവശ്യമായ സിദ്ധികൾ ആർജിക്കുക

## പൊതുവിൽ

ഭദ്രാസനാദ്ധ്യക്ഷനാണ് ഒരു അർത്ഥിയുടെ വിളിയും യോഗ്യതയും നിർണയിക്കുന്നത്. ചെറിയ പട്ടങ്ങളായ (Minor orders) മ്സമറോനോ (പാട്ടുകാരൻ, കോറൂയോ (വായനക്കാരൻ), ഹെവുപ്പതിയാക്കനോ (സബ് ഡിക്കൻ) എന്നിവ അർത്ഥിയുടെ പരിശീലന പുരോഗതിയനുസരിച്ച് നൽകുന്നതാണ്. എന്നാൽ ശെമ്മാശപട്ടം പരിശീലനത്തിന്റെ അവസാനത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അർത്ഥിയുടെ ദൈവശാസ്ത്രപരവും ധാർമികവും ആദ്ധ്യാത്മികവുമായ ഒരുക്കത്തിനനുസരിച്ച് നൽകപ്പെടുന്നതാണ്.

സ്ഥിരശെമ്മാശന്റെ വിളിയും സേവനശുശ്രൂഷയും അദ്ദേഹത്തിന്റെ ഭാര്യയും കുടുംബാംഗങ്ങളും മനസിലാക്കി അദ്ദേഹത്തോട് സഹകരിക്കുന്നതിനുവേണ്ടി ശെമ്മാശപട്ടത്വ പരിശീലനത്തിനുശേഷം ഭാര്യമാർക്കും കുടുംബാംഗങ്ങൾക്കുമായി ഒരു പരിശീലനപരിപാടി ഉണ്ടായിരിക്കുന്നതാണ്.

## സ്ഥാനം

തിരുസഭാ ഭരണക്രമമനുസരിച്ച് സ്ഥിരശെമ്മാശന്റെ ഔദ്യോഗികസ്ഥാനം വൈദികർക്ക് തൊട്ടുതാഴെ, അല്മായർക്കും ചെറുപട്ടങ്ങൾ സ്വീകരിച്ചവർക്കും മുകളിൽ ആയിരിക്കും. എല്ലാ ആരാധനാശുശ്രൂഷാവേളകളിലും ഔദ്യോഗിക പരിപാടികളിലും സ്ഥിര ശെമ്മാശൻ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിർണയിച്ച് നൽകുന്ന വസ്ത്രം ധരിക്കേണ്ടതാണ്.

## ചുമതലകൾ

ശെമ്മാശന്മാരുടെ ചുമതലകൾ പട്ടത്വ സ്വീകരണത്തിനുശേഷം മലങ്കര കത്തോലിക്കാസഭയുടെ നിബന്ധനകൾക്കും പാരമ്പര്യത്തിനുമനുസരിച്ച് ഭരമേൽപിക്കുന്നതാണ്. ഒരു ശെമ്മാശന് അയാളുടെ ശുശ്രൂഷാമേഖല നിശ്ചയിച്ച് നൽകുന്നത് അയാളുടെ രൂപതാമെത്രാന്റെ അവകാശത്തിൽപ്പെടുന്നു.ഒരു സ്ഥിരശെമ്മാശൻ പട്ടത്വം സ്വീകരിക്കുന്ന സമയത്ത് അവിവാഹിതനെങ്കിൽ, ജീവതാവസാനം വരെ ആ നിലയിൽ തുടരേണ്ടതാണ്. അയാൾ മലങ്കര കത്തോലിക്കാസഭാ പാരമ്പര്യപ്രകാരമുള്ള യാമപ്രാർത്ഥന ചൊല്ലുവാൻ കടപ്പെട്ടിരിക്കുന്നു.

## കാനോനിക ശിക്ഷാനടപടികൾ

ഒരു സ്ഥിരശെമ്മാശൻ വിശ്വാസത്തിനും, സന്മാർഗത്തിനും സഭയുടെ അച്ചടക്കത്തിനും എതിരേ പ്രവർത്തിക്കുന്നെങ്കിൽ അദ്ദേഹത്തെ ചെയ്ത കുറ്റത്തിന്റെ കാഠിന്യത്തിനനുസരിച്ച് സസ്പെൻഷൻ, ഉത്തരവാദിത്വങ്ങളിൽനിന്ന് മാറ്റി നിറുത്തൽ, തരംതാഴ്ത്തൽ എന്നിവയ്ക്ക് വിധേയനാക്കാവുന്നതാണ്.

*......ശേഷം പേജ് 31-ൽ*

www.malankaralibrary.com



# ശുശ്രൂഷകൾ സ്വയം സേവയാകുമ്പോൾ

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

സേവനമേഖലകൾ സ്വയംസേവക്കുള്ള വഴിയാക്കി മാറ്റാനുള്ള പ്രലോഭനം എവിടെയുമുണ്ട്. സഭാശുശ്രൂഷമേഖലകളിലും ഇതു സംഭവിക്കാം. അപ്പോൾ ജനം ശുശ്രൂഷകർക്ക് ഒരു ശല്യമായിത്തീരും. ആത്മവിമർശനത്തിനു പ്രേരിപ്പിക്കുന്ന വിചിന്തനം

വരുന്ന നവംബറിൽ ഇന്ത്യൻ നഗരങ്ങളിലൊന്നിൽവച്ച് നടക്കാനുള്ള ഒരു സമ്മേളനത്തിലേക്കുള്ള ക്ഷണം കഴിഞ്ഞ ദിവസം കിട്ടി. പ്രായോഗിക കാര്യങ്ങളുടെകൂടെ സംഘാടകർ ഒരു കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്: നവംബറിൽ ഇവിടെ സുന്ദരമായ കാലാവസ്ഥയായിരിക്കും; മഴ പ്രതീക്ഷിക്കുന്നേയില്ല. ഒരുപക്ഷേ ഇന്ത്യൻ മഴക്കാലത്തെ പേടിയുള്ള വിദേശപ്രതിനിധികളെ ഉദ്ദേശിച്ചായിരിക്കാം സംഘാടകർ അത്രയും പറഞ്ഞത്. എന്നാലും ഇതിലൊരു സൂചനയുണ്ട്. നമ്മേപ്പോലുള്ളവർക്ക് മഴയൊരു ശല്യമാണ്; മഴയുടെ വിഹിതങ്ങളൊക്കെ കർഷകർക്കുള്ളതാണ്.

നമ്മുടെ ശുശ്രൂഷകളെയും അവയെക്കുറിച്ചുള്ള ആലോചനായോഗങ്ങളെത്തന്നെയും കാലാവസ്ഥയുടെ തട്ടുകേടുകളിൽനിന്നുപോലും പൊതിഞ്ഞുനിറുത്താൻ നമുക്ക് വ്യഗ്രതയുണ്ട്. സമൂഹത്തിലും സഭയിലും നടക്കുന്ന സകല ശുശ്രൂഷകളെയും ഇത്തരത്തിൽ സുരക്ഷിതവും സുഖകരവുമായി സംരക്ഷിക്കാനുള്ള പ്രവണത വലയം ചെയ്യാനിടയുണ്ട്. ഇത് നമ്മുടെ ശുശ്രൂഷകളെ നിഷ്ഫലമോ സംശയാസ്പദമോ ആക്കിമാറ്റുന്നുണ്ട്. എല്ലാറ്റിനുമപരി ഇത്തരം പ്രവണതകൾ ശുശ്രൂഷകളെ സ്വയം സേവയാക്കി മാറ്റുന്ന സാഹചര്യവും സൃഷ്ടിക്കും.

## ജനമെന്ന ശല്യം

സേവനമേഖലകളെ അവനവനായി മിനുസപ്പെടുത്തി എടുക്കുന്നവർക്ക് പൊതുജനവും ശുശ്രൂഷകൾ സ്വീകരി ക്കാനുള്ളവരും മഹാമാരണങ്ങളാണ്. ആ ശല്യങ്ങളെ ഒഴിവാക്കിയേ മതിയാകൂ. വോട്ട് ഇരന്നു വാങ്ങിപ്പോലും ജനപ്രതിനിധിയായവർ മന്ത്രിപദമേറിക്കഴിയുമ്പോൾ പൊതുനിരത്തുകളിൽനിന്ന് ജനങ്ങളെ തുരത്താൻ തുടങ്ങും. പൊതുജനത്തെ വണങ്ങിനിന്നിരുന്നവർ വളരെപ്പെട്ടെന്ന് ഏകാധിപതികളെപ്പോലെ പെരുമാറാൻ തുടങ്ങുന്നു. ജനാധിപത്യം എന്ന സങ്കല്പം അങ്ങനെ കീഴ്മേൽ മറിയുന്നു. പൊതുജനങ്ങളുടെ വീരാരാധനയിൽ കുതിർന്ന ദാസ്യഭാവം അവർ മുതലാക്കുന്നു എന്നുവേണം പറയാൻ.

ശുശ്രൂഷകസ്ഥാനം ഏറ്റെടുക്കുന്നവർ പൊതുജനത്തെ ഒഴിവാക്കേണ്ട ശല്യമായി കാണുന്ന രീതി സമൂഹത്തിന്റെ എല്ലാ തട്ടുകളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. പൊതുജനത്തിന്റെ നികുതിപ്പണം ശമ്പളമായി സ്വീകരിച്ച് സർക്കാർ ജോലി ചെയ്യുന്ന സാറ

www.malankaralibrary.com



ന്മാരിൽ കുറേപ്പേർക്കെങ്കിലും സേവനംതേടി ഓഫീസുകളിലെത്തുന്നവരെ കാണുന്നതേ കലികയറും. നീയും വന്നോ എന്ന മട്ടിലാണ് തുറിച്ചുനോട്ടം.

സേവനാർഹരെ ശല്യമായി കാണുന്ന രീതിയുടെ അനുരണനങ്ങൾ സഭയുടെ ശുശ്രൂഷാമേഖലകളിലേക്കും കടന്നുവരാം. അങ്ങനെവന്നാൽ ഇടയൻ രാജാവാകും. വികാരി സ്ഥലം എസ്. ഐ. എന്ന മട്ടിൽ പെരുമാറാൻ തുടങ്ങും. ശുശ്രൂഷിക്കേണ്ടയാൾ സകല ശുശ്രൂഷകളും പിന്നെ സ്തുതിയും പുകഴ്ചയും തനിക്ക് എന്ന മട്ടി ൽനിന്നുപോകാം.

ഞാൻ നിങ്ങളുടെയിടയിൽ ശുശ്രൂഷകനെപ്പോലെയാണെന്ന് പറഞ്ഞ ഈശോ (ലൂക്ക 22: 27) ഒരിക്കലും മനുഷ്യരെ ശല്യമായി കണ്ടില്ല. എല്ലാവരേയും അവൻ തന്നിലേക്ക് ക്ഷണിച്ചു. ഇങ്ങോട്ടുവരാത്തവരെ അങ്ങോട്ടു തേടിച്ചെല്ലുകയും ചെയ്തു.

## കുഴപ്പക്കാർ പുറത്ത്!

ശുശ്രൂഷകൾ സുഖകരമാക്കാൻ എളുപ്പമുള്ള മാർഗ്ഗം കുഴപ്പക്കാരെ അകറ്റിനിറുത്തുകയാണ്. ശല്യക്കാരെ മന്ത്രിസഭക്കും പാർട്ടിക്കും പുറത്തുനിറുത്താം. കുഴപ്പക്കാരെ സമൂഹത്തിന് വെളിയിലാക്കാനുള്ള നിയമപരമായ മാർഗ്ഗമാണ് ജയിലിനകത്താക്കൽ. കുറ്റവാളിയെ ഭൂമിയിൽനിന്നുതന്നെ പുറത്താക്കാനാണ് വധശിക്ഷ. ഉദര ത്തിൽ വളരുന്ന കുഞ്ഞ് തങ്ങളുടെ ജീവിതത്തിന് ശല്യമായിമാറിയിരിക്കുന്നു എന്ന് വിചാരിക്കുന്നവരാണ് ഭ്രൂണഹത്യകൊണ്ട് അതിനെ പുറത്തേക്കെറിയുന്നത്. വലിയ കുഴപ്പക്കാരെ മൊബൈലിന്റെ പരിധിക്കു പുറത്തുനിറുത്താം. വീടിനു പുറത്താക്കാൻ പറ്റാത്തവരെ മനസ്സിന് വെളിയിലാക്കാം.

സ്വന്തം ശുശ്രൂഷകൾ സുന്ദരമായിരിക്കണം എന്ന് ശഠിക്കുന്നവരൊക്കെ ശല്യക്കാരെ പുറത്താക്കാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കും. ദേവാലയത്തിൽ വച്ച് കരയുന്ന കൊച്ചുങ്ങളെ അശ്രീകരമായി കാണുന്നത് ഒരുപക്ഷേ ഇത്തരം മനസ്സുള്ളവരാകണം. തങ്ങളുടെ ശുശ്രൂഷകൾ നൂറുശതമാനം വിജയം ചൂടി സുന്ദരമായിരിക്കണം എന്ന് നിർബന്ധമുള്ളവർ തോല്ക്കാനിടയുള്ള കുട്ടികൾ ഈ സ്കൂളിൽ വേണ്ട എന്നു ശഠിക്കും. എല്ലാ മക്കളും പൊന്മക്കളാകുമ്പോഴല്ല ഒരമ്മ പൊന്നമ്മയാകുന്നത്; കാരിരുമ്പുപരുവത്തിൽ നടക്കുന്ന മക്കളെയും സ്നേഹശുശ്രൂഷയുമായി പിന്തുടരുന്ന അമ്മയാണ് പൊന്നമ്മ.

സഭാസ്ഥാപനങ്ങൾക്കും ബാധകമാണിക്കാര്യം. ശുശ്രൂഷകൾ വളരെ മിനുസമുള്ളതാകണം എന്ന നിർബന്ധക്കാർ മുകളിലിരുന്നാൽ താഴത്തെ കമ്മറ്റികളിലും സമിതികളിലും വിമർശിക്കാൻ കെല്പുള്ള ആരും ഉണ്ടാകുകയില്ല. കാര്യം ഇത്രയേയുള്ളൂ: കുഴപ്പക്കാർ കയറിപ്പറ്റിയാൽ അവരോടെല്ലാം മറുപടി പറയാൻ മിനക്കെടണം. നമ്മുടെ ശുശ്രൂഷകളെ അവർ ദുഷ്ക്കരമാക്കിക്കളയും, കണ്ണിൽവീണ കരടുപോലെയെങ്കിലും.

തന്നെ യഥാവിധി മനസ്സിലാക്കാൻ കഴിയാതിരുന്ന അപ്പസ്തോലന്മാരെയും ഒറ്റിക്കൊടുക്കാനിരുന്ന യൂദാസിനെയും കൂടെകൊണ്ടുനടന്ന ശുശ്രൂഷകനായിരുന്നു ഈശോ.

## സ്വയംസേവാദാസർ

ശുശ്രൂഷകളെ അവനവനേക്കാൾ വലിയ മുഴക്കോലുവച്ച് അളക്കുന്നില്ലെങ്കിൽ ശുശ്രൂഷകർ സ്വയംസേവാദാസന്മാരായി ചുരുങ്ങും. ഭരണകർത്താക്കളുടെ സേവനം ഭരണഘടന അനുസരിച്ചും ദൈവനാമത്തിലും ആക്കുന്നത് സേവനത്തെ അവനവനു

www.malankaralibrary.com

മുകളിൽ പ്രതിഷ്ഠിക്കാനാണ്. സ്വയംസേവിക്കാൻ ഒരുമ്പെടുന്നവർ വളരെപ്പെട്ടെന്ന് ജാതീയതയുടെയും മാഫിയസംഘങ്ങളുടെയും സ്വന്തക്കാരുടേയും ദാസരായി മാറുന്നതു കാണാം.

സ്വയം കർത്താവിന്റെ ദാസരാക്കുകയാണ് സഭയിലെ ശുശ്രൂഷകളെ ശ്രേഷ്ഠതരമാക്കാനുള്ള മാർഗ്ഗം. ബൈബിളിൽ ചുരുക്കം ചിലർക്കു കൊടുത്തിട്ടുള്ള വിശേഷപ്പെട്ട അപദാനമാണ് കർത്താവിന്റെ ദാസൻ എന്നത്. മോശ പഴയ നിയമത്തിലെ മികച്ച ഉദാഹരണമാണ് (സംഖ്യ 12: 7; നിയമാ. 35: 5). ഒരു ബഹുമതിപ്പേരായി പുതിയ നിയമവും ഇത് മോശക്ക് നല്കുന്നു (ഹെബ്രാ. 3: 5-6).

പുതിയ നിയമത്തിൽ മറിയം സ്വയം വിളിച്ചത് കർത്താവിന്റെ ദാസി എന്നാണ് (ലൂക്ക 1: 38). കർത്താവിന്റെ ദാസിയായി സ്വയം കണക്കാക്കാത്ത സഭ സ്വയംശുശ്രൂഷിക്കുന്ന ഭ്രമങ്ങളിൽ (Self-serving fascinations) കുടുങ്ങിപ്പോകും. ആ സഭയുടെ സേവനങ്ങളുടെ പാത്രം സഭതന്നെയായിരിക്കും. അത്തരം വിശ്വാസസമൂഹം അതിന്റെ അകംലോകത്തെക്കുറിച്ചുമാത്രം- ഘടനകൾ, ഭരണം, ആരാധനാരീതികൾ, ആഘോഷങ്ങൾ - വ്യാകുലപ്പെട്ടുകൊണ്ടിരിക്കും. ആ വിശ്വാസസമൂഹത്തിന്റെ പുറംലോകം അതിന് അന്യവിഷയമോ സൗകര്യംപോലെ ഒഴിവാക്കാവുന്ന വിഷയമോ ആയി മാറും.

## പദവിപ്പെരുമകൾ

ശുശ്രൂഷകളെ സ്വയംസേവയാക്കുന്നവർ അതിന്റെ നിയോഗശുദ്ധിവിട്ട് അതിന്റെ പദവിപ്പട്ടത്തിൽ അഭിരമിക്കാൻ തുടങ്ങും. ശുശ്രൂഷക്കുള്ള വരമില്ലാത്തവർ ഉന്നത സ്ഥാനത്തെത്തിയാൽ പൊലീസിന്റെ സല്യൂട്ടിലും താമസിക്കാൻ കിട്ടിയ സർക്കാർ മന്ദിരത്തിലും വിളിപ്പുറത്തെ അധികാരസുഖത്തിലും സ്ഥാനത്തിന്റെ പത്രാസിലും ജയ്‌വിളിക്കുന്ന ജനക്കൂട്ടത്തിലും മയങ്ങിപ്പോകും.

യഥാർത്ഥത്തിൽ സേവനം ചെയ്യുന്നവരുടെ പദവികളിലാണ് വ്യത്യാസം; പക്ഷേ ഉന്നതസ്ഥാനീയന്റെയും കീഴ്സ്ഥാനീയന്റെയും മഹത്വത്തിന് വ്യത്യാസമില്ല. രാജ്യത്തെ കൃഷിമന്ത്രിയുടെ പദവി കൃഷിക്കാർക്ക് കിട്ടാത്തതുകൊണ്ട് കൃഷിക്കാരുടെ രാജ്യസേവനം മന്ത്രിയുടേതിനേക്കാൾ ഒട്ടും ചെറുതാകുന്നില്ല.

> ശുശ്രൂഷകൾ സുഖകരമാക്കാൻ എളുപ്പമുള്ള മാർഗ്ഗം കുഴപ്പക്കാരെ അകറ്റിനിറുത്തുകയാണ്.

സഭയിലും പദവികളേക്കാൾ പ്രധാനമാണ് സേവനമികവ്. ക്രിസ്ത്യാനിയുടെ ഏറ്റവും മഹത്വമേറിയ പദവി ദൈവപുത്രനോ പുത്രിയോ ആയിരിക്കുന്നതാണ്. അതിനോളം വരുന്നില്ല ഒരു സ്ഥാനവും. യോഹന്നാൻ ഇരുപത്തിമൂന്നാമൻ പാപ്പായുടെ മൃത സംസ്ക്കാര ശുശ്രൂഷയിൽ ചരമപ്രസംഗം നടത്തിയ വ്യക്തി പറഞ്ഞു: മഹാനായ പാപ്പായാണ് മരിച്ചു കിടക്കുന്നത്. പക്ഷേ ഇദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസം ഇദ്ദേഹം മെത്രാനോ മാർപാപ്പയോ ആയ ദിവസമല്ല. ഇദ്ദേഹം മാമ്മോദീസ സ്വീകരിച്ച ദിവസമാണ്.

ദൈവശാസ്ത്രജ്ഞനായിരുന്ന കാൾ റാനറോട് അഭിമുഖകാരൻ ചോദിച്ചു, മാർപാപ്പയാണോ സഭയിലെ ഏറ്റവും ഉന്നതനായ അംഗം? അദ്ദേഹം മറുപടി പറഞ്ഞു: മാർപാപ്പയാണ് സഭയിലെ ഏറ്റവും ഉന്നതനായ അംഗം; പക്ഷേ സഭാത്മകവും നൈയ്യാമികവുമായ ഘടനകളെ സംബന്ധിച്ചുമാത്രമാണത്. എന്നാൽ ഏറ്റവും വിനീതനായ, ഏറ്റവും സ്നേഹവാനായ, ഏറ്റവും വിശുദ്ധനായ അതോടൊപ്പം ഒരു പക്ഷേ ഏറ്റവും അജ്ഞാതനുമായ വ്യക്തിയാണ് സഭാശ്രേണിയിലെ ഏറ്റവും ഉന്നതനായ വ്യക്തി; ദൈവസമക്ഷമുള്ള ശ്രേണീമഹിമക്കുള്ള മാർഗ്ഗം മാത്രമാണ് സഭ. (Karl Rahner, *I Remember: An Autobiographical Interview with Meinold Kraus*, 1965, 96). ■



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# രണ്ടു കഥകൾ

പ്രൊഫ. മാത്യു താഴത്തേൽ

രണ്ടുകഥകളെ ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നു. ഹാഫിസ് മുഹമ്മദിന്റെ 'മൺ കുടവും മഹാകാശവും' (മാതൃഭൂമി ആഴ്ചപ്പതിപ്പ് മെയ് 29– ജൂൺ 4), ശശിയുടെ 'ഗേ'യും (ഭാഷാപോഷണി, മെയ് 2011).


മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 2011 മെയ് 29 ജൂൺ 4 ലക്കത്തിൽ എൻ.പി. ഹാഫിസ് മുഹമ്മദ് എഴുതിയ "മൺകുടവും മഹാകാശവും" എന്ന ചെറുകഥ ജീവിതത്തെ തത്ത്വചിന്താപരമായി വിശകലനം ചെയ്യുന്നു.

പാരമ്പര്യം, പരിസ്ഥിതി ഇവ രണ്ടുമാണ് മനുഷ്യനെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതെന്ന് മനഃശാസ്ത്രജ്ഞന്മാർ പറയുന്നു. ഈ രണ്ടു ഘടകങ്ങളും അനുകൂലമല്ലാത്തവർ ജീവിതത്തെ സമരമാക്കി ഏറ്റെടുക്കുന്നു. ജീവിതത്തിൽ പലതും അയുക്തികമാണ്. ചിലർ ജന്മംകൊണ്ടുതന്നെ നല്ല സാഹചര്യങ്ങളിൽ അംഗീകൃതപാരമ്പര്യങ്ങളിൽ ജനിക്കുന്നു. നല്ല നിലയിൽ വളരുന്നു. എന്നാൽ ചിലരാകട്ടെ സ്വന്തം പാരമ്പര്യത്തോടും പരിസ്ഥിതിയോടും നിത്യേന ഏറ്റുമുട്ടി വളരുന്നു. മനുഷ്യൻ ജനിക്കുന്ന പരിതസ്ഥിതി (ദേശം, കാലം, സാമ്പത്തികചുറ്റുപാടുകൾ) അവനു തിരഞ്ഞെടുക്കാവുന്നതല്ല. അത് അവന് വിധിക്കപ്പെട്ടതാണ്. അങ്ങനെ ജീവിതത്തിൽ വിധിയുടെ സ്ഥാനം വലുതായിത്തീരുന്നു.

നഗരത്തിലെ മെഡിക്കൽ കോളേജിൽ മൂന്നാം വർഷം മെഡിസിനു പഠിക്കുന്ന വിദ്യാർത്ഥിയുടെ ആത്മകഥ എന്ന നിലയിലാണ് ഈ കഥ ആഖ്യാനം ചെയ്തിരിക്കുന്നത്. റിസർവേഷൻ സീറ്റിലാണ് അഡ്മിഷൻ കിട്ടിയത്. കോളേജിൽ സുഹൃത്തുക്കൾ ആരുമില്ല. ആദ്യവർഷം ഏതാനും നാളുകളിൽ ശ്രീജിത്ത് കെ. നായർ എന്ന വിദ്യാർത്ഥിയുമായി സൗഹൃദമുണ്ടായിരുന്നെങ്കിലും അത് നീണ്ടു നിന്നില്ല. ജാതിചിന്തയാണ് ആ സൗഹൃദത്തെ ഇല്ലാതാക്കിയത് എന്ന് അയാൾ മനസ്സിലാക്കി. വീട്ടിലെത്തിയാലും ആശ്വാസകരമായ ഒരന്തരീക്ഷം ഉണ്ടായിരുന്നില്ല. അച്ഛൻ മദ്യപാനിയാണ്. അമ്മ ആ ദു:ഖങ്ങളിലും അനിയത്തി പഠനത്തിരക്കിലും.

കോളേജിൽ ഫാത്തിമാഹുസ്നയെന്ന ഒരുകൂട്ടുകാരിയുണ്ട് കഥാനായകന്. എന്നാൽ ഇസ്ലാമികളായ ചെറുപ്പക്കാർ ഈ ബന്ധം നിരീക്ഷിക്കുന്നു. ഇവർ തമ്മിൽ പ്രേമമാണെന്ന് തെറ്റദ്ധരിച്ച് അവർ ഭീഷണിപ്പെടുത്തുകയും ചെയ്തു. കഥാനായകന്റെ മാനസികാവസ്ഥ തകരാറിലായി. അയാൾ മരിച്ചു. അമ്മ അടുത്തിരുന്ന് കരയുന്നത് അയാൾ കണ്ടു. ഹോസ്റ്റൽ മുറിയിൽ അകത്തുനിന്ന് കുറ്റി ഇട്ടിരുന്നു. തന്റെ ശരീരം ജീർണ്ണമായി അന്തരീക്ഷത്തിലേക്ക് ദുർഗന്ധം പടരുവാൻ തുടങ്ങി. "ആകാശഭൂമികളുടെ അതിരുകളിലെവിടെയോ കിടക്കുന്നതായും ഞാൻ ഇല്ലാതാകാതായതായും" ഈ സന്ദർഭത്തെ അയാൾ മനസ്സിലാക്കി. ഹോസ്റ്റലിലെ താമസക്കാർ ദുർഗന്ധത്തിന്റെ ഉറവിടം

www.malankaralibrary.com




അന്വേഷിച്ചുകണ്ടെത്തി. പുഴുവരിച്ചു തുടങ്ങിയ ക്ലാസ്സ്മേറ്റിന്റെ ചിത്രമെടുത്ത് പലർക്കും മെസ്സേജായി അയച്ചു കൊടുത്തു. ഡോ. പ്രകാശ്‌രാജ് തത്ത്വചിന്താപരമായി മരണത്തെ വീക്ഷിച്ചു. മോക്ഷത്തിന്റെ പാതയിൽ ജീവൻ യാത്ര ചെയ്യുന്നു എന്ന് അയാൾ പറഞ്ഞു. ജീവൻ ഇല്ലാതാകുന്നില്ല; മഹാകാശങ്ങളിലെ നീലഷഡ്പദങ്ങളായി യാത്ര തുടരുകയാണെന്ന് കാഥാനായകന് പറയണമെന്ന് തോന്നി.

യാഥാർത്ഥ്യത്തിൽ തുടങ്ങി അതിയാഥാർത്ഥ്യത്തിലെത്തി നിൽക്കുന്ന ഈ കഥയിൽ ഭാരതീയ തത്ത്വചിന്തയാണ് കഥാകൃത്ത് സ്വീകരിച്ചിരിക്കുന്നത്. മൺകുടം മനുഷ്യശരീരമാണ്. അത് തകരുന്നു. "മഹാകാശ"ത്തിൽ അത് വിലയം പ്രാപിക്കുന്നു. അത് പിന്നീട് മറ്റൊരു മൺകുടമായി രൂപമെടുക്കുന്നു. ജീവൻ അനുസ്യൂതം രൂപം മാറി സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. മൺകുടം തകർന്നേക്കാം. പക്ഷേ മഹാകാശം ഇല്ലാതുകുന്നില്ലല്ലോ? ജനപ്രിയവിഭവങ്ങൾ ഇല്ലാത്ത ചെറുകഥയാണിത്. പക്ഷേ ഈ കഥ ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാൻ പ്രേരണ നല്കുന്നു.

ഭാഷാപോഷിണി മാസികയിൽ (മെയ് 2011) ശശി എഴുതിയ ''ഗേ'' എന്ന ചെറുകഥ ബാല്യകാല ജീവിതത്തിന്റെ ഗൃഹാതുരസ്മരണകളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നു.

തിരക്കുപിടിച്ച ജീവിതമാണ് ഇന്നത്തേത്. ഓർമ്മവച്ച നാൾമുതൽ തിരക്കുപിടിച്ച ജീവിതം നയിക്കേണ്ടിവരുന്നു. കുട്ടിക്കാലം പോലും ഇന്ന് നഷ്ടപ്പെട്ട് ഗൗരവമായിത്തീരുന്നു. കഴിഞ്ഞ തലമുറ ബാല്യകാലം എങ്ങനെ ചിലവഴിച്ചു? അവരുടെ അവധികൾ എങ്ങനെ ആഘോഷമാക്കി? അവർ ഏതെല്ലാം വിനോദങ്ങളിലും കളികളിലുമാണ് ഏർപ്പെട്ടത്? തുടങ്ങിയ അന്വേഷണങ്ങൾ ഓരോരുത്തരിലും വർണ്ണാഭമായ ഗൃഹാതുരത്വം സൃഷ്ടിക്കും. അത്രയ്ക്കും സമ്പന്നമായിരുന്നു പഴയകാലത്തെ ബാല്യാനുഭവങ്ങൾ. ഇന്നത്തെ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ പഴയ കാലത്തെ അനുഭവങ്ങളെ നൂറുനാവോടെ ചിലരെങ്കിലും വിവരിക്കുന്നത് നാം കേട്ടിട്ടുണ്ടാവും.

ബാല്യകാലകളികളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ഈ കഥ ആരംഭിക്കുന്നു. അടിച്ചേച്ചോട്ടം, ഒളിച്ചേകണ്ടേ, കുട്ടിയും കോലും, തലപ്പന്ത്, അക്ക്, വട്ട്, കിളി, അച്ഛനുമമ്മയും കളി തുടങ്ങിയ കളികൾ ഓർക്കുന്നു. കിളിച്ചുണ്ടൻ മാവിന്റെയും മൂവാണ്ടൻ മാവിന്റെയും ഇടയിലുള്ള മൈതാനത്തായിരുന്നു കളികൾ. കുരുമുളകുവള്ളികൾ വരിഞ്ഞുമുറുക്കിയ വരിക്കപ്ലാവ് അതിരിൽ ഉണ്ട്. തൊഴുത്ത് അതിനടുത്ത്. പഞ്ഞിമരത്തിൽ വലിച്ചുകയറ്റിയ വൈക്കോൽത്തുറു. വെറുതെയിരിക്കുന്നത് കുട്ടികൾക്കിഷ്ടമല്ല. അവർ മാങ്ങയെറിഞ്ഞിട്ട് ഉപ്പുകൂട്ടിത്തിന്നും. അച്ഛനുമമ്മയും കളിയിൽ അച്ഛൻ, അമ്മ, കുട്ടികൾ ഇവർ ആരാകണമെന്നതിൽ അവർ പരസ്പരം വാദിക്കും. ഈ കളിയുടെ വിജയം ഓരോരുത്തരും എത്ര നന്നായി അവരുടെ റോള് ചെയ്തുതീർക്കും എന്നതിലാണ്. അഭിനയത്തിന് വലിയ പ്രാധാന്യമുണ്ട് ഈ കളികളിൽ. കുട്ടിക്കാലത്തെ അച്ഛനുമമ്മയും കളിയിൽ സ്ഥിരം അമ്മവേഷം കിട്ടിയിരുന്ന വിൽസനെ നഗരത്തിൽവച്ച് കഥാകൃത്ത് കണ്ടു. വിൽസൺ വിവാഹം കഴിച്ചെങ്കിലും ബന്ധം വേർപിരിഞ്ഞു. ഇന്ന് ഒരു ആൺസുഹൃത്തുമായി കഴിയുന്നു; പഴയ അച്ഛനുമമ്മയും കളിയിലേതുപോലെ.

ഇന്നത്തെ ജീവിതത്തിനന്യമായ ഒരുപാട് ഗൃഹാതുരസ്മരണകൾ സജീവമാക്കാൻ ഈ കഥയ്ക്ക് കഴിയുന്നുണ്ട്. പഴയകളികളും വിനോദങ്ങളും പ്രകൃതിയും ജീവിതത്തിന്റെ താളംതന്നെ ഈ കഥയിൽ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. ജീവിതത്തിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നവ വായനയിൽ സുഖമായി കടന്നുവരുന്നു. ■

www.malankaralibrary.com



# ജീവിതകടലിലെ മത്സ്യങ്ങൾ

പ്രൊഫ. തോമസ് പാറയ്ക്കൽ

സോമൻ കടല്ലൂരിന്റെ മൂന്നുകവിതകൾ (സമകാലികമലയാളം 52) എസ്. ജോസഫിന്റെ അക്വേറിയം (മാധ്യമം 692) ജോർജ്ജ് കെ. ജോസഫിന്റെ ഒട്ടകം (ഭാഷപോഷിണി മെയ്) എന്നീ മൂന്നുകവിതകളെ പരിചയപ്പെടുത്തുന്നു.

മേയ്മാസകവിതകൾ പ്രകൃതിയുടെ സാന്നിദ്ധ്യംകൊണ്ട് അനുഗൃഹതമാണ്. പ്രകൃതി- കടൽ, കര, കാട്, മരുഭൂമി- എന്നീ നിലകളിൽ പ്രത്യക്ഷമാകുന്ന ഏതാനും കവിതകളുടെ പഠനം മനുഷ്യജീവിതത്തിന്റെ ബാഹ്യാഭ്യന്തരങ്ങളെ തിരിച്ചറിയാൻ സഹായിക്കും. സമകാലികമലയാളം 52-ാം ലക്കത്തിലെ *മൂന്നുകടൽക്കവിതകൾ* (സോമൻ കടല്ലൂർ), മാധ്യമം 692 നമ്പരിൽ പ്രത്യക്ഷമായ *അക്വേറിയം* (എസ്. ജോസഫ്), ഭാഷാപോഷിണി മേയ് ലക്കത്തിൽ ജോർജ്ജ് ജോസഫ് കെ. രചിച്ച *ഒട്ടകം* എന്നീ കവിതകൾ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭിന്നത വെളിപ്പെടുത്തുന്നു.

മനുഷ്യനെ പ്രകൃതിയിൽനിന്ന് മാറ്റിനിറുത്താനാവില്ല. അവൻ പ്രകൃതിയിലാണ്. അവനുള്ളിലും പ്രകൃതി സജീവം. അവന്റെ ചുറ്റും പ്രകൃതിയുണ്ട്. പ്രകൃതിപരത അവന്റെ ആഭ്യന്തരമണ്ഡലത്തിന്റെയും മുഖമുദ്രയെന്നു സാക്ഷ്യപ്പെടുത്തുന്നവയാണ് ഈ കവിതകൾ.

മനുഷ്യനിൽ കടലിന്റെ അഗാധതയുണ്ട്; ഓളപ്പരപ്പുകളുണ്ട്. അവനിൽ കാടുണ്ട്, കരയുണ്ട്, മരുഭൂമിയുണ്ട്. ബാഹ്യയാഥാർത്ഥ്യങ്ങൾ ആന്തരികതയുടെ അടയാളപ്പെടുത്തലാകുന്ന കവിതകൾ ആലോചനാമൃതമാണ്.

*മീനുകൾ വെള്ളത്തിൽ ജീവിക്കുന്നു എങ്കിൽ*
*മനുഷ്യനും മൃഗങ്ങളും പക്ഷികളുമെല്ലാം*
*വായുവിലാണ് ജീവിക്കുന്നത്.*

ഗദ്യത്തിന്റെ ആന്തരികഭാവം പേറുന്ന ലഘുവാക്യങ്ങളിലാണ് എസ്. ജോസഫിന്റെ *അക്വേറിയ*ത്തിന്റെ തുടക്കം. ഞാൻ മണ്ണിൽ ജീവിക്കുന്നു. ഫ്ളാറ്റിലാണ് താമസം. മരത്തിൽ പാർക്കുന്നു. ഗുഹയിലാണ് വാസം എന്നെല്ലാം പറയുന്നതിൽ അർത്ഥമില്ല. എവിടെ പാർത്താലും വായുവിന്റെ വലയത്തിലാണ് ജീവിതം.

വായുവിന്റെയും വെള്ളത്തിന്റെയും പ്രത്യേകത അവ എല്ലാ ജീവികൾക്കും വേണ്ടി വ്യത്യസ്തരൂപഭാവങ്ങൾ സ്വീകരിക്കുന്നു. വെള്ളം, കടൽ, നദി, ചെറുതോട്, മഞ്ഞ്, മഴ എന്നിങ്ങനെ വ്യത്യസ്തരൂപങ്ങൾ സ്വീകരിക്കുന്ന, ജീവജാലങ്ങളുടെ ആവശ്യാനുസരണം പാറയിടുക്കിലൂടെ ഒഴുകുവാൻ ജലം നദിയായും തോടായും മാറണം. രൂപഭാവങ്ങളിലുള്ള അനിവാര്യമായ മാറ്റമാണ് ജലത്തിന്റെയും വായുവിന്റെയും പ്രത്യേകത. വെള്ളവും വായുവും സ്വന്തമാക്കുന്ന മനുഷ്യനും സാഹചര്യാദികൾക്കനുസരിച്ച് മാറാൻ കഴിയേണ്ടതല്ലേ? വായുവിന്റെയും വെള്ളത്തിന്റെയും ആധാരഘടകങ്ങളിൽ അന്തരമില്ല.

*മീനുകൾക്ക് പ്രാണന്റെ ആധാരം വെള്ളം*
*കരജീവികൾക്കത് വായു-*
*മീനുകൾക്ക് വായു അപകടം*
*കരജീവികൾക്ക് വെള്ളവും.*

കരയും കടലും വായുവും ജലവും ജനിപ്പിക്കുന്ന ചിന്താപരതയുടെ സൗന്ദര്യമാണ് ഈ കവിതയടെ ജീവൻ.

www.malankaralibrary.com

ലാവണ്യാത്മകമായ ചിന്തയുടെ സമൃദ്ധി കടലുമായി ബന്ധപ്പെട്ട മൂന്നുകടൽക്കവിതകളിലുമുണ്ട്. സോമൻ കടല്ലൂർ മൂന്നുകവിതകളാണ് കുറിച്ചിരിക്കുന്നത്. മൂന്നും കടലിനെ- ജലത്തെ-ആഴത്തിലും പരപ്പിലും ദൃശ്യമാക്കുന്നു. *ഓർമ്മകളുടെ കയം* എന്ന കവിത ജലജീവികളുടെയും വനജന്തുക്കളുടെയും പ്രകൃതിപാരസ്പര്യത്വം ആവിഷ്കരിക്കുന്നു. മത്സ്യത്തെ സമുദ്രത്തിൽനിന്ന് അകറ്റാൻ എളുപ്പമാണ്. ചൂണ്ടയോ വലയോ മതി മത്സ്യത്തെ സമുദ്രത്തിൽ നിന്ന് അകലത്താക്കാൻ.

*പക്ഷേ, മത്സ്യത്തിൽനിന്ന് സമുദ്രത്തെ മാറ്റാൻ*
*അത്ര എളുപ്പമല്ല; ശ്വാസം നിലയ്ക്കും വരെ*
*അത് നീരിനായി പിടഞ്ഞുകൊണ്ടിരിക്കും.*

മത്സ്യത്തെ വെള്ളത്തിൽനിന്ന് അകറ്റിയാൽ അത് പിടഞ്ഞു പിടഞ്ഞു മരിക്കും. ജലത്തിനായുള്ള പിടച്ചിൽ. കാട്ടിൽ വസിക്കുന്ന മൃഗത്തെ പുറത്താക്കലും എളുപ്പം. ഒരു തോക്കോ വില്ലോ പ്രയോഗിച്ചാൽ മൃഗമൊടുങ്ങും.

*പക്ഷേ, മൃഗത്തിൽനിന്ന് കാടിനെ പറിച്ചെറിയാൻ*
*അത്ര എളുപ്പമല്ല- മിടിപ്പ് നില്ക്കും വരെ*
*അത് പച്ചയ്ക്കുവേണ്ടി പിടഞ്ഞുകൊണ്ടിരിക്കും.*

മൃഗത്തിന് പച്ചപ്പുനിറഞ്ഞ കാനനം വെടിയുകനൊമ്പരഹേതുകമാണ്. അവിടെ മൃഗത്വത്തിന്റെ അന്ത്യവുമായി.

കവിത അതിന്റെ അന്ത്യത്തിലെത്തുമ്പോൾ രൂപഭാവതലങ്ങളിൽ ഗുരുത്വം പ്രാപിക്കുന്നു: അതുകൊണ്ടാണു;

*കുഞ്ഞേ കാടായി കനക്കുന്ന*
*കടലായിപരക്കുന്ന ഓർമകളുടെ ഭാരം*
*നിനക്കെന്തിനെന്ന്; പുതിയപാഠങ്ങൾ*
*നിന്നോടു ചോദിച്ചുകൊണ്ടിരിക്കുന്നത്.*

ഓർമകൾ കാടായി കനക്കുന്നു. കടലായി പരക്കുന്നു. പുതിയപാഠങ്ങളുടെ നിർമിതിയിൽ ഓർമ്മകൾ അപ്രസ്കതമെന്ന നിലപാടിലാണ് കവി.

ഉള്ളിന്റെ ഉള്ളിലെ കൗശലക്കാരനെ ഇനിയും പിടിച്ചടക്കാനായില്ല എന്ന ദുഃഖമാണ് ഉൾഭയം എന്ന കവിത ധ്വനിപ്പിക്കുന്നത്. ആദ്യ ചൂണ്ടയിടലിൽ ആഴങ്ങളിൽ വിഹരിച്ചതിനെ പിടികൂടി. പിന്നെ വലയെറിഞ്ഞപ്പോൾ ആരാന്റെ കുളത്തിലെ പിടപിടക്കുന്നവയും സ്വന്തമായി.

*എന്റെ ഉൾക്കയത്തിലെ കൗശലക്കാരനെ മാത്രം*
*പിടികിട്ടുന്നില്ല; ഒരു തോട്ടയുമായി*
*എന്നും ഞാനലയുകയാണെങ്കിലും.*

അതിമാരകമായ സ്ഫോടനത്തിനും നാശത്തിനും ഹേതുകമായ തോട്ടയുമായി ഞാൻ അലയുന്നെങ്കിലും ഉൾക്കയത്തിലെ കൗശലക്കാരൻ മത്സ്യം മാത്രം പിടിതരുന്നില്ല. എല്ലാമെല്ലാം പിടിയിലാക്കാൻ മനുഷ്യൻ പഠിച്ചു. എന്നാൽ സ്വന്തം പിടിയിലായില്ല.

*കടലും തവളയും* ജീവിതത്തിന്റെ മമതകളോടുള്ള കടുത്ത ആസക്തിയുടെ കീർത്തനമാണ്. ജീവിതം പ്രക്ഷുപ്തമായ കടൽ. അകത്തും പുറത്തും പരിവർത്തനത്തിന്റെ അലകൾ ഇളകിമറിയുന്നു. ജീവിതരംഗങ്ങളിൽ നിശ്ചലത്വമെന്നത് മരണതുല്യവും.

*പക്ഷേ, ഈ കുണ്ടുകുളത്തിൽ മുങ്ങിപ്പൊങ്ങി*
*കിടക്കാനാണ് എനിക്കിഷ്ടം...*

എന്റെ സ്വകാര്യതയുടെ കുണ്ടുകുളം വിട്ടുപോകാൻ മമതകൾ എന്നെ അനുവദിക്കുന്നില്ല. മുങ്ങിയും പൊങ്ങിയും ഈ കുളത്തിൽ തന്നെ കഴിയുന്നതിലാണ് സന്തോഷം. നിശ്ചലത്വം വെടിഞ്ഞ് പരിവർത്തനത്തിന്റെ അലകളിലൂടെ പ്രക്ഷുബ്ധതയെ വരിക്കാനുള്ള വൈമുഖ്യം ആത്മനാശം തന്നെ.

മനസ്സിനെ കീഴടക്കുന്ന ഊഷരതയുടെ ഘനീഭൂതഭാവമാണ് ജോർജ്ജ് ജോസഫ് കെ.യുടെ ഒട്ടകം. മനുഷ്യമനസ്സുകൾ മരുഭൂമിയാകുന്നതും മരുഭൂമി വളരുന്നതും തലമുറകളെ ഊഷരതയുടെ നിറവിൽ ആക്കുന്നതും 'ഒട്ടക'ത്തിന്റെ പ്രത്യേകതയാണ്. ആത്മകഥനരീതിയിലാണ് കവിത പുരോഗമിക്കുന്നത്.

*ഞാനുണ്ടായപ്പോൾ എന്റെ അമ്മ പറഞ്ഞു,*
*ഞാനൊരു ഒട്ടകമാണെന്ന്.*
*അതുകൊണ്ട് അമ്മയെന്നെ ആട്ടിയകറ്റി,*
*മരുഭൂമിയിലേയ്ക്കു വിട്ടു; വീട്ടിലെ സകലഭാരവും*
*മുതുകിൽ വച്ചുതരാനും മറന്നില്ലമ്മ.*

കുടുംബഭാരങ്ങളും ഉത്തരവാദിത്വങ്ങളും ഒട്ടകത്തെപ്പോലെ പേറി മരുഭൂമിയിലൂടെ അലയുകയായിരുന്നു ഞാൻ. ഏറെക്കാലം ഒട്ടകത്തെപ്പോലെ ചുമന്നു ചുമന്ന് മരുഭൂമിയിലെല്ലാം കറങ്ങിത്തിരിഞ്ഞ് ഞാൻ വീട്ടിലെത്തി. എന്നോട് അമ്മയും സഹോദരങ്ങളും ചോദിച്ചു.

*"ഒട്ടകത്തിന് വീട്ടിലെന്തുകാര്യം?*
*വല്ല മരുഭൂമിയിലേയ്ക്കും പൊയ്ക്കൂടേ?"*

പ്രവാസിജീവിതത്തിന്റെ ദൈന്യവും നൊമ്പരങ്ങളും ഏറ്റെടുക്കുന്നതാണ് അനുഭവപ്രധാനമായ ഈ കവിത. ഞാനിപ്പോഴും മരുഭൂമിയിലാണ് എന്ന തിരിച്ചറിവിൽ കവിത അവസാനിക്കുന്നു. ■

www.malankaralibrary.com



# തൂക്കിലേറ്റാൻ വിധിക്കപ്പെട്ടയാൾക്ക് രോഗീലേപനം നൽകാമോ?

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

**● വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന ഒരാളുടെ ശിക്ഷ നടപ്പിലാക്കാൻ ഏതാനും മണിക്കൂറുകളെ ശേഷിക്കുന്നുള്ളൂ. തടവറയിൽ കഴിയുന്നവരുടെ ആദ്ധ്യാത്മികകാര്യങ്ങൾ നോക്കുന്ന വൈദീകന് (Jail chaplain) ഇയാൾക്ക് രോഗീലേപനം എന്ന കൂദാശ നൽകാമോ? ഇത്തരം സാഹചര്യങ്ങളിൽ ഈ കൂദാശ നൽകാൻ സഭാനിയമം അനുവദിക്കുന്നുണ്ടോ?**

ആന്റോ ജോസഫ്, തിരുവനന്തപുരം

കത്തോലിക്കാസഭയുടെ ആരാധനാക്രമത്തിന്റെ കാതലാണല്ലോ കൂദാശകൾ. മനുഷ്യരെ വിശുദ്ധീകരിക്കുക, മിശിഹായുടെ മൗതീകശരീരത്തെ വളർത്തുക, ദൈവത്തിന് ആരാധനയർപ്പിക്കുക എന്നിവയാണ് കൂദാശകളുടെ ലക്ഷ്യങ്ങൾ. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളായ ജനനം, പരസ്യജീവിതം, സഹനം, മരണം, ഉത്ഥാനം എന്നീ ദിവ്യരഹസ്യങ്ങളുടെ ആവിഷ്ക്കരണങ്ങളാണ് സഭയിലെ വിവിധ കൂദാശകൾ.

## കൂദാശകൾ ഒരു അവകാശം


ക്രിസ്തീയ വിശ്വാസികൾക്ക് തങ്ങളുടെ ഇടയന്മാരിൽ നിന്ന് ആദ്ധ്യാത്മികജീവിതത്തിനാവശ്യമായ സഹായം ലഭിക്കുവാൻ അവകാശമുണ്ടെന്ന് സഭാനിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (CCEO.C.16; CIC.C.213). ഇവ മാമ്മോദീസായിലൂടെ കൈവരുന്ന അവകാശങ്ങളാണ്. തന്മൂലം ശരിയായ ഒരുക്കത്തോടെ കൂദാശകൾ ആവശ്യപ്പെടുന്ന വിശ്വാസികൾക്ക് അവ നൽകുവാൻ വൈദികർക്ക് കടമയുണ്ട്. അത്തരം സാഹചര്യങ്ങളിൽ കൂദാശകൾ നിഷേധിക്കുവാൻ പാടില്ല.

## അവകാശം നിരുപാധികമല്ല

എന്നാൽ പ്രസ്തുത അവകാശങ്ങൾ നിരുപാധികമല്ല (absolute). സഭാനിയമം നിഷ്ക്കർഷിക്കുന്ന ഗൗരവമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വാസികൾക്ക് കൂദാശകൾ നിഷേധിക്കാവുന്നതാണ്. ഈ നിഷേധം എപ്പോഴൊക്കെ ആകാമെന്ന് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണമായി പരസ്യപാപികൾക്ക് വിശുദ്ധ കുർബാന നൽകുവാൻ പാടില്ല. ദൈവജനത്തിന് ഉതപ്പിന് കാരണമാകാതിരിക്കുവാൻ വേണ്ടിയാണിത് (CCEO.C.712).

സഭയിൽ മഹറോൻ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവർക്കും വി. കുർബാന നൽകുവാൻ പാടില്ലെന്ന് ലത്തീൻ

www.malankaralibrary.com




നിയമത്തിലും പ്രതിപാദിച്ചിട്ടുണ്ട് (C1C.C.915). ഏതെങ്കിലും തരത്തിലുള്ള ബുദ്ധിഭ്രമമോ മറ്റ് മാനസികരോഗമോ മൂലം പൗരോഹിത്യശുശ്രൂഷ ശരിയായി നിർവഹിക്കുന്നതിന് അപര്യാപ്തരാണെന്ന് സ്ഥിരീകരിക്കപ്പെട്ടവർക്കും വിശ്വാസം ത്യജിക്കൽ, പാഷണ്ഡത, ശീശ്മ എന്നീ തെറ്റുകളേതെങ്കിലും ചെയ്തിട്ടുള്ളവർക്കും തിരുപ്പട്ടം എന്ന കൂദാശ നൽകുവാൻ പാടുള്ളതല്ല (CCEO.C.762/1;CIC.C.1041/1). തിരുപ്പട്ടം സ്വീകരിച്ചിട്ടുള്ളവരും സന്യാസസമൂഹത്തിൽ പരസ്യമായ നിത്യബ്രഹ്മചര്യവ്രത വാഗ്ദാനം നടത്തിയിട്ടുള്ളവരും തായ് പരമ്പരയിലെ രക്തബന്ധത്തിൽപ്പെട്ടവരും (Consanguinity in the direct line) വിവാഹം കഴിക്കാൻ പാടില്ല (CCEO.C.795;CIC.C.1098/2.1).

കൂദാശകൾ സ്വീകരിക്കാൻ ക്രൈസ്തവ വിശ്വാസികൾക്ക് അവകാശമുണ്ടെങ്കിലും സഭ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ അവ സ്വീകരിക്കാൻ പാടുള്ളുവെന്ന് മേൽപ്രസ്താവിച്ച വസ്തുതകളിൽ നിന്നും വ്യക്തമാണല്ലോ. അതുകൊണ്ടാണ് സഭാനിയമം താഴെ പറയും പ്രകാരം നിഷ്ക്കർഷിച്ചിരിക്കുന്നത്:-

"ശരിയായ ഒരുക്കമുള്ളവരും കൂദാശകൾ സ്വീകരിക്കുന്നതിൽ നിന്ന് നിയമം വിലക്ക് കൽപ്പിച്ചിട്ടില്ലാത്തവരുമായ വിശ്വാസികൾ ഉചിതമായ സമയങ്ങളിൽ ആവശ്യപ്പെടുമ്പോൾ ന്യായമായ തടസ്സങ്ങളാൽ തടയപ്പെടുന്നില്ലെങ്കിൽ മാത്രമേ വിശ്വാസികൾക്ക് കൂദാശകൾ സ്വീകരിക്കുവാൻ അവകാശമുള്ളൂ (CCEO. C381/2;CIC.C.843/1).

## വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടയാൾക്ക് രോഗീലേപനം നൽകാമോ?

വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് മരണം കാത്ത് തടവറയിൽ കഴിയുന്ന ആൾക്ക് രോഗീപേലനം എന്ന കൂദാശ സ്വീകരിക്കുന്നതിന് സഭാനിയമം നിഷ്ക്കർഷിക്കുന്ന തടസ്സമുണ്ടോ എന്ന് പരിശോധിക്കുന്നതിനു മുമ്പ്, ഈ കൂദാശ സ്വീകരിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ലത്തീൻ നിയമ സംഹിതയിലെ 1004 മുതൽ 1007 വരെയുള്ള കാനോനകളും പൗരസ്ത്യ നിയമ സംഹിതയിലെ 738,740,804 എന്നീ കാനോനകളും രോഗിലേപനം എന്ന കൂദാശ സ്വീകരിക്കുന്ന വ്യക്തികൾക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ആരെല്ലാമാണ് ഈ കൂദാശ സ്വീകരിക്കുവാൻ അർഹരായവർ എന്നാണ് ഈ കാനോനകൾ വ്യക്തമാക്കുന്നത്.

## കത്തോലിക്കാ വിശ്വാസികൾക്ക് മാത്രമല്ല

ക്രൈസ്തവ വിശ്വാസികൾ എന്ന് പറയുന്നതിനാൽ കത്തോലിക്ക വിശ്വാസികൾ എന്നു മാത്രം കരുതുവാൻ പാടില്ല. മാമോദീസാ സ്വീകരിച്ച അകത്തോ

www.malankaralibrary.com

ലിക്കാ വിശ്വാസികളെക്കൂടി ഈ കാനോനകൾ വിഭാവനം ചെയ്യുന്നുണ്ട്. പൗരസ്ത്യ അകത്തോലിക്കാ വിഭാഗത്തിൽപ്പെട്ടവർക്ക്, കുർബാന, പാപമോചനം, രോഗീലേപനം എന്നീ കൂദാശകൾ നൽകാൻ കത്തോലിക്ക വൈദികർക്ക് സാധിക്കും. ഗുരുതരമായ രോഗാവസ്ഥയിലാണെങ്കിൽ മറ്റ് അകത്തോലിക്കാ സഭാവിഭാഗങ്ങളിൽപ്പെട്ടവർക്കും ഈ കൂദാശകൾ ചില വ്യവസ്ഥകൾക്ക് വിധേയമായി നൽകാവുന്നതാണെന്ന് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (CIC.C.844/3,4).

## ഗുരുതരമായ രോഗാവസ്ഥയിൽ

കത്തോലിക്കാ വിശ്വാസികൾക്ക് ഗുരുതരമായ രോഗാവസ്ഥയിലും മരണാസന്നാവസ്ഥയിലും ഈ കൂദാശ നൽകാവുന്നതാണ്. കൂടാതെ അവർ തിരിച്ചറിവ് (age of reason) എത്തിയവരും കൂദാശ സ്വീകരിക്കാൻ ആഗ്രഹമുള്ളവരുമായിരിക്കണം. തങ്ങളുടെ അജഗണങ്ങളെ ശരിക്കറിയാവുന്ന അജപാലകർക്ക് അവരുടെ ഗുരുതരമായ അവസ്ഥയും ആത്മീയകാര്യങ്ങളും മനസ്സിലാക്കാനാവും. 1917ലെ ലത്തീൻ നിയമസംഹിതയിലെ 940-ാം കാനോനയിൽ വ്യക്തമാക്കിയിരുന്നത് മരണാവസ്ഥയിലായിരിക്കുന്നവർക്ക് രോഗീലേപനം സ്വീകരിക്കാമെന്നായിരുന്നു. പൗരസ്ത്യനിയമ സംഹിതയിൽ പറഞ്ഞിരിക്കുന്നത് ഗുരുതരമായ അസുഖമുള്ളവർക്ക് രോഗീലേപനം സ്വീകരിക്കാം എന്നാണ്. (CCEO.C.738). എന്നാൽ ലത്തീൻ നിയമസംഹിതയനുസരിച്ച് വ്യക്തമാക്കുന്നത് രോഗം മൂലമോ പ്രായാധിക്യം മൂലമോ ഗുരുതരാവസ്ഥയിൽ ആയിരിക്കുമ്പോൾ എന്നാണ് (CIC.C.1004/1). രോഗികൾക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയെ സംബന്ധിക്കുന്ന അനുഷ്ഠാനക്രമത്തിലെ (The Ritual on the pastoral care of the sick) പതിനൊന്നാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു: "ഗൗരവമായ രോഗങ്ങളില്ലെങ്കിലും പ്രായമായവർക്ക് ഗൗരവമായ രീതിയിൽ തളർച്ച ബാധിച്ചിട്ടുണ്ടെങ്കിൽ രോഗീലേപനം നൽകാവുന്നതാണ്". ഗൗരവമായ രോഗം മൂലം ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന വ്യക്തികൾക്കും രോഗീലേപനം നൽകാമെന്ന് 10-ാം ഖണ്ഡിക വ്യക്തമാക്കുന്നുണ്ട്. ഇവിടെയെല്ലാം രോഗീലേപനം നൽകുന്നതിനുള്ള മാനദണ്ഡം ഗൗരവമേറിയ രോഗമാണെന്ന് വ്യക്തമാണല്ലോ. കൂദാശ സ്വീകരിക്കുവാനുള്ള ശരിയായ സമയവും ഗൗരവമായ രോഗാവസ്ഥയാണ്.

## രോഗീലേപനത്തിന്റെ ലക്ഷ്യം

രോഗീലേപനം എന്ന കൂദാശയുടെ പ്രധാന ലക്ഷ്യം രോഗത്തിൽ നിന്നുള്ള വിമുക്തിയാണ്. അതുകൊണ്ടുതന്നെ ആരോഗ്യമുള്ളവർക്കല്ല രോഗീലേപനം നൽകേണ്ടതെന്ന് വ്യക്തമാണല്ലോ. ഗുരുതരമായ രോഗത്താലല്ലാതെ മറ്റ് ബാഹ്യമായ കാരണങ്ങളാൽ മരണത്തെ നേരിടുന്നവർക്കല്ല എന്നും സഭാനിയമങ്ങളുടെ വെളിച്ചത്തിൽ വ്യക്തമാണ്. ഒരു വ്യക്തി ആരോഗ്യവാനായിരിക്കുന്നിടത്തോളം മറ്റ് ബാഹ്യമായ കാരണങ്ങളാൽ (യുദ്ധമോ, മരണശിക്ഷയോ) മരണാസന്നാവസ്ഥയിലായിരിക്കുമ്പോൾ രോഗീലേപനം നൽകുവാൻ പാടുള്ളതല്ല. ഈ ആശയം തന്നെയാണ് സഭാനിയമത്തിന്റെ പ്രധാനപ്പെട്ട വ്യാഖ്യാന ഗ്രന്ഥങ്ങളിലും വ്യക്തമാക്കിയിരിക്കുന്നത് (The Canon Law, Letter and Spirit)

## മരണത്തിന് വിധിക്കപ്പെട്ടയാൾ

മരണത്തിന് വിധിക്കപ്പെട്ട ആളിന്റെ മാനസികാവസ്ഥ ഗൗരവതരമായിരിക്കാം. എന്നാൽ മരണകാരണം പ്രസ്തുത മാനസികാവസ്ഥയല്ല. തന്മൂലം മരണത്തിന് വിധിക്കപ്പെട്ട് കഴിയുന്ന ഒരാൾക്ക് രോഗീലേപനം നൽകുന്നതിന് കാനൻനിയമം അനുവദിക്കുന്നില്ല. ഇത്തരം ബാഹ്യമായ കാരണങ്ങളാൽ മരണാസന്നരായവർക്ക് വിശുദ്ധ കുർബാന നൽകുന്നതാണ് ഉചിതം. എന്ത് കാരണങ്ങളായാലും മരണാവസ്ഥയിലായിരിക്കുന്ന വിശ്വാസികളെ കുമ്പസാരിപ്പിച്ച് അവർക്ക് വിശുദ്ധകുർബാന നൽകണമെന്നാണ് സഭാനിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ളത് (CCEO.C.708; CIC.C. 921). ■



**ഡോ. ജോസ് ചിറമേൽ**

റോമിലെ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ 1990ൽ ഡോക്ടറേറ്റ്. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1992-ൽ പോസ്റ്റ്-ഡോക്ടറൽ ഡിപ്ലോമ. വിവിധ സെമിനാരികളിൽ കാനൻ നിയമത്തിന്റെ പ്രൊഫസർ.

www.malankaralibrary.com



# വരുന്നു, സുതാര്യതാ വിപ്ലവം ഒരുങ്ങിയിരിക്കുക

മനുഷ്യപുത്രൻ

ഇന്ത്യാമഹാരാജ്യം സുതാര്യതാ വിപ്ലവത്തിൽ കൂടി കടന്നുപോവുകയാണ്! പറഞ്ഞത് മറ്റാരുമല്ല- സാക്ഷാൽ ഏ. കെ ആന്റണി. അതുകൊണ്ടു തന്നെ നമ്മൾ ഈ പ്രസ്താവനയെ ഗൗരവത്തോടെ കാണണം.

സത്യസന്ധമായ ഏറ്റുപറച്ചിലുകൾക്ക് പണ്ടേ പേരുകേട്ടവനാണ് ഏ.കെ ആന്റണി. മുമ്പൊരിക്കൽ ലോകസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലെ എല്ലാ സീറ്റും കൈവിട്ടുപോയപ്പോൾ പത്രക്കാർ ആന്റണിയെ വട്ടമിട്ടു. അന്നദ്ദേഹം കേരളാ മുഖ്യമന്ത്രിയാണ്- ആന്റണിയുടെ പ്രതികരണമിങ്ങനെയായിരുന്നു: "ഞങ്ങൾ തോറ്റു... തോറ്റു തൊപ്പിയിട്ടു!" വമ്പൻ പരാജയത്തിനു മുമ്പിൽ ഇതിലും സത്യസന്ധമായൊരു പ്രസ്താവന നടത്താൻ മറ്റാർക്കാണു സാധിക്കുക!

ഇപ്പോൾ വന്ന പുതിയ പ്രസ്താവനയുടെ സാഹചര്യം കൂടി നോക്കണം. അന്നാ ഹസാരെയുടെ ആദ്യത്തെ സത്യഗ്രഹ സമരം കഴിഞ്ഞു. പുറകെ വന്ന ബാബാ രാംദേവിന്റെ സമരം സംഘട്ടനത്തിൽ പര്യവസാനിച്ചു. തൊട്ടുപുറകെ പ്രതിഷേധവുമായി അന്നാ ഹസാരെയുടെ രണ്ടാം സത്യഗ്രഹസമരം- രാജ്ഘട്ടിൽ. ഈ സമരങ്ങളെല്ലാം അഴിമതിക്കെതിരെ. ഇത് നടന്നുകൊണ്ടിരിക്കുമ്പോഴാണ് ആന്റണിയുടെ പ്രസ്താവന - രാജ്യത്തിപ്പോൾ നടക്കുന്നത് സുതാര്യതയുടെ വിപ്ലവമാണെന്ന്.

അദ്ദേഹം വിശദീകരിക്കുന്നതു കൂടി ശ്രദ്ധിക്കണം- സമസ്ത മേഖലകളിലും സ്വകാര്യതയുടെ മതിലുകൾ തകർന്നു വീഴുകയാണ്. രഷ്ട്രീയത്തിലും ഭരണത്തിലും നീതിപീഠത്തിലും മതമേഖലയിലുമൊക്കെ ക്രമേണ അതു സംഭവിക്കും.

സംഭവിക്കുമെന്നല്ല, സംഭവിച്ചുകൊണ്ടിരിക്കുകയാണ് എന്നതാണ് സത്യം. അതിനാലാണ് കനിമൊഴിയും കൽമാഡിയും രാജായും ജയിലിൽ കിടക്കുന്നത്; മാരനും കൂടി അങ്ങോട്ടുപോകാൻ മാനസികമായി ഒരുങ്ങിക്കൊണ്ടിരിക്കുന്നതും.

കേരളത്തിലെ അവസ്ഥയോ? കോൺഗ്രസ് മന്ത്രിയുടെ മകൾക്ക് വൈദ്യം പഠിക്കാൻ വഴിവിട്ട വഴിയിലൂടെ മാർക്സിസ്റ്റ് മെഡിക്കൽ കോളേജിൽ സീറ്റ് തരപ്പെടുത്തപ്പെടുന്നു. അതേ പരിയാരം കോളേജിൽ തന്നെ ഡി.വൈ.എഫ്.ഐയുടെ സംസ്ഥാന നേതാവ് അരക്കോടി രൂപമുടക്കി മകൾക്ക് വേണ്ടി മെഡിക്കൽ സീറ്റ് നേടിയെടുക്കുന്നു. ഇതിനെല്ലാം നിയമസാധ്യത ഒരുക്കിക്കൊണ്ട് വോട്ടെണ്ണലിന് രണ്ട് ദിവസം മുമ്പ് 50:50 എന്ന അനുപാതം അട്ടിമറിക്കാനുള്ള ഉത്തരവ് അന്നത്തെ ആരോഗ്യമന്ത്രി പി.കെ. ശ്രീമതി ഒപ്പിടുന്നു! ഇതെല്ലാം പുറത്തുവന്നിരിക്കുന്നത് പ്രകാശത്തിന്റെ വേഗത്തിലാണെന്നു കൂടി ഓർക്കണം. അതിനാൽ തന്നെ ആന്റണിയുടെ സുതാര്യതാ പ്രസ്താവത്തെ നമ്മൾ ഗൗരവത്തിൽ എടുക്കണം.


ആന്റണി പറഞ്ഞത് 2005ലെ വിവരാവകാശ നിയമത്തിന്റെ പരിഗണനഫലമാണ് ഈ സുതാര്യതാ വിപ്ലവമെന്നാണ്. അത് സത്യമാണു താനും. കൂടെ മറ്റൊരു കാര്യം കൂടി അദ്ദേഹം കൂട്ടിച്ചേർത്തു- ഈ വിപ്ലവത്തിന് രാജ്യത്തെ രാഷ്ട്രീയക്കാരും ബിസിനസ്സുകാരും പത്രപ്രവർത്തകരും സായുധസേനകളുമൊന്നും ഒരുങ്ങിയിട്ടില്ലെന്നും.


ഒരുക്കക്കുറവിന്റെ കാര്യമെടുത്താൽ ഒന്നാം സ്ഥാനത്ത് വരുന്നത് മതമേഖലയായിരിക്കും. അത് തുറന്നിടുന്നത് അപായകരമായ അപകടസാധ്യതകളിലേക്കും ആയിരിക്കും. കനിമൊഴിയുടെയും കൽമാഡിയുടെയും രാജായുടെയും കാര്യമെടുത്താൽ അവർ വ്യക്തികളായിരുന്നു. ജയിലിലടച്ചു ശിക്ഷിക്കുന്നതോടെ പ്രശ്നപരിഹാരമാകും. എന്നാൽ മതമേഖലയുടെ പൊതു സ്ഥാപനങ്ങളുടെ കാര്യത്തിലായാലോ? എന്തായിരിക്കും പോംവഴി? എന്തായിരിക്കും പരിണതഫലം? അതിനാൽ സഭാസമൂഹവും നേതൃത്വവും ഒരുങ്ങിയിരിക്കുക-സുതാര്യതാ വിപ്ലവം വരുന്നു! ■

www.malankaralibrary.com

ഇപ്പോൾ വില്പനയിൽ

# വൈദികരുടെ വചനപ്രഘോഷണത്തിന് അത്യുത്തമ സഹായി




ലത്തീൻ കലണ്ടർ അനുസരിച്ചുള്ള ഞായറാഴ്ച പ്രസംഗങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥങ്ങൾ (Year A, Part -I & Year A, Part -II). ആഗമനകാലം മുതൽ ആണ്ടുവട്ടത്തിലെ അവസാന ഞായറാഴ്ച വരെയുള്ള സുവിശേഷഭാഗങ്ങളുടെ വ്യാഖ്യാനവും പ്രസംഗവുമാണ് ഇതിന്റെ ഉള്ളടക്കം.

**Special Discount 40%**

ജൂലൈ 15 വരെ ബുക്ക് ചെയ്യുന്നവർക്ക്

കോപ്പികൾക്ക് ബന്ധപ്പെടുക:

ഫാ. തോമസ് കുഴിയടിച്ചിറ @ 9495439106

ഷിബു ജോൺ @ 9745215467

www.malankaralibrary.com
June 2011 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment

'പ്രാർത്ഥനയുടെ ഏറ്റവും നല്ല ആത്മീയ ഗ്രന്ഥം'

# നസ്രായന്റെ കൂടെ

**പരിഷ്കരിച്ച 4-ാം പതിപ്പ്**
**ഇപ്പോൾ വിപണിയിൽ**




₹ 100

**Special Discount**
**40%**

**ജൂലൈ 15 വരെ ബുക്ക് ചെയ്യുന്നവർക്ക്**

കോപ്പികൾക്ക് ബന്ധപ്പെടുക:
**ഫാ. തോമസ് കുഴിയടിച്ചിറ @ 9495439106**

Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil